# 2015–16

### 3.1 പരാതികളിൽ സ്വീകരിച്ച നടപടികൾ

ഒരു പരാതി ലഭിച്ചാൽ, കമ്മീഷൻ പ്രസ്തുത പരാതി പരിശോധിക്കുകയും ആയതിന്മേൽ കമ്മീഷൻ തലത്തിൽ തുടർ നടപടികൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. കമ്മീഷന്റെ ഇടപെടൽ ആവശ്യമുണ്ടെന്ന് കണ്ടാൽ പരാതി സംഗതിയിൻമേൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തിന്റെ/വ്യക്തിയുടെ അഭിപ്രായമോ റിപ്പോർട്ടോ തേടുന്നു. പ്രസ്തുത പരാതിയ്ക്ക് പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാനത്തിനോ വ്യക്തിക്കോ നിർദേശങ്ങൾ നൽകേണ്ടതുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ ഉചിതമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് പരാതിക്കാരനെയും ബന്ധപ്പെട്ട അധികാര സ്ഥാനത്തെയും ബാധിക്കാനിടയുള്ള വ്യക്തികളെയും നേരിൽ കേൾക്കുകയും ഇതുമായി ബന്ധപ്പെട്ട സർവ്വരേഖകളും റിക്കാർഡുകളും, റിപ്പോർട്ടുകളും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ കമ്മീഷന് യുക്തമെന്ന് തോന്നുന്ന പക്ഷം ഒരു പരാതി സംഗതിയിൽ കമ്മീഷൻ സ്ഥലസന്ദർശനം നടത്തി വിവരങ്ങൾ നേരിട്ട് മനസ്സിലാക്കുകയും ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

### 3.1.1. എം.സി.ഒ.പി 137/2014– തിരുവനന്തപുരം ജില്ല–സുനാമി ദുരിതാശ്വാസ പദ്ധതി പ്രകാരം ലിസ്റ്റിൽ പേരുണ്ടായിട്ടും വീട് ലഭിച്ചില്ല.

സുനാമി ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിയിൽ വീട് അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റിൽ 15–ാം നമ്പറായി ഉൾപ്പെടുകയും വീടിന്റെ താക്കോൽദാന സമയത്ത് സ്ഥലത്തില്ലാതിരുന്നതിനാൽ വീട് നിഷേധിക്കപ്പെടുകയും ചെയ്തുവെന്നാരോപിച്ച് ശ്രീമതി സുഹറാബീവി അസീസ്, ടി.സി 45/791, ബീമാപ്പള്ളി, തിരുവനന്തപുരം–8 കമ്മീഷന് നൽകിയ പരാതിയിൽ ജില്ലാ കളക്ടറിൽനിന്നും തഹസിൽദാറിൽനിന്നും തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും കമ്മീഷൻ റിപ്പോർട്ടുകൾ വരുത്തി പരിശോധിക്കുകയും ബന്ധപ്പെട്ട കക്ഷികളെ നേരിട്ട് വിചാരണ ചെയ്യുകയും ചെയ്തു.

കമ്മീഷൻ പരിശോധിച്ചതിൽ, വീടിന് തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ രണ്ട് ലിസ്റ്റുകളിലും പരാതിക്കാരി ഉൾപ്പെട്ടിരുന്നുവെന്നും പിന്നീട് വിവേചനം കാണിച്ച് പരാതിക്കാരിയെ ഒഴിവാക്കിയതായും പരാതിക്കാരിക്ക് നേരത്തെ പ്രസ്തുത തീരദേശത്ത് സ്ഥലവും വീടും ഉണ്ടായിരുന്നതായും സുനാമിയിൽ ഇത് നഷ്ടപ്പെട്ടതായും ആയതിനാൽ സുനാമിയിൽ വീട് നഷ്ടപ്പെട്ടവർക്ക് നിർമിച്ച് നൽകുന്ന വീടിന് പരാതിക്കാരി അർഹയാണെന്നും കമ്മീഷന് ബോധ്യപ്പെട്ടു. പരാതിക്കാരിക്ക് സുനാമി പദ്ധതി പ്രകാരമുള്ള വീട് പ്രസ്തുത പ്രദേശത്ത് തന്നെ നൽകണമെന്ന് കമ്മീഷൻ ഗവൺമെന്റിനോട് ശുപാർശ ചെയ്തു. ഇതിന് സാധിച്ചില്ലെങ്കിൽ മറ്റേതെങ്കിലും സർക്കാർ പദ്ധതിയിലുൾപ്പെടുത്തി പരാതിക്കാരിക്ക് സ്ഥലവും വീടും അനുവദിക്കാനും കമ്മീഷൻ നിർദേശിച്ചു.

### 3.1.2. എം.സി.ഒ.പി. നമ്പർ 271/2014– ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിലേയ്ക്കുളള പി.എസ്.സി നിയമനം നടത്തുന്നത് സംബന്ധിച്ച്.

07.07.2011 ന് നിലവിൽ വന്ന മലപ്പുറം ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു.പി.എസ്) തസ്തികയിലെ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാമമാത്രമായ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ നിയമനം നൽകിയിട്ടുള്ളൂവെന്നും കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യണം എന്നും നിലവിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി വർധിപ്പിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും കൂടുതൽ പേരെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നൽകിയ പരാതി(എം.സി.ഒ.പി നം. 271/2014) കമ്മീഷൻ പരിഗണിച്ചു. പ്രസ്തുത കേസിൽ ബന്ധപ്പെട്ടവരിൽനിന്നുള്ള റിപ്പോർട്ട് പരിശോധിക്കുകയും കക്ഷികളെ നേരിട്ട് കേൾക്കുകയും ചെയ്തു. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളിൽ ഭൂരിഭാഗവും പ്രായപരിധി കഴിഞ്ഞവരാണെന്നും, ഇനി ഒരു മത്സരപരീക്ഷ എഴുതാൻ കഴിയാത്തവരാണെന്നും കമ്മീഷന് ബോധ്യപ്പെട്ടു. എൻ.സി.എ പ്രകാരം 27 ഒഴിവുകൾ സംവരണ വിഭാഗത്തിൽ മാറ്റിവെച്ചിട്ടുണ്ടെന്നും ഇതിൽ സംവരണ സമുദായത്തിൽപെട്ട ഉദ്യോഗാർഥികൾ ഇല്ലെന്നും ആ ഇനത്തിൽ ഉള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുവെന്നും പി.എസ്.സി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ വീഴ്ച വന്നതിനാലാണ് റാങ്ക് ലിസ്റ്റിൽനിന്നും അർഹരായ ഉദ്യോഗാർഥികൾക്ക് നിയമനം ലഭിയ്ക്കാതെ വന്നതെന്ന് ബോധ്യമായ കമ്മീഷൻ ഒഴിവുകൾ 10 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാൻ ഉത്തരവിട്ടു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുകയും കൂടുതൽ ഉദ്യോഗാർഥികൾക്ക്നിയമനം നൽകുകയും ഉണ്ടായി.

**3.1.3 എം.സി.ഒ.പി 456/2014, 457/2014– വീടിന് മുന്നിലെ വെള്ളക്കെട്ട് ഒഴിവാക്കണമെന്നും അതു വഴിയുള്ള റോഡ് പണി നടത്തുമ്പോൾ ഓട നിർമ്മിക്കണമെന്നും ഉള്ള പരാതി.**

ശ്രീമതി സൗദാബീവി, പുത്തൻവീട്, പനയാർ, മാന്തർക്കോണം പി.ഒ, തിരുവനന്തപുരം അശാസ്ത്രീയമായ രീതിയിൽ റോഡുപണി നടത്തിയതുമൂലം തന്റെ വീടിനുമുന്നിലുണ്ടായ വെള്ളക്കെട്ട് ഒഴിവാക്കുന്നത് സംബന്ധിച്ചും അതുവഴിയുള്ള റോഡ് പണി നടത്തുമ്പോൾ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓടകൂടി നിർമിക്കണമെന്ന് അപേക്ഷിച്ചും കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതിയിന്മേൽ കമ്മീഷൻ ഹർജിക്കാരിയേയും എതിർകക്ഷികളെയും വിചാരണ ചെയ്യുകയും നേരിട്ട് സ്ഥലം സന്ദർശിക്കുകയും ചെയ്തു. വാളൻകുഴി ആദിവാസി സെറ്റിൽമെന്റിന് സമീപമുള്ള ടി റോഡിൽ ഓട നിർമിക്കുന്നതിന് അനുമതിക്കായി വനാവകാശ നിയമപ്രകാരം വേണ്ട നടപടി സ്വീകരിക്കാൻ നന്ദിയോട് പഞ്ചായത്ത് സെക്രട്ടറിയോട് കമ്മീഷൻ നിർദേശിച്ചു. കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ വീടിന് മുമ്പിലെ വെള്ളക്കെട്ട് സംബന്ധിച്ച് ശാശ്വതപരിഹാരം കണ്ടു.

**3.1.4.എം.സി.ഒ.പി. നമ്പർ 12/2014 – റവന്യൂ അധികൃതരുടെ ബോധപൂർവമായ വീഴ്ചകൊണ്ട് മൗലാനാ ആസാദ് ഫൗണ്ടേഷന്റെ ഗ്രാന്റ് നഷ്ടപ്പെട്ടുവെന്ന പരാതി.**

റവന്യൂ അധികൃതരുടെ അനാസ്ഥ കാരണം ഡൽഹി മൗലാനാ ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷനിൽനിന്ന് ലഭിയ്ക്കേണ്ടിയിരുന്ന ഗ്രാന്റ് നഷ്ടപ്പെട്ടുവെന്ന് കാണിച്ച് പരപ്പൻ പൊയിൽ നുസ്റത്തുൽ മുഹ്താജീൻ സംഘം നടത്തുന്ന എൻ.ഐ.ആർ ഹൈസ്കൂൾ അധികൃതർ കമ്മീഷന് പരാതി സമർപ്പിച്ചു(എം.സി.ഒ.പി നമ്പർ 12/2014). ഗ്രാന്റ് അനുവദിക്കുന്നതിന് സർക്കാരിന് സമർപ്പിക്കേണ്ടിയിരുന്ന അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കുന്നതിനായി നോൺ അഗ്രികൾച്ചറൽ ലാന്റ് സർട്ടിഫിക്കറ്റിന് കോഴിക്കോട് ആർ.ഡി.ഒക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും അകാരണമായി അധികൃതർ കാലതാമസം വരുത്തുകയും അതുകാരണം ഡൽഹി മൗലാനാ ആസാദ് വിദ്യാഭ്യാസ ഫൗണ്ടേഷനിൽനിന്നും ലഭിയ്ക്കേണ്ടിയിരുന്ന ഗ്രാന്റ് നഷ്ടപ്പെട്ടുവെന്നുമാണ് പരാതിക്കാരന്റെ ആക്ഷേപം.

പരാതി പരിഗണിച്ച കമ്മീഷൻ ബന്ധപ്പെട്ടവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു. ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ കൃഷിവകുപ്പ് ആഫീസർ, മറ്റു അനുബന്ധ ഉദ്യോഗസ്ഥർ എന്നിവരെ കമ്മീഷൻ വിസ്തരിച്ചു. പരാതിക്കാരൻ നോൺ അഗ്രികൾച്ചറൽ ലാന്റ് സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിയ്ക്കുകയും അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടൈപ്പ് ചെയ്ത് അയച്ചപ്പോൾ സർവേ നമ്പർ തെറ്റായി ചേർത്തുവെന്നും ഇതു കണ്ടെത്താൻ വൈകിപ്പോയി എന്നുമാണ് ഉദ്യോഗസ്ഥർ നൽകിയ വിശദീകരണം. തെറ്റ് കണ്ടെത്തിയ അപേക്ഷകൻ സ്ഥലത്തിന്റെ ഫോട്ടോയും വീഡിയോയും ആവശ്യപ്പെട്ട പ്രകാരം നൽകിയെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് അപേക്ഷ നിരസിക്കുകയും ഇതിനായി നിരവധി തവണ വിവിധ ആഫീസുകൾ കയറിയിറങ്ങിയെന്നും അപേക്ഷകൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

പരാതിക്കാരന്റെ സ്കൂളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് അർഹമായ ഗ്രാന്റ് ലഭിയ്ക്കുന്നതിന് വേണ്ടിയാണ് കർഷകേതര ഭൂമിയാണെന്ന സർട്ടിഫിക്കറ്റിന് റവന്യൂ അധികൃതരെ സമീപിച്ചതെന്നും, നൂറുകണക്കിന് വിദ്യാർഥികൾ പഠിയ്ക്കുന്നതും പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത സ്കൂളിന് ഗ്രാന്റ് ലഭ്യമാക്കുന്നതിന് നിയമപരമായ എല്ലാ സഹായവും ചെയ്ത് കൊടുക്കാൻ ബാധ്യസ്ഥരായ റവന്യൂ അധികാരികൾ, തികച്ചും ലാഘവബുദ്ധിയോടെ വിഷയം കൈകാര്യം ചെയ്തതിനാൽ അർഹതപ്പെട്ട ഗ്രാന്റ് സ്കൂളിന് നഷ്ടപ്പെട്ടുവെന്ന് കമ്മീഷന് ബോധ്യമായി.

ആയതിനാൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് 2014, സെക്ഷൻ 9 വകുപ്പ് പ്രകാരം കമ്മീഷന് സിദ്ധിച്ചിട്ടുള്ള അധികാരമുപയോഗിച്ചുകൊണ്ട്, പരാതിക്കാരന് സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാൻ ശുപാർശ ചെയ്യുകയും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുന്നതിന് ജില്ലാ കളക്ടർ ജാഗ്രത പുലർത്തേണ്ടതാണെന്ന് നിർദേശവും നൽകി.

**3.1.5 എം.സി.ഒ.പി 288/2014–തിരുവനന്തപുരം ജില്ല–ട്രാൻസ്ഫർ നൽകുന്നതിൽ സീനിയോറിറ്റി ലംഘിച്ചു.**

ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റിൽ ഓഫിസ് അറ്റൻഡറായ തന്റെ മകന് അർഹമായ ട്രാൻസ്ഫറും പോസ്റ്റിങ്ങും ലഭിച്ചില്ലെന്നു കാണിച്ച് പിതാവായ ശ്രീ അയ്യൂബ് കമ്മീഷന് പരാതി നൽകി. കൊല്ലത്ത് കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ ജോലി ചെയ്യുന്ന ഫിർദൗസിനെ തിരുവനന്തപുരത്തെ ഓഫീസിൽ ഒഴിവുവന്ന ഓഫീസ് അറ്റൻൻഡന്റിന്റെ തസ്തികയിലേക്ക് മാറ്റുന്നതിന് അപേക്ഷ നൽകിയെങ്കിലും ആയത് പരിഗണിക്കാതെ ടിയാനേക്കാൾ ജൂനിയറായ മറ്റൊരാൾക്കാണ് നിയമനം നൽകിയത്. കമ്മീഷൻ ഇരു കക്ഷികളിൽനിന്നും വാദം കേൾക്കുകയും രേഖകൾ പരിശോധി ക്കുകയും ചെയ്തു. ഹർജിക്കാരന്റെ മകൻ ട്രാൻസ്ഫറിന്

അപേക്ഷ നൽകിയ ശേഷം ടിയാനേക്കാൾ ജൂനിയറായ മറ്റൊരാൾക്കാണ് തിരുവനന്തപുരത്തെ ഓഫീസിൽ നിയമനം നൽകിയതെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ സമ്മതിക്കുകയുണ്ടായി. തുടർന്നു വരുന്ന ഒഴിവ് ഹർജിക്കാരന്റെ മകന് നൽകാമെന്നും ഡയറക്ടർ ബോധിപ്പിച്ചു. ഹർജിക്കാരന്റെ മകന് എത്രയും പെട്ടെന്ന് തിരുവനന്തപുരം ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിയമനം നൽകണമെന്നും ഭാവിയിൽ ഇത്തരം വിവേചനം ആവർത്തിക്കരുതെന്നും കമ്മീഷൻ ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് ഡയറക്ടറോട് നിർദേശിച്ചു.

**3.1.6. എം.സി.ഒ.പി. നമ്പർ 410/2014–ഫോട്ടോയിൽ പേര് വച്ചില്ലെന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്ന പരാതി**

കെ.എസ്.ഇ.ബി ഇലക്ട്രിസിറ്റി വർക്കർ(മസ്ദൂർ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ പിന്നീട് ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയില്ല എന്ന കാരണത്താൽ റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി ഒഴിവാക്കി എന്ന് ശ്രീ. അൻവർ അലിയുടെ പരാതി(എം.സി.ഒ.പി നം. 410/2014) കമ്മീഷൻ സ്വീകരിക്കുകയും ബന്ധപ്പെട്ടവരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. കമ്പ്യൂട്ടർ പരിജ്ഞാനം ഇല്ലാത്തതിനാൽ അപേക്ഷകന് വേണ്ടി മറ്റൊരാൾ അപേക്ഷ അപ്‌ലോഡ് ചെയ്തപ്പോൾ സംഭവിച്ച പിഴവാണെന്നും പ്രായപരിധി കഴിഞ്ഞതിനാൽ ഇനിയൊരു പരീക്ഷ അപേക്ഷകന് എഴുതാൻ കഴിയില്ലെന്നും, മാത്രമല്ല എഴുത്തു പരീക്ഷയും കായിക പരീക്ഷയും കഴിഞ്ഞ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശേഷമാണ് അധികൃതർ അപേക്ഷ നിരസിയ്ക്കുകയും ചെയ്തതെന്നും കമ്മീഷന് ബോധ്യമായി.

പ്രായപരിധി കഴിഞ്ഞ വ്യക്തി എന്നതിനാലും ഓൺലൈൻ രജിസ്ട്രേഷൻ വിവരങ്ങൾ തിരുത്തുന്നതിന് 45 ദിവസം പി.എസ്.സി തന്നെ അനുവദിയ്ക്കുന്നതിനാലും അപേക്ഷകന്റെ വിഷയം ഒരു പ്രത്യേക പരിഗണന നൽകി നിയമനത്തിന് പരിഗണിക്കണമെന്ന് കമ്മീഷൻ പബ്ലിക് സർവ്വീസ് കമ്മീഷന് ശുപാർശ നൽകി.

**3.1.7. എം.സി.ഒ.പി 127/2014–എറണാകുളം കരുമാലൂർ ജുമാമസ്ജിദ് ഖബർസ്ഥാൻ നിർമാണാനുമതി.**

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കരുമാലൂർ ജുമാമസ്ജിദിന് ശ്മശാനം സ്ഥാപിക്കുന്നതിന് അനുമതി തേടിക്കൊണ്ട് മസ്ജിദ് അധികൃതർ ജില്ലാ മെഡിക്കൽ ആഫീസറുടെ അനുകൂല റിപ്പോർട്ട് പ്രകാരം ജില്ലാ കളക്ടർക്ക് നൽകിയിട്ടും അനുമതി ലഭിയ്ക്കാത്തതിനാൽ മസ്ജിദ് അധികൃതർ ന്യൂനപക്ഷ കമ്മീഷന് പരാതി സമർപ്പിച്ചു.

പരാതിക്കാരന്റെ മൊഴി പ്രകാരം കരുമാലൂർ പഞ്ചായത്തിലെ നൂറുൽ ഈമാൻ ജുമാമസ്ജിദിൽ 50 വർഷമായി ആരാധന നടത്തി വരുന്നതായും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മഹല്ലിൽ ആരെങ്കിലും മരണപ്പെട്ടാൽ മൃതദേഹം 6 കി.മീ അകലെ ആലങ്ങാട് പഞ്ചായത്തിലെ ആലങ്ങാട് മസ്ജിദ് ശ്മശാനത്തിൽ മറവു ചെയ്യണമെന്നും ഇത് പ്രദേശവാസികൾക്ക് പ്രയാസം സൃഷ്ടിക്കുന്നത് കൊണ്ട് നൂറുൽ ഈമാൻ പള്ളിയുമായി ചേർന്നുള്ള 71 സെന്റ് സ്ഥലത്തിൽ 3 സെന്റ് സ്ഥലത്ത് കോൺക്രീറ്റ് കല്ലറ നിർമിക്കാൻ പഞ്ചായത്തിനെ സമീപിക്കുകയും ആയതിന് പഞ്ചായത്ത് അനുമതി നൽകുകയും ജില്ലാ മെഡിക്കൽ ആഫീസറുടെ ശുപാർശയോടെ എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുവെന്നും, എന്നാൽ ജില്ലാ കളക്ടർ ഇല്ലാത്ത ക്രമസമാധാനം പറഞ്ഞ് ഹിയറിംഗ് പോലും നടത്താതെ അനുമതി നിഷേധിച്ചുവെന്നുമാണ് അപേക്ഷകൻ ബോധിപ്പിച്ചത്. ഇതിനെതിരെ സർക്കാരിൽ അപ്പീൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെയായി യാതൊരു തീരുമാനവും കൈക്കൊണ്ടി ട്ടില്ലെന്നും അപേക്ഷകൻ മൊഴി നൽകി.

റവന്യൂ, പഞ്ചായത്ത് അധികാരികളിൽനിന്നും റിപ്പോർട്ട് വരുത്തി കമ്മീഷൻ പരിശോധിച്ചു. കൂടാതെ പ്രസ്തുത ശ്മശാനത്തിന്റെ പരിസരവാസികളെ കമ്മീഷൻ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തി. പോലീസ് അധികാരികളിൽനിന്നും കമ്മീഷൻ മൊഴി എടുക്കുകയും കമ്മീഷൻ നേരിട്ട് സ്ഥല സന്ദർശനം നടത്തുകയും ചെയ്തു. ശ്മശാനത്തിന്റെ പരിസരവാസികൾക്ക് പ്രസ്തുത ശ്മശാനം വരുന്നതിൽ എതിർപ്പുകൾ ഒന്നും ഇല്ലെന്നും കോൺക്രീറ്റ് ശ്മശാനം ആയതിനാൽ ജലമലിനീകരണമോ മറ്റു ആരോഗ്യ പ്രശ്നങ്ങളോ ഒന്നും ഉണ്ടാകുന്നില്ലെന്നും മൊഴി നൽകി. മാത്രമല്ല, ക്രമസമാധാന വിഷയം കൈകാര്യം ചെയ്യാൻ പ്രതിജ്ഞാബദ്ധരാണെന്ന് പോലിസ് മൊഴി നൽകി.

മേൽ വിഷയം പരിഗണിച്ച കമ്മീഷൻ, ശ്മശാനം നിശ്ചിത ദൂരപരിധി പാലിച്ചിട്ടുണ്ടെന്നും, മലിനീകരണ പ്രശ്നമുണ്ടാവില്ലെന്നും നിയമപ്രകാരം ശ്മശാനം നിർമിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2014ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9(എച്ച്), (ഐ) വകുപ്പുകൾ പ്രകാരം ടി ശ്മശാനം കോൺക്രീറ്റ് ശ്മശാനമായി നിർമിക്കുന്നതിന് ഭരണകൂടത്തിന് മുമ്പിലുള്ള പ്ലാൻ അനുസരിച്ച് അനുമതി നൽകുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തു.

**1.2. കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിച്ച കേസുകൾ**

**3.2.1. ദളിത് ക്രൈസ്തവരെപ്പറ്റി പഠിക്കുന്ന ഗവേഷകന് ഗ്രാന്റ് നിഷേധിച്ചത് സംബന്ധിച്ച്.**

ദളിത് ക്രൈസ്തവരുടെ പ്രാർത്ഥനാ ജീവിതത്തെപ്പറ്റി ഗവേഷണം നടത്തുന്ന അധ്യാപകന് മഹാത്മാഗാന്ധി സർവ്വകലാശാല ഗ്രാന്റ് നിഷേധിച്ചു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ കേസ് എടുത്തു. ദളിത് ക്രൈസ്തവരുടെ പ്രാർഥനാ ജീവിതത്തെപ്പറ്റി പഠിക്കുന്നത് മതപരിവർത്തനം നടത്താനാണെന്ന വികലമായ കണ്ടുപിടുത്തമാണ് സർവ്വകലാശാലയിലെ ചില ഉദ്യോഗസ്ഥരുടെതെന്നും, അതിനാൽ ഗവേഷകന് ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇവർ ബോധപൂർവം തടഞ്ഞുവച്ചിരിക്കുകയാണെന്നുമാണ് ആക്ഷേപം ഉന്നയിച്ചിരുന്നത്. കമ്മീഷൻ ഇതിന്മേൽ എം.ജി. സർവ്വകലാശാല അധികൃതരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു.

എം.ജി. സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സനൽ മോഹന് ന്യൂയോർക്കിലെ വിഖ്യാതമായ സോഷ്യൽ സയൻസ് റിസർച്ച് കൗൺസിലാണ് ഗവേഷണത്തിനുള്ള ഗ്രാന്റ് നൽകുന്നതെന്നും ലോകത്തിലെ പ്രശസ്തമായ അക്കാദമിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കൗൺസിൽ നടത്തുന്ന മതം പൊതു മണ്ഡലത്തിൽ എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമാണിതെന്നും കമ്മീഷന് ബോധ്യപ്പെട്ടു. ന്യൂയോർക്കിലെ സ്ഥാപനം ഗഡുക്കളായി സർവ്വകലാശാല മുഖേനയാണ് ഗവേഷകന് പണം നൽകുന്നത്. എന്നാൽ രണ്ടാം ഗഡു കൈമാറുന്നത് മുതൽ അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഗവേഷകന് സർവകലാശാല ഗ്രാന്റ് നിഷേധിച്ചു. സ്ഥാപനത്തിന്റെ വിശ്വാസ്യത ഹാജരാക്കിയില്ല; സ്ഥാപനവുമായി സർവ്വകലാശാലാ രജിസ്ട്രാർ കരാർ ഉണ്ടാക്കിയിട്ടില്ല എന്ന യൂണിവേഴ്സിറ്റിയുടെ നിലപാട് കമ്മീഷൻ അംഗീകരിച്ചില്ല. നിയമപ്രകാരം എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയശേഷമാണ് യൂണിവേഴ്സിറ്റി അധികൃതർ ഗവേഷകനെ പ്രസ്തുത വിഷയത്തിൽ ഗവേഷണം നടത്താൻ അനുവദിച്ചതും, ഗ്രാന്റ് നൽകിയതും. ഗവേഷണത്തിന് അനുമതി നൽകിയശേഷമുള്ള നിബന്ധനകൾ നിലനിൽക്കുന്നതല്ല. അതിനാൽ ഗവേഷകന് അർഹതപ്പെട്ട ഗ്രാന്റ് എത്രയും വേഗം നൽകാൻ കമ്മീഷൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവേഷകന് യൂണിവേഴ്സിറ്റി ഗ്രാന്റ് നൽകുകയുണ്ടായി.

**3.2.2. പിഞ്ചുമക്കളെ തട്ടിക്കൊണ്ടുപോയെന്ന പരാതി സംബന്ധിച്ച്.**

സ്വന്തമായി ഭവനമോ ഒരു തൊഴിലോ ഇല്ലാതെ തെരുവിൽ അന്തിയുറങ്ങുകയായിരുന്ന അനീഷിന്റെയും ജാസ്മിന്റെയും മക്കളായ അൻസിലിനേയും മാഹീനേയും രണ്ട് വർഷങ്ങൾക്ക് മുമ്പ് ആരോ തട്ടിക്കൊണ്ടുപോയെന്നും മക്കളെക്കുറിച്ച് യാതൊരു വിവരവും ഇല്ലാതെ മാതാപിതാക്കൾ തെരുവിൽ അലയുന്നു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്തു. ജില്ലാ പോലിസ് മേധാവിയിൽനിന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ക്രസന്റ് അനാഥാലയത്തിൽ പഠിച്ചിരുന്ന കുട്ടികൾ അവിടെനിന്നും വിട്ടുപോകുകയും പിന്നീട് തിരിച്ചെത്തിയിട്ടില്ലാത്തതും, ടി കുട്ടികൾ തെരുവിൽ അലഞ്ഞ് തിരിയവേ പോലിസ് കസ്റ്റഡിയിൽ എടുത്ത് നൂറനാട് ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുകയും പിന്നീട് കുട്ടികളെ മായിത്തറ ചിൽഡ്രൻസ് ഹോമിൽ ചേർക്കുകയും ചെയ്തിട്ടുള്ളതായി വെളിവായി. കമ്മീഷൻ പ്രസ്തുത കേസിൽ നടത്തിയ ഇടപെടൽ മൂലം മാതാപിതാക്കൾക്ക് വർഷങ്ങളായി യാതൊരു വിവരവും ലഭ്യമല്ലാതിരുന്ന കുട്ടികളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയും കുട്ടികളെ തിരികെ ലഭിയ്ക്കുകയും ചെയ്തു.

**3.2.3. കൊച്ചിയിൽ യാത്രാബോട്ട് മുങ്ങി പത്തുപേർ മരണമടഞ്ഞത് സംബന്ധിച്ച്.**

ഫോർട്ട് കൊച്ചിയിൽ മീൻപിടുത്ത ബോട്ടിടിച്ച് യാത്രാബോട്ട് മറിയുകയും 10 പേർ മരണപ്പെടുകയും നിരവധി പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്ത സംഭവത്തിൽ അപകടത്തിൽ പ്പെട്ടവർക്ക് സമാശ്വാസവും നഷ്ടപരിഹാരവും നൽകുന്നത് സംബന്ധിച്ച് കമ്മീഷൻ സ്വമേധയാ കേസ് എടുത്തിരുന്നു(എം.സി.ഒ.പി നം. 375/2015). കമ്മീഷൻ ബോട്ടപകടം നടന്ന സ്ഥലവും മരണമടഞ്ഞവരുടെ വീടുകളും അപകടത്തിൽപ്പെട്ടവരേയും സന്ദർശിച്ചു. സംഭവം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ജലഗതാഗത വകുപ്പ്, പോർട്ട് അതോറിറ്റി, നഗരസഭ, പോലിസ് എന്നിവരിൽനിന്നും കമ്മീഷൻ ആവശ്യപ്പെട്ടു. അപകടത്തിൽപെട്ട ബോട്ട് നാൽപത് വർഷം പഴക്കമുള്ളതാണെന്നും കാലാനുസൃതമായ അറ്റകുറ്റപണികൾ നടത്തിയിരുന്നില്ലെന്നും കൂടാതെ കൗണ്ടറിൽനിന്നും ടിക്കറ്റ് എടുത്തതിനേക്കാൾ കൂടുതൽ പേർ ബോട്ടിൽ തിങ്ങികയറിയതും അപകടത്തിന് കാരണമായെന്നും കൂടാതെ മത്സ്യബന്ധന ബോട്ടിൽ ഉണ്ടായിരുന്ന ഡീസൽ വെള്ളത്തിൽ കലർന്നത് അപകടത്തിൽപ്പെട്ടവരുടെ അപകടനില കൂടുതൽ രൂക്ഷമാക്കിയെന്നും കമ്മീഷന് ബോധ്യമായി. തുടർന്ന്, അപകടത്തിൽപെട്ടവർക്ക് വേണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉടൻ നൽകണമെന്നും, യാത്രാബോട്ടുകൾ കാലാനുസൃതമായ അറ്റകുറ്റപ്പണികൾ നടത്തി യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ അധികൃതർ സ്വീകരിക്കണമെന്നും കമ്മീഷൻ നിർദേശം നൽകി.

**3.2.4. അലിഗഡ് സർവകലാശാലയിലെ എം.ബി.ബി.എസ്, ബി.ഡി.എസ് പരീക്ഷ റദ്ദാക്കിയത് സംബന്ധിച്ച്.**

അലിഗഡ് സർവ്വകലാശാല നടത്തിയ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശന പരീക്ഷകൾ റദ്ദാക്കിയത് സംബന്ധിച്ച പത്രവാർത്തയെ തുടർന്ന് ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ കേസ് എടുത്തു. സർവകലാശാല അധികൃതർ കോഴിക്കോട് ഫാറൂഖ് കോളജിൽ നടത്തിയ പരീക്ഷയിൽ ക്രമക്കേട് നടത്തി എന്നാരോപണം ഉന്നയിച്ചായിരുന്നു പരീക്ഷ റദ്ദ് ചെയ്തത്. ഇത് സംബന്ധിച്ച് കേന്ദ്ര മാനവശേഷിവികസന വകുപ്പിനോട് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു. നേരത്തെ കേരളത്തിലെ പരീക്ഷാ കേന്ദ്രമായ ഫാറൂഖ് കോളജിൽ പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ വന്ന 30 പേരുടെ പരീക്ഷാ ഫലം തടഞ്ഞുവച്ചിരുന്നു. ഇപ്പോൾ പരീക്ഷ തന്നെ റദ്ദാക്കിയിരിക്കുന്നത് തികച്ചും അന്യായമാണെന്ന് കമ്മീഷന് ബോധ്യമായി. കൂടുതൽ പേർ യോഗ്യത നേടിയെന്ന തൊടുന്യായം കമ്മീഷൻ മുഖവിലക്കെടുത്തില്ല. കേരളത്തിൽനിന്നും കൂടുതൽ പേർ യോഗ്യത നേടിയെന്ന കാരണം ഒരപരാധം പോലെ കണക്കാക്കുന്നത് ശരിയല്ലെന്നും കമ്മീഷൻ വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി നിലപാടിൽ പിന്നീട് മാറ്റം വരുത്തി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്തു.

## 2016–2017

### 3.1.1 പിന്നോക്ക ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി അഡ്മിഷന് സംവരണം ഉറപ്പാക്കുന്നത് സംബന്ധിച്ച്.

ഹയർ സെക്കന്ററി വിദ്യാർഥികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് പിന്നോക്ക ന്യൂനപക്ഷ വിഭാഗത്തിനായി എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ സംവരണം ചെയ്തിട്ടുള്ള കമ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനരീതി നിലവിൽ പലർക്കും അർഹമായ അവകാശം നിഷേധിക്കുന്ന രീതിയിലാണ് നടക്കുന്നതെന്ന് പരാതിപ്പെട്ട് കമ്മീഷനിൽ അപേക്ഷ ലഭിച്ചു. ഏകജാലക സംവിധാനത്തിലെ അവസാന അലോട്ട്മെന്റിനോടനുബന്ധിച്ച് ഡയറക്ടറേറ്റിൽനിന്നും നൽകുന്ന ലിങ്കിലൂടെ ഓരോ സ്കൂളിൽ നിന്നുമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലാണ് കമ്യൂണിറ്റി റാങ്ക്ലിസ്റ്റ് ജനറേറ്റ് ചെയ്യപ്പെടുന്നത്. എന്നാൽ ചില മാനേജ്മെന്റുകളോ ജീവനക്കാരോ അവരുടെ താൽപര്യത്തിനനുസരിച്ച് ഇതിനെ ദുരുപയോഗം ചെയ്യുന്നുണ്ട്. അവസാന ജനറൽ അലോട്ട്മെന്റിൽ താൽപര്യാനുസരണമുള്ള സ്കൂളോ കോഴ്സോ ലഭിക്കാത്ത വിദ്യാർഥി കമ്മൂണിറ്റി ക്വാട്ടയിൽ ലഭിക്കുന്ന സ്കൂളോ കോഴ്സോ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇത് ജനറൽ സീറ്റിൽ ധാരാളം ഒഴിവുകളുണ്ടാക്കുന്നു. ഇതിലേക്ക് ക്ലാസ്/സ്കൂൾ ട്രാൻസ്ഫർ വഴി അഡ്മിഷൻ നടത്തുകയും ശേഷിക്കുന്ന സീറ്റിലേക്ക് അപേക്ഷ പുതുക്കി വാങ്ങിയുമാണ് പ്രവേശനം നടത്തുന്നത്. ഈ പ്രക്രിയയിൽ കമ്യൂണിറ്റി അഡ്മിഷൻ വാങ്ങിയ കുട്ടികൾ പരിഗണിക്കപ്പെടുന്നില്ല. കമ്യൂണിറ്റി സീറ്റിൽ പ്രവേശനം ലഭിച്ചതോടെ ഏകജാലകത്തിൽനിന്ന് അവർ ഒഴിവാക്കപ്പെടുന്നതാണ് ഇതിന് കാരണമാകുന്നത്. താരതമ്യേന മെച്ചപ്പെട്ട സ്കൂളോ കോഴ്സോ ആഗ്രഹിച്ച കുട്ടിക്ക് ഇത്തരത്തിൽ സീറ്റ് നിഷേധിക്കുമ്പോൾ തന്നെക്കാൾ മാർക്ക് കുറഞ്ഞ, താരതമ്യേന മോശമായ സ്കൂളിൽ ചേർന്നതോ സീറ്റ് ലഭിക്കാത്തതോ ആയ കുട്ടികൾ ഇത്തരം സീറ്റുകളിൽ പ്രവേശനം ലഭിക്കുന്നത് കടുത്ത നീതി നിഷേധം തന്നെയാണ്. ഗവ. സ്കൂളിലെ കമ്യൂണിറ്റി തിരിച്ചുള്ള റിസർവേഷൻ സീറ്റിലേക്ക് പ്രവേശനം നടത്തുന്നതുപോലെ എയ്ഡഡ് സ്കൂളിലും പ്രവേശനം പൂർണമായും (കമ്യൂണിറ്റി ക്വാട്ട ഉൾപ്പടെ) ഏകജാലക സംവിധാനത്തിലൂടെ ആക്കുക എന്നതാണ് ഇതിനുള്ള ഏക പോംവഴി. നിലവിലുള്ള സംവിധാന പ്രകാരം കമ്യൂണിറ്റി ക്വാട്ടയിലേക്ക് പ്രത്യേകം അപേക്ഷ നൽകണം. ഈ കാര്യം അറിയാത്ത ധാരാളം വിദ്യാർഥികൾ അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിക്കാതെ വരുന്നതിനാൽ പ്രസ്തുത വിദ്യാർഥികൾക്ക് അർഹമായ അവസരം നഷ്ടപ്പെടുന്നു. ഇതിന് ഒരു പരിഹാരം കമ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഏകജാലക സംവിധാനത്തിലുൾപ്പെടുത്തുക എന്നതാണ്. അടുത്ത അധ്യയന വർഷം മുതൽ കമ്യൂണിറ്റി ക്വാട്ട ഏകജാലക സംവിധാനത്തിലൂടെ നടപ്പാക്കാൻ (ഗവ. സ്കൂളിലെ റിസർവേഷൻ സീറ്റിലേക്ക് പ്രവേശനം നടത്തുന്നതുപോലെ) ഉത്തരവിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അഭ്യർത്ഥിച്ചു.

പ്രസ്തുത പരാതിയിന്മേൽ ഹയർ സെക്കണ്ടറി ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ വരുത്തി പരിശോധിച്ചശേഷം കമ്മീഷൻ താഴെ പറയുന്ന സുപ്രധാന ഉത്തരവ് പുറപ്പെടുവിച്ചു.

അടുത്ത അധ്യയന വർഷം മുതൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ന്യൂനപക്ഷ/പിന്നോക്ക സമുദായക്കാർ നടത്തുന്ന എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനം അതത് സമുദായത്തിലെ അപേക്ഷകർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭ്യമായ കമ്യൂണിറ്റി ക്വാട്ടയിലേക്ക് ഗവ. സ്കൂളുകളിലെ റിസർവേഷൻ സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതുപോലെ മേൽപറഞ്ഞ എയ്ഡഡ് സ്കൂളുകളിലും പ്രവേശനം പൂർണമായും (കമ്യൂണിറ്റി ക്വോട്ട ഉൾപ്പടെ) ഏകജാലക സംവിധാനത്തിലൂടെ നടത്തുവാൻ ഹയർ സെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടറും, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സത്വര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി.

### 3.1.2 ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ലഭ്യമാക്കുന്നത് സംബന്ധിച്ച്.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഒരു പഠിതാവിന് 19,200/- രൂപയാണ് സ്കോളർഷിപ്പ് ലഭിക്കേണ്ടത്. എന്നാൽ മലപ്പുറം ജില്ലയിലെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും 5000/- രൂപയിൽ താഴെ മാത്രമാണ് സ്കോളർഷിപ്പ് നൽകുന്നത്. യാതൊരു മാനദണ്ഡവും പാലിക്കാതെ തുച്ഛമായ സംഖ്യ ഈ ആവശ്യത്തിലേക്ക് വകയിരുത്തി മൊത്തം വിദ്യാർഥികൾക്ക് വീതിച്ച് നൽകുന്ന രീതിയാണ് ഒട്ടുമിക്ക പഞ്ചായത്തുകളും സ്വീകരിച്ചിരിക്കുന്നത്. ഒരേ സ്കൂളിൽ ഒരേ ബെഞ്ചിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പ് തുകയിൽ വലിയ വ്യത്യാസമാണുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന പ്രതികരണ ശേഷിയില്ലാത്ത ഇത്തരം വിദ്യാർഥികളോട് തദ്ദേശ സ്ഥാപനങ്ങൾ കാണിക്കുന്ന അനീതി അവസാനിപ്പിച്ച് ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് അവകാശപ്പെട്ട സ്കോളർഷിപ്പ് തുക 19,200/- ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ പരിവാർ കേരള പരാതി സമർപ്പിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാമൂഹിക നീതി വകുപ്പ്, പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ വാദമുഖങ്ങൾ കമ്മീഷൻ പരിശോധിച്ചു.

സ്കോളർഷിപ്പ് വിതരണത്തിലേക്ക് ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തേണ്ടതാണെങ്കിലും പല പഞ്ചായത്തുകളും അവരുടെ ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക മാറ്റിവെക്കുന്നത്. അതുകൊണ്ടാണ് വിവിധ പഞ്ചായത്തുകൾ വ്യത്യസ്തമായ തുക സ്കോളർഷിപ്പിനായി അനുവദിക്കുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, പഠനോപകരണങ്ങൾ വാങ്ങൽ, ഉല്ലാസയാത്ര, പഠന പര്യടനം എന്നീ ചെലവുകൾക്ക് ഒരു വിദ്യാർഥിക്ക് 19,200/- രൂപ വരെ അനുവദിക്കണമെന്ന് 16.11.2013 തീയ്യതിയിലെ സ.ഉ(എം.എസ്)നം. 362/2013 ത.സ്വ.ഭ.വ മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ടെന്നും, മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന രീതിയിൽ സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭാഗത്തും പ്രസ്തുത തുക ലഭ്യമാക്കുവാൻ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും നിർദേശം നൽകുന്നതാണെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. 16.11.2013 തീയ്യതിയിലെ സ.ഉ(എം.എസ്)നം. 362/2013 തസ്വഭവ മാർഗ്ഗരേഖ പ്രകാരം ഭിന്ന ശേഷിക്കാരായ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസ്തുത പ്രോജക്ടിൽ തുക ലഭ്യമാക്കുവാൻ മലപ്പുറം ബ്ലോക്ക് ജില്ലാ പഞ്ചായത്ത് അധികൃതർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അടിയന്തിരമായി നിർദേശം നൽകേണ്ടതാണ്.

**3.1.3 കോളേജ് അധ്യാപക നിയമനത്തിന് ഒ.ബി.സി. വിഭാഗക്കാർക്ക് മാർക്കിളവ് നൽകുന്നത് സംബന്ധിച്ച്.**

ഡഏഇ-യുടെ പുതിയ മാനദണ്ഡപ്രകാരം 50 ശതമാനം മാർക്കോടെ പി.ജി പാസ്സാവുന്ന ഒ.ബി.സിക്കാർക്ക് ചഋഠ പരീക്ഷ എഴുതാം. എന്നാൽ കേരളത്തിൽ കോളേജ് അധ്യാപകരാകാൻ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും ചഋഠ ഉം എന്നതാണ് ഒ.ബി.സി അടക്കമുള്ളവർക്ക് വേണ്ട യോഗ്യത. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് മാത്രമാണ് 50 ശതമാനം മാർക്കും ചഋഠഉം യോഗ്യതയായി പറയുന്നത്. ചഋഠ പരീക്ഷയ്ക്കുള്ള യോഗ്യതയിൽ യു.ജി.സി മാറ്റം വരുത്തിയ സാഹചര്യത്തിൽ ഒ.ബി.സി വിഭാഗത്തിൽപെട്ട എല്ലാവർക്കും കോളേജ് അധ്യാപക നിയമനത്തിന് 50 ശതമാനം മാർക്കോടെ പി.ജിയും ചഋഠഉം എന്നാക്കി ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാരിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കപ്പെട്ടു.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് അയച്ചു. 1994ലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജ് അധ്യാപക നിയമനം നടത്തിവരുന്നത്. അതിൽ എസ്.എസി/എസ്.ടി വിഭാഗക്കാർക്കും അംഗവൈകല്യമുള്ളവർക്കും മാത്രമാണ് യോഗ്യതയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 11.07.2016ലെ യു.ജിസി റെഗുലേഷൻ പ്രകാരം ഒ.ബി.സി വിഭാഗത്തിലെ അധ്യാപക നിയമനത്തിന് ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ നിലവിലെ സ്പെഷ്യൽ റൂളിൽ ഭേദഗതി വേണ്ടിവരുമെന്നും കേരള സർക്കാരിനു വേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷൻ മുമ്പാകെ സത്യവാങ്മൂലം ഫയൽ ചെയ്തു. വിഷയം പരിശോധിച്ച കമ്മീഷൻ കോളേജ് വിദ്യാഭ്യാസ വകുപ്പി

നു കീഴിലുള്ള കോളേജ് അധ്യാപക നിയമനത്തിന് 11.07.2016–ലെ യു.ജി.സി റെഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് 50 ശതമാനം മാർക്കോടെ പി.ജി.യും ചഋം ഉംയോഗ്യതയായി നിശ്ചയിച്ച ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിന് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എത്രയും വേഗം പൂർത്തിയാക്കാൻ ഉത്തരവ് നൽകുകയും പ്രസ്തുത കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒ.ബി.സി.ക്കാർക്ക് മാർക്കിളവ് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

### 3.1.4 ഹയർ സെക്കണ്ടറി തലത്തിൽ ഉപഭാഷകൾ പഠിക്കാൻ അവസരം നൽകിയത് സംബന്ധിച്ച്

ശ്രീ. അഫ്സൽ ലത്തീഫ്, കൺവീനർ, എച്ച്.എസ്.എസ്.ടി. അറബിക് റാങ്ക് ഹോൾഡേഴ്സ് ഫോറം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ താഴെ പറയും പ്രകാരം പ്രസ്താവിച്ചിരുന്നു.

ഏഛ(ഞഋ) ചീ. 78/99 ഏ.ഋറി.ഉമലേറ 05/11/1999, ഏഛ(ഞഋ)ചീ. 1499/2013/ഏ.ഋറി.ഉമലേറ 01.04.2013 എന്നീ ഉത്തരവുകൾ പ്രകാരം ഒരു ഹയർ സെക്കന്ററി സ്കൂളിൽ അനുവദിക്കാവുന്ന ഉപഭാഷകളുടെ എണ്ണം  നാലാണെന്ന് ഗവൺമെന്റ് വ്യക്തമാക്കുന്നു. എന്നാൽ ഹയർ സെക്കന്ററി ഡയറക്ടറുടെ അഇഉ ആ1/14373/ഒടഋ/2003 ഉമലേറ 25.11.2013 നമ്പർ ഉത്തരവ് പ്രകാരം ഈ ഭാഷകൾ പഠിക്കാനുള്ള കുട്ടികളുടെ അവസരം നഷ്ടമാവുന്നു. ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയതായി രണ്ടാം ഭാഷ കൊണ്ടുവരികയോ നിലവിലുള്ള രണ്ടാം ഭാഷ മാറ്റുകയോ ചെയ്യരുതെന്നും ഹയർ സെക്കന്ററി ഡയറക്ടർ എല്ലാ സ്കൂൾ അധികൃതർക്കും  സർക്കുലർ നൽകിയിട്ടുണ്ട്. കേരളത്തിലെ സ്കൂളുകളിൽ ഒന്നാം ക്ലാസ്സു മുതൽ പത്തു വരെ അറബി–സംസ്കൃതം ഭാഷകൾ പഠിച്ച വിദ്യാർഥികൾക്ക് എസ്.എസ്.എൽ.സിക്ക് ശേഷം പ്ലസ്ടു തലത്തിൽ ഈ ഭാഷകൾ പഠിക്കുവാനുള്ള അവസരം നഷ്ടപ്പെടുന്നു എന്നത് ഖേദകരമാണ്. രണ്ടിൽ കൂടുതൽ ഭാഷകൾ ഹയർ സെക്കന്ററിയിൽ ആരംഭിക്കാൻ ഡിപ്പാർട്ട്മെന്റ് അനുവാദമില്ലെന്ന് പറഞ്ഞ് പത്താം തരം വരെ അറബി–സംസ്കൃതം പഠിച്ച വിദ്യാർഥികൾക്ക് ഈ ഭാഷകളുടെ തുടർ പഠനത്തിന് ഹയർ സെക്കന്ററി പ്രൻസിപ്പൽമാർ തടസ്സം നിൽക്കുന്നുണ്ട്. കേരളത്തിലെ 1000 ത്തിലധികം വിദ്യാലയങ്ങളിൽ അറബിയും സംസ്കൃതവും ഒന്നാം ക്ലാസ്സു മുതൽ പഠിപ്പിക്കുന്നുണ്ട്. ഈ വിദ്യാർഥികൾക്ക് ഉപരിപഠനത്തിന് പ്ലസ്ടു തലത്തിൽ അവസരമുള്ളത് 150 സർക്കാർ വിദ്യാലയങ്ങളിൽ മാത്രമാണ്. 2004നു ശേഷവും 11 വർഷമായിട്ടും ഈ ഭാഷകൾ പഠിക്കാനുള്ള തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പുതിയ ഹയർ സെക്കന്ററി വിജ്ഞാപനത്തിൽ എല്ലാ കുട്ടികൾക്കും അവരുദ്ദേശിക്കുന്ന സ്കൂളിൽ അറബി പഠിക്കുവാൻ തിരഞ്ഞെടുക്കുന്നതിന് സൗകര്യം ചെയ്യുകയും അങ്ങിനെ കുട്ടികൾ ഉള്ള സ്കൂളുകളിൽ തസ്തിക അനുവദിക്കുകയും നാലു ഭാഷാ സംവിധാനം ഈ വർഷം തന്നെ നടപ്പിലാക്കുകയും ചെയ്യേണ്ടതാണെന്നും കമ്മീഷൻ മുമ്പാകെ അഭ്യർത്ഥിച്ചു.

പ്രസ്തുത പരാതി സംബന്ധിച്ച് ഹയർ സെക്കണ്ടറി വകുപ്പ്, പൊതു വിദ്യാഭ്യാസവകുപ്പ് എന്നിവരുടെ വിശദമായ വാദം കേട്ട ശേഷം കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

ഹർജിയിലെ ആവശ്യത്തിന്മേൽ സർക്കാരിന്റെ നയപരമായ തീരുമാനം എടുക്കുന്നതുവരെ 2015–16 അധ്യയന വർഷത്തിൽ ഹയർ സെക്കന്ററി ഒന്നാംവർഷ പ്രവേശനം നേടിയ വിദ്യാർഥികൾക്ക് അവർ ഹൈസ്കൂൾ തലത്തിൽ പഠിച്ച ഭാഷ രണ്ടാം ഭാഷയായി ലഭ്യമല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രവേശനം ലഭിക്കുകയും അവർ പ്രസ്തുത ഭാഷ രണ്ടാം ഭാഷയായി പഠിക്കാൻ താൽപര്യപ്പെടുകയും അധികമായി സ്വീകരിക്കുന്ന ഉപഭാഷകൾക്ക് ഒരു ക്ലാസിലേക്ക് വേണ്ടുന്ന നിശ്ചിത എണ്ണം വിദ്യാർഥികൾ ഉണ്ടാവുകയും നിലവിലുള്ള ഉപഭാഷാധ്യാപക തസ്തികകളെ യാതൊരു തരത്തിലും ബാധിക്കുകയില്ലെങ്കിൽ പി.ടി.എയുടെയോ മറ്റോ സഹായത്തോടെ പഠനാവസരം പരിഗണിക്കാവുന്നതാണെന്ന് 04.08.2015 തീയ്യതിയിലെ 21123/01/2013/ഏഋറി നമ്പർ സർക്കാർ കത്തിൽ നിഷ്കർഷിച്ചതുപോലെ തുടർന്നുള്ള അധ്യയന വർഷങ്ങളിലും മേൽപറഞ്ഞ പ്രത്യേകാനുമതി സർക്കാർ തുടർന്നും നൽകേണ്ടതാണ്.

### 3.1.5 പോലീസ് അതിക്രമത്തിനിരയായ വീട്ടമ്മയ്ക്ക് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച്

തന്റെ വീട്ടിൽ നാദാപുരം പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ.ശ്രീനിവാസ് അഡീഷണൽ എസ്.ഐ. ശ്രീ.സുജിത്ത് എന്നിവരും കുറേ പോലീസുകാരും ഭർത്താവിനെ അന്വേഷിച്ച് വീടിനക

ത്തേക്ക് ബലമായി പ്രവേശിച്ചുവെന്നും നമസ്കാരമുറി, വാതിൽ, മറ്റ് ഉപകരണങ്ങൾ എന്നിവ തല്ലി ത്തകർത്തുവെന്നും തന്നെയും മകളേയും ആക്രമിച്ചുവെന്നും പരാതിപ്പെട്ട് കോഴിക്കോട് സ്വദേശിനി ശ്രീമതി പാത്തുട്ടി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. ടി പരാതിയിന്മേൽ ഹർജിക്കാരിയേയും എതിർകക്ഷികളേയും സാക്ഷികളേയും മറ്റും വിശദമായി നേരിൽ കേട്ട് തെളിവെടുത്തു.

എസ്.ഐ ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള പോലിസിന്റെ ഭാഗത്തുനിന്ന് നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെട്ടു. സി.ഡി പരിശോധിച്ച് വാതിൽ പൊളിച്ച പോലീസുകാരുടെ മേൽ നടപടി സ്വീകരിക്കേണ്ടതാണെന്നും വീടിനുണ്ടായ നാശനഷ്ടം തിട്ടപ്പെ ടുത്തി മതിയായ നഷ്ടപരിഹാരം കുറ്റക്കാരായ പോലീസുദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും വീട്ട മ്മയ്ക്ക് നൽകേണ്ടതാണെന്നും കമ്മീഷൻ ഉത്തരവിട്ടു. കൂടാതെ കുറ്റക്കാരായ പോലീസുദ്യോഗ സ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കാനും കമ്മീഷൻ ഉത്തരവായി. ഇതിൻ പ്രകാരം പരാതിക്കാരിക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

### 3.1.6 കാസർഗോഡ് തുരുത്തി പ്രദേശത്തിന്റെ വികസനം സംബന്ധിച്ച്

ന്യൂനപക്ഷ വിഭാഗം തിങ്ങിപ്പാർക്കുന്ന കാസർഗോഡ് നഗരസഭാ പ്രദേശമായ തുരുത്തി നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന സ്ഥലമാണ്. ഒരു പാലമുണ്ടെങ്കിലും വെള്ളപ്പൊക്കം വ രുമ്പോൾ പുഴയ്ക്കു ചുറ്റും കരകൾ ഇടിഞ്ഞുപോവുന്ന ഒരു താഴ്ന്ന പ്രദേശമാണ്. മുസ്ലിം മതന്യൂനപക്ഷം തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ചുറ്റും കരിങ്കൽ ഭിത്തി കെട്ടുവാൻ സഹായം അനുവ ദിക്കുക, കൃഷിക്ക് സൗകര്യം ഒരുക്കുക, റോഡ് കോൺക്രീറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി ഒരു പരാതി കമ്മീഷൻ മുമ്പാകെ നൽകി.

ബന്ധപ്പെട്ടവരെ നേരിട്ട് കേട്ട് റിപ്പോർട്ടുകൾ പരിശോധിച്ച് കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് നൽകി.

തുരുത്തി പ്രദേശത്ത് നിലവിലുള്ള 150 മീറ്ററോളം വരുന്ന റോഡ് കോൺക്രീറ്റ് ചെയ്യുവാൻ വി ശദമായ എസ്റ്റിമേറ്റ് കാസർഗോഡ് പി.ഡബ്ല്യു.ഡി റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉടൻ തയ്യാറാക്കേണ്ടതും അങ്ങിനെ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ അനുമതിക്കായി പി.ഡ ബ്ല്യു.ഡി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതുമാണ്.

തുരുത്തി പ്രദേശത്തിന്റെ ചുറ്റുമുള്ള പുഴയിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് നീക്കം ചെയ് ത് സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനും പുഴയുടെ ഇരുകരകളിലും അനുയോജ്യമായ രീ തിയിൽ സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനും വിശദമായ എസ്റ്റിമേറ്റ് കാസർഗോഡ് ഇറിഗേ ഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എത്രയും വേഗം തയ്യാറാക്കേണ്ടതും തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ അനുമതിയ്ക്കായി ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതുമാ ണ്. കാസർഗോഡ് പി.ഡബ്ല്യു.ഡി റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും മേൽപറഞ്ഞ എസ്റ്റിമേറ്റ് കിട്ടിയാൽ സർക്കാർ അനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടി കൾ പി.ഡബ്ല്യു.ഡി സെക്രട്ടറി സ്വീകരിക്കേണ്ടതും, കാസർഗോഡ് ഇറിഗേഷൻ ഡിവിഷൻ എക്സി ക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് കിട്ടുന്ന എസ്റ്റിമേറ്റിന്മേൽ സർക്കാർ അനുമതി നൽകുന്നതിനുള്ള അ ടിയന്തിര നടപടികൾ ജലവിഭവ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

### 3.1.7 ഫാം ഡി കോഴ്സിന് പഠനത്തിന് ലോൺ അനുവദിച്ചത് സംബന്ധിച്ച്

ക്രിസ്ത്യൻ മതവിശ്വാസിയായ ഹർജിക്കാരിയുടെ മകൾ റിനി ഫിലിപ്പിന് ഗുൽബർഗയിലുള്ള രാജീവ് മെമ്മോറിയൽ എജ്യുക്കേഷൻ കോളേജ് ഓഫ് ഫാർമസിയിൽ ഫാം-ഡി കോഴ്സിന് അഡ് മിഷൻ ലഭിച്ചിട്ടുള്ളതാണ്. ആറു വർഷത്തേക്ക് മൊത്തം ഫീസ് 10 ലക്ഷം രൂപയാണ്. ഹർജിക്കാരി യുടെ ഭർത്താവ് ഓട്ടോറിക്ഷാ ഡ്രൈവറാണ്. ഹർജിക്കാരിക്കും കുടുംബത്തിനും വേറെ വരുമാന മാർഗ്ഗമില്ല. സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കോട്ടയം ബ്രാഞ്ച് ഓഫീസിൽ വസ്തുവിന്റെ ആധാരം വെച്ച് വിദ്യാഭ്യാസ ലോൺ തരാമെന്നു പറഞ്ഞിരുന്നു. എന്നാൽ ആധാര ത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച ഒരാൾക്കു പകരം സ്വന്തം അച്ഛൻ ഒപ്പിട്ടിരിക്കുന്നു എന്നു കാണിച്ച് ലോൺ നിഷേധിച്ചു. ലോൺ അനുവദിച്ചു കിട്ടിയില്ലെങ്കിൽ ഹർജിക്കാരിയുടെ മകളുടെ വിദ്യാഭ്യാ സം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല എന്ന് വിവരിച്ചുകൊണ്ട് ശ്രീമതി ജാൻസി ഫിലിപ്പ് കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചു.

ടി വിഷയത്തിന്മേൽ സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ അധികാരികളെ വിളിച്ച് മൊഴിയെടുക്കുകയും ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയും ചെയ്ത കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

ശ്രീമതി. റിനി ഫിലിപ്പിന്റെ വിദ്യാഭ്യാസ വായ്പക്കായി ഹാജരാക്കിയിരിക്കുന്ന ആധാരത്തിൽ 35 വയസ്സ് പ്രായമായ ബുദ്ധിമാന്ദ്യമുള്ള ഷൈലക്ക് വേണ്ടി പിതാവും സ്വാഭാവിക രക്ഷകർത്താവുമായ എം.കെ ഫ്രാൻസിസ് സേവ്യർ ഒപ്പിട്ടതിൽ നിയമപരമായ ന്യൂനത ഇല്ലാത്തതിനാൽ ടി ആധാരം ഈടായി സ്വീകരിച്ച് ശ്രീമതി. റിനി ഫിലിപ്പിന് എത്രയും വേഗം വിദ്യാഭ്യാസ വായ്പ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിക്കേണ്ടതാണ്.

പ്രസ്തുത ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ മകൾക്ക് ലോൺ ലഭിക്കുകയും ചെയ്തു.

### 3.1.8 സെമിത്തേരി നിർമ്മാണത്തിന് അനുമതി നൽകിയത് സംബന്ധിച്ച്.

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ റൊഗാത്തെ ആശ്രമ സമൂഹത്തിൽ 35 വൈദികരും 60ഓളം സന്യാസ സഹോദരങ്ങളുമുണ്ട്. മരണം വരെ ഈ ആശ്രമത്തിൽ സ്ഥിരതാസമക്കാരായ ഇവർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നായി ഇവിടെയെത്തി സന്യാസ ജോലി ചെയ്യുന്നവരാണ്. ഇവിടെ ഇവർക്ക് 7 ഏക്കർ സ്ഥലമാണുള്ളത്. താമസവും ആരാധനയും ഇവിടെ സ്ഥിരമായി നടക്കുന്നു. ഈ സന്യാസ സമൂഹത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി ആധുനിക രീതിയിൽ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകാതെ ഒരു കോൺക്രീറ്റ് വോൾട്ട് (സെമിത്തേരി) നിർമിക്കുന്നതിന് 29.8.2014ൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന് അപേക്ഷ നൽകിയിരുന്നു. അവിടെ നിന്നും ഡി.എം.ഒ വഴി അന്വേഷണം നടത്തുകയും തുടർന്ന് കളക്ടറുടെ തീരുമാനത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വിവിധ കാരണങ്ങൾ പറഞ്ഞ് സെമിത്തേരി നിർമ്മാണത്തിന് അനുമതി നിഷേധിക്കുന്നതായി ആരോപിച്ച് ആശ്രമ അധികൃതർ കമ്മീഷൻ മുമ്പാകെ പരാതി നൽകി.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, പോലീസ് അധികൃതർ, ജില്ലാ കളക്ടർ, ആരോഗ്യവകുപ്പ്, മറ്റ് എതിർകക്ഷികൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തുകയും രേഖകളും സത്യവാങ്മൂലവും പരിശോധിക്കുകയും ചെയ്തു.

ഈ കോൺക്രീറ്റ് വോൾട്ട് വരുന്നത് മൂലം അയൽക്കാർക്കോ സ്ഥലവാസികൾക്കോ പ്രശ്നങ്ങളില്ല എന്ന് കമ്മീഷന് ബോധ്യപ്പെട്ടു. എതിർകക്ഷികൾക്ക് ഇത്തരമൊരു സെമിത്തേരി നിർമിക്കുന്നതു മൂലം വ്യക്തിപരമായ എന്തെങ്കിലും പ്രശ്നങ്ങളുള്ളതായി കാണുന്നില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സെമിത്തേരി നിർമിക്കുന്നതിന് കളക്ടറുടെ മുമ്പിലുള്ള അപേക്ഷയിൽ ബന്ധപ്പെട്ട അധികാരികളിൽനിന്നും അനുകൂലമായ നിലപാട് സ്വീകരിച്ച് സെമിത്തേരി നിർമാണം നടത്തുന്നതിനുള്ള അവസരം ഉണ്ടാക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് നിർദേശിച്ചു.

### 3.1.9 ആരാധനാ സ്വാതന്ത്ര്യം ഉറപ്പുവരുത്തിയത് സംബന്ധിച്ച്

കോഴിക്കോട് വളയനാട് വില്ലേജിൽ പോത്തഞ്ചേരിത്താഴം എന്ന സ്ഥലത്ത് 2014 ഒക്ടോബർ 26ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഐഡിയൽ വെൽഫെയർ ട്രസ്റ്റിന് കീഴിൽ റജി. നമ്പർ 349/1999 ഐഡിയൽ കൾച്ചറൽ സെന്റർ എന്ന സ്ഥാപനത്തിന്റെ പ്രവർത്തന സമയം നിയന്ത്രിക്കുകയും നടപടികളെടുക്കുകയും ചെയ്തതിനെതിരെ ട്രസ്റ്റ് സെക്രട്ടറി കമ്മീഷന് പരാതി സമർപ്പിച്ചു. ഷോപ്പ് കം ഓഫീസ് ബിൽഡിംഗ് എന്ന നിലക്ക് പ്ലാനും 17 സെന്റ് സ്ഥലവും 2013 ഏപ്രിൽ 24ന് 929/2013 നമ്പർ ദാനാധാരപ്രകാരം ട്രസ്റ്റ് ചെയർമാൻ എം.കെ മുഹമ്മദലി എന്നവരുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും താഴെ നില നിർമാണം പൂർത്തീകരിച്ച് നികുതി ചുമത്തി കോഴിക്കോട് കോർപ്പറേഷൻ കെട്ടിട നമ്പർ നൽകുകയും ചെയ്തതാണെന്നും ടി കെട്ടിടത്തിൽ പെയിൻ & പാലിയേറ്റീവ്, എഡ്യുക്കേഷണൽ ഗൈഡൻസ്, മെഡിക്കൽ ഹെൽപ്പ്, പരസ്പര സഹായനിധി എന്നിവയുടെ ഓഫീസുകളും ലൈബ്രറി & റീഡിംഗ് റൂം, കോൺഫറൻസ് ഹാൾ കൂടാതെ മേൽ പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് പ്രാർഥിക്കാനുള്ള പ്രാർഥനാമുറിയും ഏർപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ റവന്യൂ അധികാരികൾ സ്ഥാപനത്തിന് പ്രവർത്തന സമയം രാവിലെ 7 മുതൽ രാത്രി 8 വരെയാക്കി ചുരുക്കുകയും കെട്ടിടത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം 4 ആക്കി നിയന്ത്രിക്കുകയും അവിടെ പ്രവർത്തിക്കുന്നവർ പോലും അവിടെവെച്ച് പ്രാർഥിക്കാൻ പാടില്ല എന്ന് ഏകപക്ഷീയമായി ഉത്തരവിടുകയും ലംഘി

ച്ചാൽ കളക്ടർ ഏറ്റെടുക്കുമെന്ന് ഭീഷണിസ്വരത്തിൽ പറയുകയും ചെയ്തുവെന്ന് പറഞ്ഞുവെന്നാരോപിച്ച് ഒരു പരാതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു.

പ്രസ്തുത വിഷയം പരിഗണിച്ച കമ്മീഷൻ റവന്യൂ, പോലീസ്, കോർപ്പറേഷൻ അധികൃതരിൽ നിന്നും റിപ്പോർട്ടുകൾ വാങ്ങുകയും ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്ത കാര്യങ്ങൾ കമ്മീഷന് ബോധ്യമായി.

മേൽ കെട്ടിടം ഒരിക്കലും പള്ളിയായി ഉപയോഗിക്കുന്നില്ല. മേൽ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സേവനദാതാക്കൾക്കും ട്രസ്റ്റ് അംഗങ്ങൾക്കും ജോലി ചെയ്യുന്നവർക്കും അവരുടെ മതചിട്ടയനുസരിച്ച് പ്രാർഥനയ്ക്ക് സമയമാവുമ്പോൾ അതാത് സമയത്ത് അവിടെയുള്ളവർക്ക് അവിടെവെച്ച് പ്രാർത്ഥന നിർവഹിക്കുക എന്ന അവരുടെ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുക മാത്രമാണ് പരാതിക്കാർ ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്ത നടപടി പിൻവലിക്കാൻ കമ്മീഷൻ ശിപാർശ ചെയ്യുകയും ന്യൂനപക്ഷങ്ങളുടെ ആരാധാനാ സ്വാതന്ത്ര്യം തടയരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

### 3.1.10 മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിച്ച് നൽകിയത് സംബന്ധിച്ച്

ഹർജിക്കാരൻ മഞ്ചേരി എച്ച്.എം.വൈ.എച്ച്.എസ് സ്കൂളിലെ അധ്യാപക നായി ജോലി ചെയ്യുന്നു. ഹർജിക്കാരന്റെ അമ്മയുടെ ഹൃദയശസ്ത്രക്രിയ ചികിത്സയുമായി ബന്ധപ്പെട്ട് ടിയാൻ 30/11/2012ൽ ടിയാന്റെ സ്കൂൾ ഓഫീസിലൂടെയും മലപ്പുറം വിദ്യാഭ്യാസ ഓഫീസിലൂടെയും തിരുവനന്തപുരം ഡി.എച്ച്.എസിനു നൽകിയ റീ ഇംപേഴ്സ്മെന്റ് അപേക്ഷകളും രേഖകളും വെരിഫിക്കേഷൻ കഴിഞ്ഞ് ഡി.എച്ച്.എസ്സിൽ നിന്നും തിരിച്ചുവന്നു. എന്നാൽ ക്യാഷ് ബില്ലുകളുടെ ഒറിജിനൽ ഇല്ലാതെയാണ് ഡി.എച്ച്.എസിൽനിന്നും രേഖകൾ തിരിച്ചുവന്നത്. 17/3/2016 വരെയും ചികിത്സാ സഹായം ലഭിക്കാതെ കെട്ടിക്കിടക്കുന്ന പ്രശ്നം പരിഹരിച്ചു കിട്ടാൻ അപേക്ഷിച്ചിരുന്നു.

ഈ വിഷയത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഹർജിക്കാരന്റെ എല്ലാ രേഖകളും പരിശോധിച്ച ശേഷം ജില്ലാ ഓഫീസിലേക്ക് അയച്ചിട്ടുണ്ടെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ പ്രസ്തുത ജില്ലാ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സത്യവാങ്മൂലം സമർപ്പിച്ചു. ഇതിൽ നടപടിയെടുക്കേണ്ടത് ആരോഗ്യവകുപ്പാണെന്നും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച കമ്മീഷൻ ഹർജിക്കാരന് റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ നൽകാനുള്ള തുക ഒരു മാസത്തിനുള്ളിൽ ഹർജിക്കാരന് നൽകാൻ നിർദ്ദേശം നൽകി.

## 2017–18

### 3.1.1 മലപ്പുറം ജില്ലയിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് സീറ്റ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി പ്രസിഡന്റും സെക്രട്ടറിയും കൂടി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ മലപ്പുറം ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനായി 5.6.2017 വരെ അപേക്ഷിച്ചിവരുടെ എണ്ണം 82553 ആണെങ്കിലും ജില്ലയിൽ നിലവിലുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം 66350 മാത്രമാണെന്നും അതുകൊണ്ട് കാൽ ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കുന്നില്ലെന്നും ഇതിന് പരിഹാരമായി ജില്ലയിലെ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

ഓരോ അദ്ധ്യയനവർഷവും മലപ്പുറം ജില്ലയിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചുള്ള പ്ലസ് വൺ സീറ്റുകൾ ഇല്ലാത്തതുമൂലം നിരവധി കുട്ടികൾക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കുന്നില്ലെന്ന പരാതി കാലങ്ങളായി മലപ്പുറം ജില്ലയിൽ നിലനിൽക്കുന്നതിനാലും പ്ലസ് വണ്ണിന് ലഭ്യമായ സീറ്റുകൾ പരിമിതമായതിനാലും സീറ്റുകൾ വർദ്ധിപ്പിക്കുക എന്നതുമാത്രമാണ് ഇതിനൊരു പരിഹാരം എന്നതിനാലും ഓരോ അദ്ധ്യയനവർഷവും പ്ലസ് വൺ സീറ്റിലേക്കുള്ള അപേക്ഷകളുടെ എണ്ണം കണക്കാക്കി ആവശ്യമായ സീറ്റ് വർദ്ധനവ് അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ സർക്കാർ അനുവദിക്കേണ്ടത് മലപ്പുറം ജില്ലയിലെ

വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് സഹായകരമാകുന്നതിനാൽ ഈ കാര്യത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ കമ്മീഷന്റെ ഈ നിർദ്ദേശം ബഹു.കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവായി.

### 3.1.2 എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ അഡ്മിഷന് കമ്മ്യൂണിറ്റി ക്വാട്ട ഏകജാലക സംവിധാനത്തിലൂടെ ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്.

ന്യൂനപക്ഷ മാനേജുമെന്റുകൾക്ക് കീഴിലുള്ള എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ സംവരണം ചെയ്തിട്ടുള്ള കമ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശന രീതി ഏകജാലക സംവിധാനത്തിൻ കീഴിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ട് രണ്ട് പരാതികൾ (എം.സി.ഒ. പി.നം.59/2016, എം.സി.ഒ.പി. നം.60/2016) കമ്മീഷന് ലഭിക്കുകയുണ്ടായി. ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ മേൽ പരാതികളിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച ശേഷം 14–2–2017 തിയതിയിലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന പരിഹാര നടപടി കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

അടുത്ത അദ്ധ്യയനവർഷം മുതൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ന്യൂനപക്ഷ /പിന്നോക്ക സമുദായക്കാർ നടത്തുന്ന എയ്ഡഡ് സ്കൂളുകളിൽ 20 % അതത് സമുദായത്തിലെ അപേക്ഷകർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ലഭ്യമായ കമ്യൂണിറ്റിക്വാട്ടയിലേക്ക് ഗവ. സ്കൂളുകളിലെ റിസർവേഷൻ സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതുപോലെ മേൽപറഞ്ഞ എയ്ഡഡ് സ്കൂളുകളിലും പ്രവേശനം പൂർണ്ണമായും (കമ്മ്യൂണിറ്റി ക്വാട്ട ഉൾപ്പെടെ) ഏകജാലക സംവിധാനത്തിലൂടെ നടത്തുവാൻ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറും, പൊതു വിദ്യാഭ്യാസ (യു) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പിന്നീട്, 14–2–2017 തിയതിയിലെ മേൽപറഞ്ഞ നിർദ്ദേശം ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനക്കായി ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ, പൊതുവിദ്യാഭ്യാസ(യു) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്ന് 18.1.2018 തിയതി കമ്മീഷൻ ഉത്തരവായി.

### 3.1.3 മാനസിക വെല്ലുവിളി നേരിടുന്ന ഉദ്യോഗാർത്ഥികൾക്കുള്ള ഒരു ശതമാനം സംവരണാനുകൂല്യം കേരളത്തിലും നടപ്പാക്കുന്നത് സംബന്ധിച്ച്

ഭിന്നശേഷിയുള്ളവർക്ക് 3 ശതമാനം ജോലി സംവരണം ഉറപ്പാക്കുന്ന 1996 ലെ നിയമം മാനസിക വെല്ലുവിളി നേരിടുന്നവർക്കും ബാധകമായതിനാൽ ഇപ്പോൾ പി.എസ്.സി ജോലിക്കു വേണ്ടി സംവരണം ലഭിക്കാത്ത അവസ്ഥ മാറ്റി ഭിന്നശേഷിയുള്ളവർക്കും സർക്കാർ അനുവദിച്ചിട്ടുള്ള പുതിയ ആനുകൂല്യം ഹർജിക്കാരന്റെ ഭിന്നശേഷിയുള്ള മകനും ലഭിക്കണമെന്ന് ആവശ്യപ്പെട്ടാണ് ശ്രീ.ജോഷി സി ജേക്കബ്, ചെന്നാട്ടുശ്ശേരി, വേരൂർ പി.ഒ., ചെത്തിപ്പുഴ, കോട്ടയം എന്നയാൾ കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്.

ഠവല ഞശഴവലേ ീള ജലൃീിേ ംശവേ ഉശമെയശഹശശേലെ അരേ പാർലമെന്റ് 2016 –ൽ പാസ്സാക്കുകയും ഇന്ത്യാ ഗവൺമെന്റിന്റെ ഗസ്സറ്റിൽ 2016 ഡിസംബർ 27 ന് പരസ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള താണ്. ഈ ആക്ടിലെ 34–ാം വകുപ്പു പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു ശതമാനം സംവരണ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ പാർലമെന്റ് പാസ്സാക്കിയ മേൽപറഞ്ഞ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടില്ല. കോട്ടയം ജില്ലാ കളക്ടർ, സാമൂഹ്യ നീതി ഡയറക്ടർ എന്നിവരുടെ റിപ്പോർട്ടുകളും ഹർജിക്കാരന്റെ പരാതിയും പരിഗണിച്ച ശേഷം ഠവല ഞശഴവലേ ീള ജലൃീിേ ംശവേ ഉശമെയശഹശശേലെ അരലേ 34–ാം വകുപ്പു പ്രകാരമുള്ള മാനസിക വെല്ലുവിളി നേരിടുന്ന ഉദ്യോഗാർഥികൾക്കുള്ള ഒരു ശതമാനം സംവരണാനകൂല്യം കേരള സംസ്ഥാനത്ത് നടപ്പാക്കാൻ സർക്കാരിലേക്ക് കമ്മീഷൻ ശിപാർശ ചെയ്യുകയും കമ്മീഷന്റെ ഈ ശിപാർശ ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനക്കായി സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടറോട് കമ്മീഷൻ ആവശ്യപ്പെടുകയും ചെയ്തു.

### 3.1.4 കോഴിക്കോട് വെള്ളൂർ പ്രദേശത്ത് ക്രമസമാധാന പ്രശ്നം പരിഹരിക്കുന്നതിന് കമ്മീഷന്റെ ഇടപെടൽ

കോഴിക്കോട് ജില്ലയിൽ വെള്ളൂർ പ്രദേശത്ത് ഷിബിൻ എന്ന യുവാവ് 22.01.2015 തിയതി കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടുണ്ടായ അക്രമസംഭവങ്ങളിൽ വ്യാപകമായ കൊള്ള നടന്നതായും നാശനഷ്ടങ്ങൾ ഉണ്ടായതായും പോലീസിന്റെ അനാസ്ഥകൊണ്ടാണ് വ്യാപകമായ അക്രമം നടന്ന തെന്നും സംഭവ സ്ഥലത്തുനിന്ന് ഒരാളെ പോലും പോലീസ് കസ്റ്റഡിയിലെടുത്തില്ലെന്നും അക്ര മം തടയാൻ പോലീസ് ശ്രമിച്ചില്ലെന്നും ശ്രീ. മുസ്തഫ കുന്നുമ്മൽ കമ്മീഷൻ മുമ്പാകെ ബോധി പ്പിച്ച പരാതിയിൽ പ്രസ്താവിച്ചിരുന്നു. പരാതിയിൽ കമ്മീഷൻ നടത്തിയ അന്വേഷണത്തിൽ സംഭവം നടന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപെട്ട മുസ്ലീംകളുടെ വീടു കൾക്കും മറ്റ് സ്വത്തുക്കൾക്കും സംരക്ഷണം നൽകുന്നതിൽ പോലീസിന് പരാജയം സംഭവിച്ച തായി കമ്മീഷൻ കാണുകയുണ്ടായി. അതിനാൽ മുസ്ലീം സമുദായത്തിൽപെട്ടവരുടെ വീടുകളും വാഹനങ്ങളും അഗ്നിക്കിരയാക്കുകയും മുതലുകൾ കവർച്ച ചെയ്യുകയും ചെയ്ത സംഭവത്തിൽ പോലീസിനുണ്ടായ വീഴ്ചയ്ക്കും പരാജയത്തിനും എന്താണ് കാരണമെന്ന് ഡി.ഐ.ജി. റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് നേരിട്ട് അന്വേഷണം നടത്തിച്ച് അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് കമ്മീഷൻ 26.9.2017 തിയതി നിർദ്ദേശം നൽകി.

**3.1.5 മഹാവീർ ജയന്തിക്ക് ധനസഹായം അനുവദിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ.**

വയനാട് ജൈൻ സമാജ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ വയനാ ട്ടിലെ ജൈനമത വിശ്വാസികളുടെ മഹാവീർ ജയന്തി ആഘോഷത്തിനായി കേരള സർക്കാർ 25000/- രൂപ ധനസഹായം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

അയൽസംസ്ഥാനമായ കർണ്ണാടകത്തിൽ മഹാവീർ ജയന്തി ആഘോഷത്തിനായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വയനാട് ജില്ലയിലും മഹാവീർ ജയന്തി ആഘോ ഷിക്കുന്നതിന് സർക്കാർ ധനസഹായം നൽകണമെന്ന വയനാട് ജില്ലയിലെ ജൈനമത വിശ്വാസിക ളുടെ ആവശ്യം ന്യായമാണെന്ന് കമ്മീഷൻ കാണുകയാൽ ടി ആവശ്യം ബഹു. കേരള സർക്കാരി ന്റെ സജീവ പരിഗണനക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിയും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയും അടിയന്തിരമായി സമർപ്പിക്കുന്നതിന് കമ്മീഷൻ നിർദേശം നൽകുകയുണ്ടായി.

**3.1.6 എച്ച്.എസ്.എസ്.ടി (കമ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്) തസ്തികയിലേക്കുള്ള നിയമനത്തിന് തടസ്സ മായിട്ടുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതിചെയ്യുന്നതിനുള്ള ശിപാർശ.**

ഹർജിക്കാരൻ (മുഹമ്മദ് മുസ്തഫ സി.എച്ച്, ചോലശ്ശേരി ഹൗസ്, ഒറ്റത്തറ,കോഡൂർ പി.ഒ., മലപ്പുറം-676504) കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ എച്ച്.എസ്.എസ്.ടി കമ്യൂണിക്കേറ്റി വ് ഇംഗ്ലീഷ് ടീച്ചർ തസ്തികയിലേക്ക് 14/10/2011 തീയതിയാണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും എന്നാൽ പ്രസ്തുത തസ്തികയിൽ ഇപ്പോഴും റാങ്ക്ലിസ്റ്റ് നിലവിലില്ലെന്നും കേന്ദ്ര ഡീമിഡ് യൂണിവേഴ്സിറ്റികളിൽ നിന്ന് വിശിഷ്യാ തമിഴ്നാട്ടിലെ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റി റ്റ്യൂട്ട് - ഡീമിഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് യോഗ്യത നേടി വരുന്ന ഉദ്യോഗാർത്ഥികളെ കേരള ത്തിലെ ഒരു യൂണിവേഴ്സിറ്റിയും ഈ കോഴ്സ് നടത്തുന്നില്ലെന്നും കേരളത്തിലെ യുണിവേഴ്സിറ്റി നടത്താത്ത ഒരു കോഴ്സിന് ആ യുണിവേഴ്സിറ്റി തുല്യതാ സർട്ടിഫിക്കറ്റ് നൽകിയാലും ആയത് സ്വീകാര്യമല്ലാത്തതതിനാൽ എച്ച്.എസ്.എസ്.ടി. കമ്യൂണിക്കേറ്റിവ് ഇംഗ്ലീഷ് തസ്തികയുടെ നിയമന വുമായി ബന്ധപ്പെട്ട് 16/4/2001 ലെ 144/2001/ജി. എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവിലെ സ് പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയാൽ മാത്രമേ പ്രസ്തുത യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിക ളെ പരിഗണിക്കാൻ പറ്റുകയുള്ളു എന്നും പറഞ്ഞ് പ്രസ്തുത യുണിവേഴ്സിറ്റിയിലെ ഉദ്യോഗാർത്ഥി കളെ മാറ്റി നിർത്തുകയും ചെയ്യുന്നുവെന്നും അതുകൊണ്ട് എത്രയും വേഗം എച്ച്.എസ്.എസ്.ടി ക മ്യൂണിക്കേറ്റിവ് ടീച്ചർ തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള ഏർപ്പാടുകൾ കമ്മീ ഷൻ ചെയ്യണമെന്നും ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റീറ്റ്യൂട്ട് - ഡീമിഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് ആന്റ് കമ്യൂണിക്കേറ്റീവ് സ്റ്റഡീസ് കോഴ്സ് പഠിച്ചിറങ്ങിയ ഉദ്യോഗാർത്ഥികളെ ഈ തസ്തികയിലേക്ക് പരിഗണിക്കാനുള്ള നിർദ്ദേശം കമ്മിഷൻ നൽകണമെന്നുമാണ് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ ആവശ്യപ്പെട്ടിരുന്നത്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർ കമ്മീ ഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച ശേഷം എച്ച്.എസ്.എസ്.ടി (കമ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്) തസ്തികയിലേക്കുള്ള നിയമനത്തിന് തടസ്സമായിട്ടുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതിചെ യ്യുന്നതിനുള്ള കാലതാമസം ടി തസ്തികയിലേക്കുള്ള നിയമനം കാത്തു നിൽക്കുന്ന ഉദ്യോഗാർത്ഥി കളുടെ ഭാവിയെ സാരമായി ബാധിക്കുന്നതിനാൽ റൂൾസ് ഭേദഗതി ചെയ്യുന്ന കാര്യത്തിൽ സർക്കാ രിന്റെ ഭാഗത്തു നിന്നും അടിയന്തിര നടപടി ആവശ്യമായതിനാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെ യ്യുന്നതിനുള്ള നടപടികൾ ഈ ഉത്തരവു കൈപ്പറ്റി ആറു മാസത്തിനുള്ളിൽ സർക്കാർ പൂർത്തിയാ ക്കേണ്ടതാണെന്നും അതിനു വേണ്ട അടിയന്തര നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

**3.1.7 നാദാപുരം വെള്ളൂർ പ്രദേശങ്ങളിലുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എല്ലാ കേസിന്റെയും അന്വേഷണം വേഗം പൂർത്തിയാക്കി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനും മറ്റും നിർദ്ദേശം.**

2015 ജനുവരി മാസം 25–ാം തിയതി തൂണേരി പഞ്ചായത്തിലെ വെള്ളൂർ പ്രദേശത്ത് നടന്ന കൊലപാതകത്തിൽ ഒരു യുവാവ് മൃഗീയമായി കൊല ചെയ്യപ്പെട്ടതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളിൽ പങ്കാളികളായ മുഴുവൻ കുറ്റവാളികളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്നും കേസുകൾ വേഗം തീർപ്പാക്കാൻ അതിവേഗ കോടതികൾ സ്ഥാപിക്കണമെന്നും, വീടും സമ്പത്തും നഷ്ടപ്പെട്ടവർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം സർക്കാരിൽ നിന്ന് ലഭിക്കണമെന്നും ആവശ്യപ്പെട്ട് ഫ്രന്റ്സ് ഫോറം നാദാപുരം എന്ന സംഘടന കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചിരുന്നു.

കേരള സംസ്ഥാന പോലീസ് മേധാവി, കോഴിക്കോട് ജില്ലാകളക്ടർ, കോഴിക്കോട് ജില്ലാ പോലീസ് മേധാവി (റൂറൽ) എന്നിവർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച് 26.9.2017 തിയതി കമ്മീഷൻ താഴെ പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

‘‘(ശ) വെള്ളൂരിലും പരിസരങ്ങളിലും മുസ്‌ലിം സമുദായത്തിൽപെട്ട ആൾക്കാരുടെ നിരവധി വീടുകളും വാഹനങ്ങളും തകർക്കുകയും കത്തിക്കുകയും മുതലുകൾ കൊള്ളയടിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ്സ്റ്റേഷനിൽ 86 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും 188 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും കമ്മീഷൻ മുമ്പാകെ പോലീസ് ബോധിപ്പിച്ച റിപ്പോർട്ടുകളിൽ പറയുന്നുണ്ട്. എന്നാൽ ഈ കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ ഹാജരാക്കിയതായി പോലീസ് ഇതുവരെയും കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽപറഞ്ഞ സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസിന്റെയും അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ ഇതുവരെയും ഹാജരാക്കിയിട്ടില്ലെങ്കിൽ ടി കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകുന്നതിനും വേണ്ടി ഡി.വൈ.എസ്.പി റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ സംസ്ഥാന പോലീസ് മേധാവി നിയമിക്കേണ്ടതും എത്രയും വേഗം അന്തിമ റിപ്പോർട്ട് കോടതിയിൽ ബോധിപ്പിക്കാൻ കർശന നിർദ്ദേശം കൊടുക്കേണ്ടതുമാണ്.

(ശശ) നാദാപുരം–വെള്ളൂർ പ്രദേശങ്ങളിലുണ്ടായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസുകളും അതിവേഗം തീർപ്പാക്കാൻ ഒരു പ്രത്യേക കോടതി സ്ഥാപിക്കണമെന്ന ഹർജിയിലെ ആവശ്യം ന്യായവും നീതിപൂർവ്വവുമായതിനാൽ ഈ ആവശ്യം ബഹു.സർക്കാർ പരിഗണിക്കേണ്ടതാണ്. അതിനുള്ള നടപടികൾ സംസ്ഥാന ആഭ്യന്തര സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും സ്വീകരിക്കേണ്ടതാണ്.

(ശശശ) നാദാപുരം വെള്ളൂർ പ്രദേശങ്ങളിൽ നഷ്ടപ്പെട്ടുപോയ സൗഹാർദ്ദാന്തരീക്ഷവും സമാധാനവും പുന:സ്ഥാപിക്കുന്നതിനും നിയമവാഴ്ചയിൽ വിശ്വാസം നഷ്ടപ്പെട്ടവരുടെ വിശ്വാസം വീണ്ടെടുക്കുന്നതിനും വിദ്യാർഥികൾക്കിടയിൽ സൗഹാർദ്ദവും ജനാധിപത്യബോധവും ഊട്ടിയുറപ്പിക്കുന്നതിനും വേണ്ട ഉചിതമായ നടപടികൾ കോഴിക്കോട് ജില്ലാകളക്ടർ അടിയന്തിരമായി എടുക്കേണ്ടതാണ്.’’

**3.1.8 കോളേജ് മാനേജ്മെന്റും വിദ്യാർത്ഥിസംഘടനയും തമ്മിലുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം.**

11.7.2017 തിയതി എസ്എഫ്ഐ–ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അടങ്ങുന്ന ഒരു കൂട്ടം ആളുകൾ സുൽത്താൻ ബത്തേരിയിലുള്ള ഡോൺ ബോസ്കോ കോളേജ് കോമ്പൗണ്ടിലേക്ക് അതിക്രമിച്ച് കടന്ന് ലക്ഷക്കണക്കിന് രൂപ വിലയുള്ള കോളേജിന്റെ ഫർണിച്ചർ, സി.സി.ടി.വി. ക്യാമറ, ജനൽഗ്ലാസ്, നോട്ടീസ് ബോർഡ്, ഔദ്യോഗിക രേഖകൾ, അസൽ സർട്ടിഫിക്കറ്റുകൾ, കമ്പ്യൂട്ടർ എന്നിവർ നശിപ്പിച്ചെന്നും ആയതിനാൽ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഡോൺബോസ്കോ കോളേജ് പ്രിൻസിപ്പാൾ കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചു. ടി പരാതിയിൽ വയനാട് ജില്ലാ പോലീസ് മേധാവിക്കുവേണ്ടി വയനാട് ജില്ലാ ക്രൈം ബ്രാഞ്ച് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ബോധിപ്പിച്ചു. ടി റിപ്പോർട്ടും പരാതിയും പരിഗണിച്ച കമ്മീഷൻ 28.9.2017 തിയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം സുൽത്താൻ ബത്തേരി ഡോൺ ബോസ്കോ കോളേജിലെ എസ്.എഫ്.ഐ സംഘടനയിൽപ്പെട്ട വിദ്യാർഥികളും കോളേജ് മാനേജ്മെന്റും തമ്മിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി ടി വിദ്യാർഥി സംഘടനയുടെ പ്രതിനിധികളെയും കോളേജ് മാനേജ്മെന്റ് പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വയനാട് ജില്ലാകളക്ടർ അടിയന്തിരമായി വിളിച്ചു കൂട്ടി ടി യോഗത്തിൽ ജില്ലാകളക്ടർ നേരിട്ട് പങ്കെടുത്ത് പ്രശ്ന പരിഹാരത്തിനായി ശ്രമിക്കേണ്ടതാണെന്നും കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് പോലീസ് സഹായം ആവശ്യമാണെന്ന് കാണിച്ച് കോളേജ് മാനേജ്മെന്റ് പോലീസിന് അപേക്ഷ നൽകുകയാണെങ്കിൽ ആവശ്യമായ പോലീസ് സഹായം വയനാട് ജില്ലാ പോലീസ്

മേധാവി നൽകേണ്ടതാണെന്നും സമാധാന അന്തരീക്ഷം ഉണ്ടാകുന്നതിനു വേണ്ട നടപടി എടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

### 3.1.9 തൊഴിൽനഷ്ടപ്പെട്ട ഹർജിക്കാരന് സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ സർക്കാരിലേക്ക് ശിപാർശ

മുന്നിയൂർ വള്ളിക്കുന്ന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കാര്യാട് കടത്തുതോണി സർവ്വീസ് നടത്തിയിരുന്ന മലപ്പുറം ജില്ലയിലെ മുന്നിയൂർ കെ.എം. ബസാറിൽ ചെനക്കൽ ശ്രീ.ചെമ്പൻ നൗഷാദിന് ജോലി നഷ്ടപ്പെട്ടതിനാൽ മൃഗസംരക്ഷണ മേഖലയിൽ സ്വയം തൊഴിൽ സംരംഭം നടത്താൻ ടിയാന് താൽപര്യമുള്ളതിനാൽ അതിനുവേണ്ട സഹായം ലഭിക്കാൻ നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചിരുന്നു. ടി പരാതിയിൽ മലപ്പുറം ജില്ലാ കളക്ടർ, മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസർ, മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ച കമ്മീഷൻ 15.9.2017 തിയതി പുറപ്പെടുവിച്ച ഉത്തരവിൽ ന്യൂനപക്ഷ സമുദായത്തിൽപെട്ട നിർധനരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ വ്യക്തികൾക്ക് സ്വയം തൊഴിൽ ചെയ്യാൻ വേണ്ട സഹായത്തിനായി അപേക്ഷ നൽകുമ്പോൾ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ലീഡ് ബാങ്ക് മാനേജർ, വിവിധ വകുപ്പിന്റെ ജില്ലാ തല ഓഫീസർമാർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയമിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ടി ശിപാർശ ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് കമ്മീഷൻ നിർദ്ദേശം നൽകുകയും ചെയ്തു.

### 3.1.10 ബിപിഎൽ കാർഡ് പുനഃസ്ഥാപിച്ച് കിട്ടുന്നതിന് മദ്രസ്സാദ്ധ്യാപകന് തൊഴിൽ സംബന്ധമായ മാർക്ക് കൂടി നൽകുന്നതിന് നിർദ്ദേശം

മദ്രസ്സ ജോലിക്കാരനായ ഹർജിക്കാരന് (സൈതലവി, s/ീ കുട്ട്യാലി, മണിപറമ്പൻ ഹൗസ്, പി.ഒ.വാളകുളം, തെന്നല, പെരുമ്പുഴ)അനുവദിച്ച 2055021690 നമ്പർ റേഷൻകാർഡ് എപിഎൽ(എസ്.എസ്) ആണെന്നും ടിയാന് അനുവദിച്ച റേഷൻ കാർഡ് ബി.പി.എൽ കാർഡാക്കി മാറ്റി പുനഃസ്ഥാപിച്ചു കിട്ടണമെന്നും ആവശ്യപ്പെട്ടാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്. ഹർജിക്കാരൻ മദ്രസ്സാദ്ധ്യാപകൻ ആയതിനാൽ ടിയാന് തൊഴിൽ സംബന്ധമായ മാർക്കുകളൊന്നും നൽകാൻ കഴിയില്ലെന്നും അന്തിമ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ പര്യാപ്തമായ മാർക്കോ മാനദണ്ഡങ്ങളോ അപേക്ഷകന് ഉണ്ടെങ്കിൽ മാത്രമേ അന്തിമ മുൻഗണനാ പട്ടികയിൽ ഹർജിക്കാരന്റെ റേഷൻകാർഡ് ഉൾപ്പെടുത്താൻ കഴിയുകയുള്ളുവെന്നും മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർ കമ്മീഷൻ
മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ കൂലി പണിക്കാരനെക്കാൾ കുറഞ്ഞ വേതനമാണ് മദ്രസ്സാദ്ധ്യാപകനെന്ന നിലയിൽ ഹർജിക്കാരന് കിട്ടുന്നതെന്നും ഹർജിക്കാരന് മദ്രസ്സാദ്ധ്യാപകവൃത്തിയിൽ നിന്നും മാസത്തിൽ ആകെ കിട്ടുന്നത് 2500 രൂപയാണെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂലിപണിക്കാരനെക്കാൾ കുറഞ്ഞ വേതനം കിട്ടുന്ന മദ്രസ്സാദ്ധ്യാപകനായ ഹർജിക്കാരന് തൊഴിൽ സംബന്ധമായ മാർക്ക് നൽകാത്തത് അനീതിയാണെന്ന് കമ്മീഷൻ കാണുകയാൽ ഹർജിക്കാരന് മദ്രസ്സാദ്ധ്യാപക വൃത്തിയിൽ നിന്നും കിട്ടുന്ന വേതനത്തെപറ്റി മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർ അടിയന്തിരമായി അന്വേഷണം നടത്തി, അന്വേഷണത്തിൽ ഹർജിക്കാരന് കൂലിപണിക്കാരനെക്കാൾ കുറഞ്ഞ വേതനമാണ് കിട്ടുന്നതെന്ന് തെളിഞ്ഞാൽ ഹർജിക്കാരന് തൊഴിൽ സംബന്ധമായ മാർക്ക് കൂടി നൽകാൻ മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് 1.3.2018 തിയതിയിലെ ഉത്തരവ് പ്രകാരം കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

### 3.1.11 മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർക്ക് പ്രായപരിധി കണക്കിലെടുക്കാതെ ഭവന വായ്പ നൽകുന്നത് സംബന്ധിച്ച്

1974 മുതൽ മദ്രസ്സാദ്ധ്യാപകനായി ജോലി ചെയ്യുന്ന 65 വയസ്സ് പ്രായമുള്ള ഹർജിക്കാരൻ(അബ്ദുറഹ്മാൻ പി.സി., തോട്ടേക്കാട്, അമരമ്പലം പി.ഒ, വഴി പുക്കോട്ടുപാടം, മലപ്പുറം –679332) 18–2–2012 മുതൽ മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമെടുക്കുകയും കൃത്യമായി വിഹിതം അടച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മദ്രസ്സാദ്ധ്യാപകർക്ക് വീടു വയ്ക്കാനുള്ള ലോണിനെ കുറിച്ച് അന്വേഷിച്ചപ്പോൾ ഹർജിക്കാരന് അതിന് അർഹതയില്ലെന്നും 40 വയസ്സിനും 57 വയസ്സിനുമിടയ്ക്കുള്ളവർക്ക് മാത്രമേ ലോൺ അനുവദിക്കുകയുള്ളു എന്ന് ഹർജിക്കാരനോട് പറഞ്ഞു എന്നും അതിനാൽ ഹർജിക്കാരന്റെ വിഷമത്തിന് പരിഹാര നടപടി ആവശ്യപ്പെട്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്.

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി മാനേജർ എന്നിവർ ബോധിപ്പിച്ച റിപ്പോർട്ടുകളും ഹർജിക്കാര

ന്റെ പരാതിയും പരിഗണിച്ച കമ്മീഷൻ 18.1.2018 തിയതിയിലെ ഉത്തരവ് പ്രകാരം മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗമായിട്ടുള്ള മദ്രസ്സാദ്ധ്യാപകരായി ജോലി ചെയ്യുന്നവരിൽ 57 വയസ്സ് പിന്നിട്ട വർക്കും വിരമിച്ചവർക്കും ഭവന വായ്പാപദ്ധതിയിൽ നിന്നും ഭവന വായ്പ കിട്ടുന്നതിന് തിരിച്ചടവി നായി ഏഴ് വർഷം സേവന കാലം ഇല്ലെങ്കിലും വായ്പ തിരിച്ചടവ് ഉറപ്പു വരുത്തുന്നതിന് അവർ സെക്യൂരിറ്റി നൽകുകയാണെങ്കിൽ പ്രായപരിധി കണക്കിലെടുക്കാതെ അവർക്കും മേൽപറഞ്ഞ വാ യ്പാപദ്ധതിയിൽ നിന്നും വായ്പ നൽകുന്ന കാര്യം അടിയന്തിരമായി അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്ന് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഡയറക് ടർ ബോർഡിനോട് കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

### 3.1.12 വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ ചിതറ പഞ്ചായത്തിൽ താമസിക്കുന്ന ഖാലിദ് വാഹിദ് ആരിഫ ബീവിയാണ് ഹർജിക്കാരി. തന്റെ ഭർത്താവ് ഖാലിദ് 40 വർഷമായി കിടപ്പിലാ ണെന്നും 70 ശതമാനം വികലാംഗനുമാണെന്ന് ബോധിപ്പിക്കുന്നു. സ്വന്തമായുള്ള 5 സെന്റ് ഭൂമി യിൽ ഒരു ചെറ്റകുടിലിലാണ് താമസമെന്നും ഒരു വീടിന് അപേക്ഷ നൽകി വർഷങ്ങളായി കാത്തിരി പ്പാണെന്നും നിരാശ്രയരായ ഈ ദമ്പതിമാർ ഭർത്താവിന് കിട്ടുന്ന വികലാംഗ പെൻഷൻ കൊണ്ടു മാത്രമാണ് ജീവിക്കുന്നതെന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ആയതിനാൽ ഭവനനിർമ്മാണ ത്തിന് ധനസഹായം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഹർജിക്കാരി അപേക്ഷി ച്ചു. കമ്മീഷൻ കൊല്ലം ജില്ലാ കളക്ടർ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും റിപ്പോർട്ടുകൾ തേടുകയുണ്ടായി. ഹർജി പരിശോധിച്ച കമ്മീഷന് ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ ബോധ്യമായി. വളരെ ദയനീയമായ ഒരു അവസ്ഥയിലാണ് ഹർജിക്കാരി ജീവിച്ചു വരുന്നതെന്ന് നിസംശയം പറയാവുന്നതാണ്. വൃദ്ധയായ ഹർക്കാരി 70 ശതമാനം വികലാംഗനായ മാനസിക രോഗിയായ ഭർത്താവും കൂടി ഷീറ്റ് മേഞ്ഞ ഒറ്റമുറി വീട്ടിലാണ് താമസം. സർക്കാരിന്റെ ആനു കൂല്യം ലഭിക്കാൻ ഏറ്റവും അർഹരായ ആളുകളിൽപ്പെട്ട ഒരാളാണ് ഹർജിക്കാരിയാണ് എന്ന് കമ്മീ ഷൻ കരുതുന്നു. എന്നാൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പല മാനദണ്ഡങ്ങൾ അനുസരിച്ച് ഹർജിക്കാ രിക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ സാങ്കേതികമായ പല തടസ്സങ്ങളും ഉള്ളതായി ബന്ധപ്പെട്ട വകു പ്പുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിൽ നിലവിലുള്ള വീടിനോടു ചേർന്ന ഒരു മുറി കൂടി നിർമ്മിക്കാൻ സഹായം നൽകുന്ന തിന് ശുപാർശ ചെയ്തിട്ടുണ്ട്. ടിയാരിയുടെ അത്യന്തം ദയനീയമായ അവസ്ഥ കണക്കിലെടുത്ത് ചിതറ പഞ്ചായത്തിനോട് ഹർജിക്കാരിയുടെ അപേക്ഷ മാനുഷിക പരിഗണന വച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ഹർജിക്കാരിക്ക് നിലവിലെ ഷെഡിനോട് ചേർന്ന് ഒരു മുറി കൂടി പണിയുന്ന തിനുള്ള ധനസഹായം നൽകണമെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി രണ്ടു മാസത്തിനകം ഒരു തീരുമാനം എടുക്കണമെന്നും ആ തീരുമാനം കമ്മീഷനെ അറിയിക്കണ മെന്നും പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

### 3.1.13 റോഡ് നിർമ്മാണം സംബന്ധിച്ച്

കാവാലം പഞ്ചായത്തിലെ റോഡ് നിർമ്മാണം സംബന്ധിച്ച് കാവാലം പഞ്ചായത്ത് ഒമ്പതാം വാർഡ് റോഡുമുക്ക് മുതൽ കണ്ണൻകുടുക്ക വരെയുള്ള പ്രദേശവാസികളെ പ്രതിനിധീകരിച്ച് ഹർജി ക്കാരൻ (ശ്രീ.ആന്റണി കെ.റ്റി., അറുപതിൽച്ചിറ വീട്, വെളിയനാട് നോർത്ത് പി.ഒ., കുന്നുമ്മ, ആല പ്പുഴ) ബോധിപ്പിച്ച പരാതിയിൽ, ടിയാളുകൾക്ക് നടന്നുപോകാൻ, ഒരു സൈക്കിൾ പോകാനുള്ള സ്ഥലം പോലുമില്ലാത്ത ഇടിഞ്ഞുപൊളിഞ്ഞ കൽക്കെട്ടല്ലാതെ മറ്റൊന്നുമില്ലാത്തതിനാൽ മഴക്കാ ലത്തും രാത്രിസമയത്തും യാത്ര വളരെ ദുഷ്ക്കരവും അപകടം പതിവായി ഉണ്ടാകുന്നതുമാ ണെന്നും ആയതിനാൽ മെയിൻ റോഡിൽ നിന്നും ഒരു റോഡ് നിർമ്മിക്കാൻ വേണ്ട നടപടി സ്വീക രിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടും ഹർജിക്കാരന്റെ പരാതിയും പരിശോധിച്ച് പരാതിക്കാരൻ ഉൾപ്പെടെയുള്ള പ്രദേശവാസികൾ അനുഭ വിക്കുന്ന യാത്രാക്ലേശം ബോദ്ധ്യപ്പെട്ട കമ്മീഷൻ 15.03.2018 തിയതിയിൽ താഴെപ്പറയുന്ന ഉത്ത രവ് പുറപ്പെടുവിച്ചു.

(1) പരാതിക്കാർ റോഡുനിർമ്മാണത്തിനുവേണ്ടി പ്രദേശവാസികളിൽ നിന്ന് വാങ്ങിയിട്ടുള്ള സ്ഥലത്തിന്റെ കൺസെന്റും അനുബന്ധരേഖകളും പി.ഡബ്ല്യു.ഡി, റോഡ്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(2) കിടങ്ങറ–കാവാലം റോഡിൽ, കൃഷ്ണപുരം കടത്തിനുസമീപം റോഡ്മുക്കിൽ നിന്ന് ആരംഭിച്ച് കണ്ണൻകുടുക്ക വരെ എത്തിച്ചേരുന്ന റോഡ് നിർമ്മാണത്തിന് ആദ്യത്തെ 500 മീറ്ററോളം ദൂരത്തിലുള്ള വെള്ളക്കെട്ടുകളും ചാലുകളും റോഡ് നിർമ്മിക്കാൻ സഹായകരമായ വിധ ത്തിൽ പരിഷ്ക്കരിക്കുന്നതിനും തുടർന്നുള്ള ഭാഗത്തെ നാല് തോടുകൾക്ക് കുറുകെ കലുങ്കു കൾ പണിയുന്നതിനും കുട്ടനാട്, പി.ഡബ്ല്യു.ഡി റോഡ്സ് സബ് ഡിവിഷൻ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും മേൽപറഞ്ഞ

പ്രവൃത്തി എത്രയും പെട്ടെന്ന് ചെയ്തുതീർക്കുന്നതിനും വേണ്ട നടപടികൾ ചീഫ് എഞ്ചിനീയർ, പഡബ്ല്യുഡി, റോഡ്സ് ആന്റ് ബ്രിഡ്ജസ്, തിരുവനന്തപുരം ഒരുമാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

(3) മേൽപറഞ്ഞ പ്രവൃത്തിയെ സംബന്ധിച്ച് പി.ഡബ്ല്യു.ഡി, റോഡ്സ് ആന്റ് ബ്രിഡ്ജസ് ചീഫ് എഞ്ചിനീയറിൽ നിന്നും കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി, പി.ഡബ്ല്യു.ഡി, തിരുവനന്തപുരം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഒരുമാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

### 3.1.14 ശ്മശാനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച്

തൃശ്ശൂർ ആസ്ഥാനമായി പ്രവൃത്തിക്കുന്ന സ്വതന്ത്ര ക്രിസ്ത്യൻ സഭകളുടെ കൂട്ടായ്മയായ ഫെലോഷിപ്പ് ഓഫ് ക്രിസ്ത്യൻ ചർച്ചസിന്റെ പാസ്റ്റർ സി.ഒ ഡേവിഡാണ് ഹർജിക്കാരൻ. തൃശ്ശൂരിൽ തന്നെ വെവ്വേറെ സ്ഥലങ്ങളിലും ഹാളുകളിലും വീടുകളിലും പ്രാർത്ഥനയും ആരാധനയും നടത്തി വരുന്ന 500 ലേറെ സഭകളും 25000 ത്തിൽപരം വിശ്വാസികളും ഉൾപ്പെടുന്ന ടി സംഘടനയ്ക്ക് മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിനും സ്വന്തമായ ശ്മശാന ഭൂമി ഇല്ലായെന്നും സാമ്പത്തികമായി പരാധീനതകളുള്ള വിഭാഗമാകയാൽ സ്വന്തമായി ഭൂമി വാങ്ങുന്നതിനോ വാങ്ങിയാൽ തന്നെ ശ്മശാന ഭൂമിയായി അനുവാദം വാങ്ങുന്നതിനോ പല ബുദ്ധിമുട്ടുകളും ഉള്ളതിനാൽ തൃശ്ശൂർ ജില്ലയിൽ തങ്ങളുടെ മൃതദേഹങ്ങൾ മറവു ചെയ്യുന്നതിന് സർക്കാർ ഭൂമി ലീസിനോ സൗജന്യമായോ നല്കണമെന്നാണ് ടിയാന്റെ ആവശ്യം. ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട കമ്മീഷൻ ഹർജിക്കാരുടെ ശ്മശാനഭൂമി എന്ന ആവശ്യം ന്യായമാണെന്ന് ബോധ്യപ്പെട്ടതിനാൽ സർവ്വേ നമ്പർ 147-ൽപ്പെട്ട ഭൂമിയിൽ ഹർജിക്കാർക്ക് ശ്മശാനഭൂമിയായി ഉപയോഗിക്കാൻ വേണ്ട അനുമതി ജില്ലാ കളക്ടർ നൽകാൻ കമ്മീഷൻ ശിപാർശ ചെയ്തു.

### 3.1.15 ഇടുക്കി ജില്ലയിലെ എഴുകുവയൽ കേന്ദ്രമായി ഒരു പ്രാഥമികാരോഗ്യകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച്

ഇടുക്കി ജില്ലയിലെ എഴുകുവയൽ പ്രദേശത്ത് പ്രവർത്തിക്കുന്ന 'സീനിയർ സിറ്റിസൺസ് അസോസിയേഷഷ'നെ പ്രതിനിധീകരിച്ച് ഹർജിക്കാരൻ (പൗലോസ് എൻ.എം., നളനിക്കേൽ) എഴുകുവയൽ കേന്ദ്രമായി ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്. ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 18, 19 വാർഡുകളിൽ 60 വയസ്സിനുമേൽ പ്രായമായവർ വളരെയേറെ ഉണ്ടെന്നും യാത്രാസൗകര്യങ്ങൾ പരിമിതമായ ഈ പ്രദേശത്ത് നിന്നും ടിയാളുകൾക്ക് ചികിത്സയ്ക്കായി 15 കി.മീ. സഞ്ചരിച്ച് കട്ടപ്പനയിലോ നെടുങ്കണ്ടത്തോ എത്തിച്ചേരാതെ, എഴുകുവയൽ പ്രദേശത്ത് യാതൊരുവിധ ചികിത്സാ സൗകര്യവുമില്ലെന്നും ആയതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങുവാനായി സമ്മതപത്രം ലഭിച്ചിട്ടുള്ള എഴുകുവയൽ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകണമെന്നാണ് ഹർജിക്കാരൻ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടും ഹർജിക്കാരന്റെ പരാതിയും പരിഗണിച്ച കമ്മീഷന്, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ യാത്രാസൗകര്യങ്ങളും വഴികളും പരിമിതമായ ഇടുക്കി ജില്ലയിലെ ഉൾപ്രദേശങ്ങളിലൊന്നായ എഴുകുവയലിലെ ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത, രോഗികൾക്കും മുതിർന്ന പൗരന്മാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് ബോദ്ധ്യം വന്നതിനാൽ, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പഞ്ചായത്ത് പരിധിയിൽ എഴുകുവയൽ കേന്ദ്രമായി ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ-കുടുംബ ക്ഷേമ വകുപ്പ് അഡീ.ചീഫ് സെക്രട്ടറി ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായി.

### 3.1.16 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനശിപാർശ നടത്തുന്നത് സംബന്ധിച്ച്

2014 ഡിസംബർ മാസത്തിലെ ബഹു.ഹൈക്കോടതിയുടെ ഒരു ഉത്തരവിൽ ഒരു ദിവസമെങ്കിലും അനാഥമന്ദിരത്തിൽ ജീവിച്ചവർക്ക് സ്വീപ്പർ തസ്തികയിലേക്ക് 10 വയസ് ഇളവും മുൻഗണനയും നൽകി ജോലി നൽകണമെന്നുണ്ടെന്നും ടി ഉത്തരവ് പ്രകാരം ജോലിക്ക് അർഹതയുണ്ടെന്ന് കാക്കനാട് വെൽഫെയർ ഓഫീസർ വെരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയ അനാഥശാലയുടെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ, 5 വർഷം എറണാകുളം കലൂർ ബെഥേൽ ഗേൾസ് ഓർഫനേജിൽ അന്തേവാസിയായിരുന്ന അനാഥ എന്ന നിലയിലും 1989-ൽ എംപ്ലോയ്മെന്റ് സീനിയോറിറ്റി ഉള്ള ആളെന്ന നിലയിലും ക്രിസ്ത്യൻ ചേരമർ വിഭാഗത്തിലുള്ള ഹർജിക്കാരിക്ക് നിയമനം നടത്തി ജോലി ലഭ്യമാക്കിത്തരണമെന്നാണ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

എംപ്ലോയ്മെന്റ് ഡയറക്ടർ, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകളും ഹർജിയിലെ പ്രസ്താവനകളും പരിഗണിച്ച് അനാഥാലയത്തിലെ അന്തേവാസിയാണെന്നുള്ള മുൻഗണനയുള്ള ഹർജിക്കാരിക്ക് നിയമനത്തിൽ ആദ്യപരിഗണന നൽകേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വന്നതിനാൽ 19.03.2018 തിയതി കമ്മീഷൻ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

(1) ഹർജിക്കാരിയുടെ പേര് ഇനിയുണ്ടാകുന്ന ഒഴിവിലേക്ക് നാമനിർദ്ദേശം ചെയ്യുമ്പോൾ അടിമാലി എംപ്ലോയ്മെന്റ് ഓഫീസർ, ഹർജിക്കാരി അനാഥാലയത്തിലെ അന്തേവാസിയാണെന്നുള്ള സർട്ടിഫിക്കറ്റിന്റെ വിവരം രേഖപ്പെടുത്തി, ഹർജിക്കാരിക്ക് കിട്ടേണ്ട മുൻഗണന വ്യക്തമാക്കിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകേണ്ടതാണ്.

(2) ഇടുക്കി ജില്ലാ മൃഗ സംരക്ഷണ ഓഫീസിനു കീഴിലുള്ള ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമായി വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ ഹർജിക്കാരിയുടെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടിയാളുടെ നിയമനത്തിന് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ ആദ്യപരിഗണന നൽകേണ്ടതാണ്.

### 3.1.17 ജപ്തി നടപടി ഒഴിവാക്കുന്നത് സംബന്ധിച്ച്

റബ്ബർ ടാപ്പിംഗ് തൊഴിലാളിയായ ഹർജിക്കാരൻ വീടു പണിയ്ക്കായി 2 ലക്ഷം രൂപ തളിപ്പറമ്പ് പ്രാഥമിക ഗ്രാമ വികസന ബാങ്കിന്റെ പയ്യന്നൂർ ബ്രാഞ്ചിൽ നിന്നും കൈപ്പറ്റിയിരുന്നു എന്നും എന്നാൽ ഹർജിക്കാരന്റെ മകൾ സ്കൂളിൽ വച്ച് അധ്യാപകന്റെ പീഡനത്തിന് ഇരയായി മനോനില തെറ്റുകയും ശരീരത്തിൽ അണുബാധ സംഭവിക്കുകയും  നീണ്ട ചികിത്സ നടത്തേണ്ടി വന്നു എന്നും അക്കാരണത്താൽ തിരച്ചടവ്  മുടക്കം വരുത്തിയതിനാൽ ബാങ്ക് അധികൃതർ ലേലനടപടിയും ജപ്തിയുമായി മുന്നോട്ടു പോയിരിക്കുകയാണെന്നും കമ്മീഷൻ ഇടപെട്ട് ലേല നടപടി ഒഴിവാക്കണമെന്നും തിരിച്ചടവിന് സാവകാശം നൽകുന്നതിനുവേണ്ട നടപടികൾ എടുക്കണമെന്നുമാണ് പരാതി സംഗതി. കമ്മീഷൻ തളിപ്പറമ്പ് പ്രാഥമിക ഗ്രാമ വികസന ബാങ്കിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ടി റിപ്പോർട്ടിൽ ഹർജിക്കാരൻ 15/10/2013, 12/12/2013, 17/01/2014 എന്നീ തീയതികളിലായി 2 ലക്ഷം രൂപ ഭവന നിർമ്മാണ വായ്പയായി കൈപ്പറ്റിയിരുന്നു എന്നും ഇപ്പോൾ 2,61,700 രൂപ കുടിശ്ശിഖ ഉണ്ടെന്നും അറിയിക്കുന്നു. കുടിശ്ശിഖയായ വായ്പകൾ ഫോർ ക്ലോസ് ചെയ്ത് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്ത് 2017 ജൂൺ 14 ന് ലേലനടപടിയുടെ നോട്ടീസ് അയച്ചിരുന്നുവെങ്കിലും ലേലം നടപടികൾ നിർത്തിവെച്ചിരിക്കുകയാണെന്നും 30/08/2017 ലെ സഹകരണ ഓംബുഡ്സ്മാന്റെ വിധി പ്രകാരം 6 മാസത്തെ സാവകാശം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു. എന്നാൽ മൂത്ത മകളുടെ ചികിത്സ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതിനാൽ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സംഭരിക്കാൻ ഹർജിക്കാരന് കഴിഞ്ഞിട്ടില്ലാ എന്നും കൂടുതൽ സമയം നൽകണമെന്നും കമ്മീഷൻ മുമ്പാകെ ടിയാൻ ബോധിപ്പിക്കുകയുണ്ടായി. തളിപ്പറമ്പ് പ്രാഥമിക ഗ്രാമ വികസന ബാങ്കിന്റെ സെക്രട്ടറി നേരിട്ട് ഹാജരായി ഈ കമ്മീഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ലേല നടപടികൾ താല്ക്കാലികമായി നിർത്തിവെച്ചിട്ടുണ്ടെന്നും 2018 മാർച്ച് 25നകം കുടിശ്ശിഖ അടച്ചു തീർക്കുകയാണെനങ്കിൽ ബാങ്ക് നടപ്പിലാക്കി വരുന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമാണെന്ന് ബോധിപ്പിക്കുകയുണ്ടായി.

വായ്പാ കുടിശ്ശിഖ കാര്യത്തിൽ ഓംബുഡ്സ്മാന്റെ ഉത്തരവു പ്രകാരം 6 മാസത്തെ സമയം ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതാണ്. അതിനുശേഷവും ഈ കമ്മീഷന്റെ ഇടപെടൽ മൂലം ബാങ്ക് ലേല നടപടികളൊന്നും തുടങ്ങിയിട്ടില്ലാത്തതാണ്. ഹർജിക്കാരിയുടെ മൂത്ത കുട്ടിയെ അധ്യാപകൻ തന്നെ പീഡിപ്പിച്ച കാരണത്താൽ ചികിത്സയ്ക്കും മറ്റുമായി ടിയാൻ വലിയ സാമ്പത്തിക ബാധ്യതയും പ്രയാസങ്ങളും നേരിട്ടിരുന്നു എന്നത് ഒരു സത്യമാണ്. ഹർജിക്കാരന്റെ കുടിശ്ശിഖയുടെ കാര്യത്തിൽ മനുഷ്യത്വപരവും സാമൂഹിക പ്രതിബദ്ധതയും ഉള്ള ഒരു നിലപാട് എടുക്കണമെന്ന് ബാങ്ക് അധികൃതരോട് ഈ കമ്മീഷൻ ആവശ്യപ്പെടുന്നു. ബാങ്കിന്റെ പ്രത്യേക വിവേചന അധികാരങ്ങൾ ഉപയോഗിച്ച് ഹർജിക്കാരന് പരാമാവധി ആനുകൂല്യങ്ങളും ഇളവുകളും നൽകണമെന്നും ഈ കമ്മീഷൻ ബാങ്ക് അധികൃതരോട് ആവശ്യപ്പെടുന്നു.

## 2018–19

### 3.1.1 കേരള സംസ്ഥാന മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസാ അദ്ധ്യാപകരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

കേരളത്തിൽ മദ്രസാ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് മാസവേതനമായി കിട്ടുന്നത് വളരെ ചുരുങ്ങിയ സംഖ്യയാണെന്നും മാസത്തിൽ 4000 രൂപയ്ക്കും 5000 രൂപയ്ക്കും ഇടയിലാണ് ഒരു മദ്രസാ അദ്ധ്യാപകന് കിട്ടുന്ന മാസവേതനമെന്നും അതിനാൽ മദ്രസാ അദ്ധ്യാപകരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ജീവിതം വളരെ കഷ്ടത്തിലാണെന്നും അതുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ചികിത്സാപദ്ധതിയിൽ മറ്റ് ക്ഷേമനിധികളിൽ അംഗത്വമുള്ളവരെ ഉൾപ്പെടുത്തിയതു പോലെ മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസാ അദ്ധ്യാപകരെക്കൂടി സംസ്ഥാന സർക്കാരിന്റെ ചികിത്സാപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടാണ് ഹർജിക്കാരൻ(ശ്രീ. പി.എം.ജലീൽ, മണക്കാട്ടുവിളാകം, വടക്കുംഭാഗം, കഴക്കൂട്ടം പി.ഒ., തിരുവനന്തപുരം–695582) കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി.61/2018–ാം നമ്പറായി പരാതി ബോധിപ്പിച്ചത്.

കേരള സംസ്ഥാനത്ത് സാമ്പത്തികമായി ദുർബ്ബലരായ ജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി ലക്ഷ്യം വെച്ചിട്ടുള്ള പദ്ധതിയാണ് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന(ഞടആഥ)/സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി(ചിസ്). നിലവിൽ 65ഓളം ദുർബ്ബല വിഭാഗങ്ങളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നതായി തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും സംസ്ഥാന മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസാ അദ്ധ്യാപകരെ മേൽപറഞ്ഞ പദ്ധതിയിലുൾപ്പെടുത്തിയതായി പറയാത്തതിനാൽ കേരള സംസ്ഥാന മദ്രസാ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള മദ്രസാ അദ്ധ്യാപകരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി അവരെയും സംസ്ഥാന സർക്കാരിന്റെ ചികിത്സാപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്ത് ഉത്തരവായി.

### 3.1.2 നിയന്ത്രിത അവധി നൽകുന്നത് സംബന്ധിച്ച്

2017–ലെ കലണ്ടർ പ്രകാരം ആ വർഷത്തെ റംസാൻ 25.6.2017 ഞായറാഴ്ച ആയിരുന്നു. എന്നാൽ യാദൃശ്ചികമായി റംസാൻ 26.6.2017 തിങ്കളാഴ്ച വരികയും അന്നേദിവസം ബ്രഹ്മോസ് എയ്റോസ്പേസ് കമ്പനിയിലെ തൊഴിലാളികൾക്ക് മാനേജ്മെന്റ് അവധി നൽകാതിരുന്നതിനെ ചോദ്യം ചെയ്ത് മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപെട്ട ശ്രീ.എസ്.മുഹമ്മദ് സുഹൈൽ, കേരള മുസ്ലീം എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ, കാർമൽ, എൽ.ബി.എസ്. റോഡ്, പാളയം, തിരുവനന്തപുരം (ഹർജിക്കാരൻ) എന്നയാൾ കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി.150/2017–ാം നമ്പറായി ഹർജി ബോധിപ്പിച്ചിരുന്നു.

എതൃകക്ഷികൾ ബോധിപ്പിച്ച റിപ്പോർട്ടുകൾ കമ്മീഷൻ വിശദമായി പരിശോധിച്ച ശേഷം താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവായി.

മുസ്ലീം മത ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവരുടെ ആഘോഷങ്ങളായ ഈദുൽ ഫിത്തർ (റംസാൻ), ഈദുൽ അസ്ഹ (ബക്രീദ്) എന്നിവ കലണ്ടറിൽ കാണിച്ച തിയതിയിലല്ലാതെ യാദൃശ്ചികമായി മറ്റൊരു ദിനത്തിൽ വരികയാണെങ്കിൽ ബ്രഹ്മോസ് എയ്റോസ്പേസ് കമ്പനിയിൽ ജോലി ചെയ്യുന്ന മുസ്ലീം മത വിഭാഗത്തിൽപെട്ട തൊഴിലാളികൾക്ക് ടി വിശേഷ ദിവസങ്ങൾ ആഘോഷിക്കാൻ അവർക്ക് നിയന്ത്രിത അവധി നൽകാൻ വേണ്ട സത്വര നടപടി ഒന്നാം എതിർകക്ഷിയായ മാനേജിംഗ് ഡയറക്ടർ, ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എടുക്കേണ്ടതാണ്.

### 3.1.3 അർഹരായ അറബി അധ്യാപകരുടെ മുഴുവൻ നിയമനങ്ങളും പൂർത്തിയാക്കുന്നത് സംബന്ധിച്ച്

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾ ഓവർ റൂൾ ചെയ്താണ് ഇപ്പോൾ കേരള പി.എസ്.സി.യിലും മറ്റും നിയമനപ്രക്രിയകൾ നടന്നുവരുന്നതെന്നും 1958 മുതൽ നാളിതുവരെ നടത്തിയിട്ടുള്ള പി.എസ്.സി. നിയമനങ്ങളിൽ മുസ്ലീം, ലത്തീൻ കത്തോലിക്കർ, നാടാർ ക്രിസ്ത്യൻ, പരിവർത്തന ക്രിസ്ത്യൻ എന്നീ വിഭാഗങ്ങളിലെ പിന്നോക്കക്കാരായ ന്യൂനപക്ഷങ്ങൾക്ക് നിരവധി അവസരങ്ങളും തസ്തികകളും നഷ്ടപ്പെട്ടിട്ടുണ്ടെന്നും 08.03.2006 തിയതിയിലെ ഗട & ടടണ ഭേദഗതിയിലൂടെ നടപ്പിൽ വരുത്തിയ ചഇഅ നിയമനവ്യവസ്ഥയും ചട്ടം 15(മ)യും കഴിഞ്ഞ 11 വർഷമായി നിയമാനുസൃതം നടപ്പിലാക്കിയിട്ടില്ലെന്നും അക്ഷരാർത്ഥത്തിൽ ചട്ടം 14(യ)യും ചട്ടം 15(മ)യും പി.എസ്.സി. നടപ്പിലാക്കുന്നില്ലെന്നും അതിനാൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് നഷ്ടപ്പെട്ട അവസരങ്ങളും തസ്തികകളും ലഭ്യമാക്കി സാമൂഹികനീതി ഉറപ്പുവരുത്താൻ ബന്ധപ്പെട്ട അധികാരികൾക്ക് കമ്മീഷൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടാണ് മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷൻ (ങഋഇഅ) ജനറൽ സെക്രട്ടറി ശ്രീ.എൻ.കെ.അലി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചത്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിലെ അഡീ. സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിക്ക് വേണ്ടി ജോയിന്റ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ച ശേഷം താഴെ പറയുന്ന പരിഹാര നടപടി കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

ഗട & ടടണ ചട്ടം 15(മ)യിൽ പ്രതിപാദിച്ചിട്ടുള്ള വിധം എൻ.സി.എ. നിയമനങ്ങൾക്ക് രണ്ട് വിജ്ഞാപനത്തിന് ശേഷവും നിശ്ചിത സംവരണ വിഭാഗം ലഭ്യമല്ലാതെ വരുമ്പോൾ അടുത്ത അർഹമായ ഊഴത്തിലെ ആഇ, ടഇ, ടഠ വിഭാഗം ഉദ്യോഗാർത്ഥികൾ മാതൃലിസ്റ്റിൽ ലഭ്യമാണെങ്കിൽ നിയമന ശിപാർശ നൽകാൻ വ്യക്തമായ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഒരു ഉദ്യോഗാർത്ഥിയും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടിയെക്കുറിച്ച് ചട്ടത്തിൽ പ്രതിപാദിക്കുന്നില്ല എന്ന കാരണം പറഞ്ഞ് മാതൃലിസ്റ്റിൽ നിന്ന് നിയമനം നടത്താതിരിക്കുന്നത് മേൽപ്പറഞ്ഞ ചട്ടത്തിന് വിരുദ്ധമായതിനാൽ, ടി ചട്ടം ഭേദഗതി ചെയ്തതിന് ശേഷം പ്രസിദ്ധീകരിച്ചതും നിലവിൽ കാലഹരണപ്പെടാത്തതും സെലക്ഷൻ നടപടികൾ പൂർത്തീകരിക്കാത്തതുമായ മാതൃലിസ്റ്റുകളിൽ നിന്നും അർഹരായ അറബി അധ്യാപകരുടെ മുഴുവൻ നിയമനങ്ങളും ഉടൻ പൂർത്തിയാക്കാൻ വേണ്ട സത്വര നടപടികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി എടുക്കേണ്ടതാണ്.

### 3.1.4 കെ.എ.എസ്. നിയമനത്തിൽ ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും അർഹമായ സംവരണം സംബന്ധിച്ച്

നിലവിലെ റൂൾ പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പിലാക്കുമ്പോൾ നിലവിൽ 100 തസ്തികയിൽ നിയമനം നടക്കുമ്പോൾ 50 തസ്തിക കിട്ടിയിരുന്ന റിസർവേഷൻകാർക്ക് വെറും 16.5 തസ്തിക മാത്രമേ കിട്ടുകയുള്ളൂവെന്നും അതിനാൽ സംവരണം നഷ്ടപ്പെടുത്തുന്ന സർക്കാർ നടപടി പിൻവലിച്ച് ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും അർഹമായ സംവരണം കെ.എ.എസ്. നിയമനത്തിലുണ്ടാകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട്

സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി ശ്രീ.എ.എം.അബൂബക്കർ എം.സി.ഒ. പി.332/2017–ാം നമ്പറായി കമ്മീഷനിൽ പരാതി ബോധിപ്പിക്കുകയുണ്ടായി.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജോയിന്റ് സെക്രട്ടറിയും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് കമ്മീഷൻ നിർദ്ദേശിച്ച പരിഹാര നടപടി താഴെ പറയുംപ്രകാരമാണ്. പുതിയതായി സർക്കാർ രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ടയ്യേലമാ കക, കകക വിഭാഗങ്ങളിൽ നിയമനം നടത്തുമ്പോൾ ന്യൂനപക്ഷങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും അർഹതപ്പെട്ട സംവരണാനുകൂല്യം നൽകുന്നതിന് വേണ്ട നടപടികൾ സർക്കാർ എടുക്കേണ്ടതും ടി കാര്യം ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി അടിയന്തിരമായി സമർപ്പിക്കേണ്ടതുമാണ്.

### 3.1.5 മലപ്പുറം ജില്ലയിൽ വ്യവസായകേന്ദ്രങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച്

കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന മലപ്പുറം ജില്ലയിൽ മറ്റ് ജില്ലകളെ അപേക്ഷിച്ച് ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ കുറവായതിനാൽ പൊതുമേഖലയിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് മെക്ക സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.സി.എച്ച്.ഹംസ, എം.സി.ഒ.പി.340/2017–ാം നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചിരുന്നു.

ഈ പരാതിയിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിച്ച് ഉത്തരവായി.

മലപ്പുറം ജില്ലയിലെ ന്യുനപക്ഷങ്ങൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്ക് ലൈറ്റ് എഞ്ചിനീയറിംഗ് മേഖലയിലും മരാധിഷ്ഠിത മേഖലയിലും പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതും, വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മലപ്പുറം ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ ഏരിയ/പ്ലോട്ടുകൾ സ്ഥാപിക്കുന്നതും ആവശ്യമായതിനാൽ ടി ആവശ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബഹു. കേരള സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്തു.

### 3.1.6 മദ്രസാദ്ധ്യാപകരുടെ പെൻഷൻപ്രായം കുറയ്ക്കുന്നത് സംബന്ധിച്ച്

സർക്കാരിന്റെ എല്ലാ പെൻഷനുകളും വിതരണം ചെയ്യുന്നത് 60 വയസ് തികയുമ്പോഴാണെങ്കിലും മദ്രസാദ്ധ്യാപക പെൻഷൻ മാത്രം 65–ാം വയസ്സിൽ കൊടുക്കാൻ വ്യവസ്ഥ ചെയ്തത് ശരിയല്ലെന്നും മദ്രസ്സാദ്ധ്യാപക പെൻഷനും 60 വയസ് മുതൽ നൽകാൻ വ്യവസ്ഥ ചെയ്യണമെന്നും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തുച്ഛമായ ശമ്പളം കൊണ്ട് പട്ടിണിക്കാരും രോഗികളുമായി തിരിയുന്ന മദ്രസ്സാദ്ധ്യാപകർക്ക് പിന്നീടുള്ള കാലം ചെറുകിട ബിസിനസ്സും മറ്റും ചെയ്ത് ജീവിക്കാൻ രണ്ടോ മൂന്നോ ലക്ഷം രൂപ പലിശരഹിത വായ്പയായിട്ടെങ്കിലും നൽകാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്നും ആവശ്യപ്പെട്ട് മലപ്പുറം ജില്ലയിലെ ശ്രീ.ഹസ്സൻകോയ (സദർ മുഅല്ലിം എ.എം.ഐ. നമ്പൂരിപോറ്റി, രജിസ്റ്റർ നമ്പർ–174/എം: 97, എരഞ്ഞിമങ്ങാട് പി.ഒ., മലപ്പുറം–679329) കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി.344/2017–ാം നമ്പറായി പരാതി ബോധിപ്പിച്ചിരുന്നു. ടി പരാതിയിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ, കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി മാനേജർ എന്നിവർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ടുകൾ ബോധിപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടുകൾ പരിഗണിച്ച് ഹർജിക്കാരന്റെ ആവശ്യങ്ങൾ ന്യായവും പരിഗണനാർഹവുമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാൽ താഴെപ്പറയുന്ന നടപടി സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്തു.

മദ്രസാദ്ധ്യാപകരുടെ പെൻഷൻപ്രായം 65–ൽ നിന്നും 60 ആക്കി കുറയ്ക്കണമെന്ന ആവശ്യവും, മദ്രസാദ്ധ്യാപകർ പെൻഷൻ പറ്റിയ ശേഷം അവരുടെ പിന്നീടുള്ള ജീവിതത്തിനായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പലിശരഹിത വായ്പ ലഭിക്കണമെന്ന ആവശ്യവും ന്യായമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ ടി ആവശ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്യുന്നു. ടി ശിപാർശ ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

### 3.1.7 പാലം ഉയർത്തിപ്പണിയുന്നത് സംബന്ധിച്ച്

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ മണികണ്ഠൻ ചാൽ എന്ന സ്ഥലത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതൽ താമസിക്കുന്ന പ്രദേശമാണെന്നും ഈ പ്രദേശത്തേക്കുള്ള ഏക സഞ്ചാരമാർഗമായ മണികണ്ഠൻചാൽ ചപ്പാത്ത് എല്ലാ വർഷവും വെള്ളത്തിൽ മുങ്ങിപ്പോകുന്നതിനാൽ കുട്ടികൾക്ക് സ്കൂളിൽ പോകാനോ ആളുകൾക്ക് ജോലിക്ക് പോകാനോ കഴിയുന്നില്ലെന്നും ആയതിനാൽ അടിയന്തിരമായി പാലം ഉയർത്തിപ്പണിയുവാൻ വേണ്ട നടപടി സ്വീകരിക്കണ

മെന്നാവശ്യപ്പെട്ട് ഫാ.റോബിൻ പടിഞ്ഞാറേക്കുറ്റി(സെന്റ് ജോർജ്ജ് ചർച്ച്, പൂയംകുട്ടി, പൂയം കുട്ടി പി.ഒ., എറണാകുളം ജില്ല – 686681) എം.സി.ഒ.പി.370/2018–ാം നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിച്ചു. ടി പരാതിയിൽ കോതമംഗലം തഹസീൽദാർ, മലയാറ്റൂർ ഡിവിഷ ണൽ ഫോറസ്റ്റ് ഓഫീസർ, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മൂവാറ്റുപുഴ പൊതുമരാമത്ത്(നി രത്ത് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ടുകൾ ബോധിപ്പിച്ചു.

ഹർജിയിലെയും മേൽപറഞ്ഞ റിപ്പോർട്ടുകളിലെയും പ്രസ്താവനകൾ പരിഗണിച്ച കമ്മീഷൻ താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി.

എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ഉൾപ്പെട്ട മണിക ണ്ഠൻചാൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മണികണ്ഠൻചാൽ ചപ്പാത്ത് (പാലം) പൊളിച്ച് അവി ടെ പുതിയ പാലം നിർമിക്കുന്നതിനും ടി പാലത്തിന്റെ നിർമാണത്തിന് വനഭൂമി ഉപയോഗിക്കേണ്ട തിനാൽ 1980–ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം കേന്ദ്രസർക്കാരിന്റെ അനുമതി ലഭി ക്കുന്നതിനും കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് എത്രയും വേഗം പ്രമേയം പാസാക്കി സർക്കാരിലേക്ക് അ യക്കേണ്ടതാണ്. മണികണ്ഠൻചാൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മണികണ്ഠൻചാൽ ചപ്പാത്ത് പൊളിച്ച് അവിടെ പുതിയ പാലം നിർമിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് മൂവാറ്റുപുഴ പൊതുമരാമ ത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തിരമായി തയാറാക്കേണ്ടതും അങ്ങനെ തയാറാക്കുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. മൂവാറ്റുപുഴ പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും മേൽപറഞ്ഞ എസ്റ്റിമേറ്റ് കിട്ടിയാൽ പുതിയ പാലം നിർമിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനും, പാലം നിർമി ക്കുന്നതിന് വനഭൂമി ഉപയോഗിക്കേണ്ടതിനാൽ 1980–ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാ രം കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3.1.8 കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച്

മുസ്ലീം ന്യൂനപക്ഷ സമുദായാംഗങ്ങൾ തിങ്ങിപ്പാർക്കുന്ന പാലച്ചിറ അച്ചുമാമുക്ക് മുതൽ ജു മാമസ്ജിദ് വരെയുള്ള വാട്ടർ അതോറിട്ടി പൈപ്പ്ലൈനുകളിൽ കുടിവെള്ളം കിട്ടാതായിട്ട് നാളുക ളേറെയായെങ്കിലും കുടിവെള്ള പ്രശ്നത്തിന് പരിഹാരമായിട്ടില്ലെന്നും ആയതിനാൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.അ ബ്ദുൾ മനാഫ് (വട്ടവിള ഹൗസ്, പാലച്ചിറ, ചെറുന്നിയൂർ, വർക്കല, തിരുവനന്തപുരം ജില്ല) എം.സി. ഒ.പി.449/2018 –ാം നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിക്കുകയുണ്ടായി. ടി പരാതി യിൽ കേരള വാട്ടർ അതോറിട്ടി, വർക്കല വാട്ടർ സപ്ലൈ സബ്ഡിവിഷൻ അസി.എക്സി.എഞ്ചിനീ യർ, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസി പ്പൽ സെക്രട്ടറി എന്നിവർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ടുകൾ ബോധിപ്പിച്ചു.

മേൽപറഞ്ഞ റിപ്പോർട്ടുകളിലെ പ്രസ്താവനകൾ കണക്കിലെടുത്ത് താഴെ പറയുന്ന നടപടി കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ പാലച്ചിറ പ്രദേശത്തെ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക വികസനത്തിന് പാലച്ചിറ മുതൽ അച്ചു മാമുക്കു വരെ കുടിവെള്ളവിതരണം നടത്തുന്നതിന് നിലവിൽ സ്ഥാപിച്ചിട്ടുള്ള 40 എംഎം പിവിസി പൈപ്പ്ലൈൻ മാറ്റി 90 എംഎം പിവിസി പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം സുഗമമായി എത്തി ക്കുന്നതിനായി കേരള വാട്ടർ അതോറിട്ടി വർക്കല വാട്ടർ സപ്ലൈ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയാറാക്കി പുതിയ ടഷഞ പ്രകാരം മതിയായ രേഖകൾ സഹിതം പ്രപ്പോസൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിക്കുന്ന പദ്ധതി ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിരി ക്കുന്ന തുക വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി ബഹു. കേരള സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്യുന്നു. ഈ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

### 3.1.9 കുമ്പസാരത്തെ അവഹേളിച്ചത് സംബന്ധിച്ച്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളി മാസികയുടെ 2018 ആ ഗസ്റ്റ് 1 തിയതിയിലെ 'ലജ്ജിക്കണം' എന്ന തലക്കെട്ടോടുകൂടിയ മുഖപ്രസംഗത്തിൽ ക്രൈസ്തവസ ഭ പരിപാവനമായി കരുതുന്ന കുമ്പസാരം എന്ന കൂദാശയെ വികലമായും അപഹാസ്യമായും ചിത്രീകരിച്ചുകൊണ്ട് ടി മാസികയുടെ എഡിറ്റർ എഴുതിയ മുഖപ്രസംഗത്തിലെ പരാമർശങ്ങളിൽ കേരളത്തിലെ കത്തോലിക്കാ വിശ്വാസികൾക്ക് വേദനയും പ്രതിഷേധവുമുണ്ടെന്നും ഒക്ടോബർ ലക്കത്തിലും സമാനമായ പരാമർശങ്ങൾ ആവർത്തിക്കപ്പെട്ടപ്പോൾ ഇത് വ്യക്തമായ ലക്ഷ്യത്തോടെ കുട്ടികളിൽ മതനീരസവും മതവിരുദ്ധ ചിന്തകളും വളർത്താനുള്ള നിഗൂഢ അജണ്ടയുടെ ഭാഗമാ ണെന്നുള്ള സംശയം ശക്തമാവുകയാണെന്നും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാ

ശങ്ങളായ മതസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നിഷേധിക്കുന്ന നിലപാട് ഒരു മതേതര സർക്കാരിന് ഭൂഷണമല്ലെന്നും മതവികാരത്തെ വ്രണപ്പെടുത്തുന്ന വാക്കുകളും പ്രവൃത്തികളും ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെടുന്ന സമൂഹത്തിൽ ഒരു സർക്കാർ പ്രസിദ്ധീകരണത്തിന്റെ മുഖപ്രസംഗത്തിൽ ഇത്തരം പരാമർശങ്ങളുണ്ടാകുന്നത് പ്രതിഷേധാർഹമാണെന്നും ആയതിനാൽ കമ്മീഷന്റെ ഭാഗത്തുനിന്ന് ഗൗരവമായ ഇടപെടലുകൾ ഉണ്ടാകണമെന്നും അവഹേളനപരമായ പരാമർശങ്ങൾ പിൻവലിക്കുന്നതിനും ഇത്തരം നിരുത്തരവാദപരമായ പരാമർശങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ആർച്ച് ബിഷപ്പ് ഡോ.എം.സൂസപാക്യം കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി. 532/2018–ാം നമ്പറായി പരാതി സമർപ്പിക്കുകയുണ്ടായി. ടി പരാതിയിൽ സാംസ്കാരികകാര്യ(സി) വകുപ്പിലെ അഡീ.സെക്രട്ടറി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ കമ്മീഷൻ മുമ്പാകെ റിപ്പോർട്ടുകൾ ബോധിപ്പിച്ചു. മുഖപ്രസംഗത്തിലെ വിവാദ പരാമർശങ്ങളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ക്ഷമാപണം നടത്തിയതായും വിവാദ പരാമർശങ്ങൾ പിൻവലിച്ചതായും കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഹർജിയിലേയും റിപ്പോർട്ടുകളിലേയും പ്രസ്താവനകൾ പരിഗണിച്ച കമ്മീഷൻ താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി.

2018 ആഗസ്റ്റ് 1 –ൽ പ്രസിദ്ധീകരിച്ച വിജ്ഞാന കൈരളി മാസികയിലെ മുഖപ്രസംഗത്തിൽ കുമ്പസാരം എന്ന കൂദാശയെ സംബന്ധിച്ചുള്ള വിവാദ പരാമർശങ്ങളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ക്ഷമാപണം നടത്തിയിട്ടുള്ളതിനാൽ ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കമ്മീഷൻ കരുതുന്നുവെങ്കിലും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണമായ വിജ്ഞാന കൈരളി മാസികയിൽ മതവിശ്വാസത്തെയും ആചാരത്തെയും വിമർശിക്കുന്ന തരത്തിലുള്ള പരാമർശങ്ങൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനു വേണ്ട നടപടി സാംസ്കാരികകാര്യ(സി) വകുപ്പ് സെക്രട്ടറി, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 3.1.10 കോട്ടയം ജില്ലയിലെ മണങ്ങല്ലൂർ മുസ്ലീംപള്ളിക്ക് സമീപം പോളിയോ ബൂത്ത് അനുവദിക്കുന്നത് സംബന്ധിച്ച്

നിലവിൽ പോളിയോ വാക്സിൻ എടുക്കാൻ നാലു കിലോമീറ്റർ താണ്ടേണ്ടി വരുന്ന മണങ്ങല്ലൂർ നിവാസികൾക്ക് മണങ്ങല്ലൂർ മുസ്ലീം പള്ളിക്ക് സമീപം പോളിയോ ബൂത്ത് അനുവദിക്കണമെന്ന നിവേദനത്തിലെ ആവശ്യത്തിൽ (എം.സി.ഒ.പി.നമ്പർ: 508/2017), കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ച കമ്മീഷന്, അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പോളിയോ വാക്സിൻ നൽകുന്നതിനായി, മണങ്ങല്ലൂർ ദേശവാസികൾക്ക് വളരെയധികം ദൂരം യാത്ര ചെയ്യേണ്ടി വരുന്നത് ക്ലേശകരമാണെന്ന് ബോദ്ധ്യമായതിനാൽ, ഹർജിക്കാരൻ ജനറൽ സെക്രട്ടറിയായ പി.യു.സി.എൽ. സംഘടന വാക്സിൻ വിതരണത്തിനാവശ്യമായ സ്ഥലവും സൗകര്യവും തയ്യാറാക്കണമെന്നും ടിയാളുകൾ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് മണങ്ങല്ലൂർ ദേശത്ത് വാക്സിൻ വിതരണത്തിന് എതൃകക്ഷികൾ നടപടികൾ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് രണ്ടുമാസത്തിനകം എതൃകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കണമെന്നും ഉത്തരവായി.

### 3.1.11 കോട്ടയം ജില്ലയിലെ പായിപ്പാട് സെന്റ് ജോസഫ്സ് ഗേൾസ് സ്കൂളിൽ ആൺകുട്ടികൾക്കും പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച്

അഞ്ചാം ക്ലാസ് മുതലുള്ള പഠനത്തിനായി ഒൻപതു കിലോമീറ്റർ അകലെയുള്ള സ്കൂളുകളെയാണ് പ്രദേശവാസികളായ ആൺകുട്ടികൾ ആശ്രയിക്കുന്നതെന്നും ആയതിനാൽ പായിപ്പാട് സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ അഞ്ചാംക്ലാസ് മുതൽ പത്താം ക്ലാസ് വരെ ആൺകുട്ടികൾക്കും പ്രവേശനം അനുവദിക്കണമെന്നുമുള്ള ഹർജിക്കാരുടെ ആവശ്യത്തിൽ(എം.സി.ഒ.പി.നമ്പർ: 234/2017) ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ് ട്രക്ഷന്റെ റിപ്പോർട്ടും തൃക്കൊടിത്താനം ഗവ.ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മിസ്ട്രസ്, പായിപ്പാട് ഗവ.ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് എന്നിവരുടെ ആക്ഷേപങ്ങളും പരിഗണിച്ച കമ്മീഷന്, ഹർജിയിലെ ആവശ്യം അനുവദിക്കേണ്ടത്, സർക്കാർ നയമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിന് അനിവാര്യമാണെന്ന് ബോദ്ധ്യമായതിനാൽ കോട്ടയം ജില്ലയിലെ പായിപ്പാട് നാലുകോടി സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകളിൽ ആൺകുട്ടികൾക്ക് കൂടി പ്രവേശനാനുമതി നൽകുന്നതിനുവേണ്ട അടിയന്തിര നടപടി ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഒരുമാസത്തിനകം ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കണമെന്നും കമ്മീഷൻ ഉത്തരവായി.

### 3.1.12 വിവിധ ആവശ്യങ്ങളുന്നയിച്ച് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സി.സി.എം.വൈ. വിദ്യാർത്ഥികൾ നൽകിയ നിവേദനം

ഫൗണ്ടേഷൻ കോഴ്സിന്റെ കാലാവധി 6 മാസത്തിൽ നിന്നും ഒരു വർഷമാക്കണം, ക്ലാസ്മുറികൾ വെർച്ചൽ ക്ലാസ്മുറികളാക്കണം, റഫറൻസ് ലൈബ്രറി മെച്ചപ്പെടുത്തണം, ഫാനുകളുടെ എ

ണ്ണം കൂട്ടണം, രംഗനാഥമിശ്ര കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കണം, അപ്പക്സ് സൊസൈറ്റി നിയമനം പി.എസ്.സി.ക്ക് വിടണം, പാലോളി റിപ്പോർട്ടിൽ പരാമർശിക്കുന്ന കൈത്തൊഴിൽ പരിശീലനം നൽകണം എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ ഉന്നയിച്ച് കാഞ്ഞിരപ്പള്ളിയിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സൗജന്യ മത്സരപ്പരീക്ഷാ പരിശീലന കേന്ദ്രത്തിലെ വിദ്യാർത്ഥികൾ, കമ്മീഷൻ മുമ്പാകെ നൽകിയ ഹർജിയിൽ(എം.സി.ഒ.പി.നമ്പർ: 39/2017), ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ, കയർ ഫെഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പക്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടുകൾ പരിഗണിച്ച് കമ്മീഷൻ, കേരള കോ ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ് അപ്പക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്നീ സഹകരണ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ ഈ സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും ടി സഹകരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സിയിലേക്ക് അറിയിക്കുന്ന മുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണെന്നും കമ്മീഷൻ ഉത്തരവായി. കൂടാതെ കാലിഗ്രാഫി പഠിക്കാൻ താൽപര്യമുള്ള, ഒരു കോഴ്സിനുള്ള അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് കാഞ്ഞിരപ്പള്ളി പരിശീലന കേന്ദ്രം പ്രിൻസിപ്പൽ അടുത്ത സാമ്പത്തികവർഷം പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം ടി കോഴ്സ്, കാഞ്ഞിരപ്പള്ളി പരിശീലന കേന്ദ്രത്തിൽ അനുവദിക്കുന്നതിനുള്ള നടപടി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

### 3.1.13 കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിലെ പ്രാഥമികാരോഗ്യകേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച്

ഈരാറ്റുപേട്ട നഗരസഭയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ഹർജിയിലെ(എം.സി.ഒ.പി.നമ്പർ: 143/2017) ആവശ്യവും പ്രസ്തുത പരാതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറും കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറും സമർപ്പിച്ച റിപ്പോർട്ടുകളും കേരളത്തിലെ ഓരോ താലൂക്കിലേയും താലൂക്ക് ആശുപത്രികളുടെ എണ്ണവും ജനസംഖ്യയും സംബന്ധിച്ച് എതൃകക്ഷികൾ ഹാജരാക്കിയ രേഖകളും പരിശോധിച്ച്, മറ്റ് ജില്ലകളെ അപേക്ഷിച്ച് കോട്ടയം ജില്ലയിൽ സർക്കാർ ആശുപത്രികൾ കുറവാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാലും, ഈരാറ്റുപേട്ട പ്രാഥമികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് ഈരാറ്റുപേട്ട നഗരസഭയിലേയും സമീപത്തെ മലയോര പഞ്ചായത്തുകളായ തലപ്പലം, മേലുകാവ്, മൂന്നിലവ്, തലനാട്, തീക്കോ യി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തിടനാട് തുടങ്ങിയ ഇടങ്ങളിലെയും നിവാസികൾക്ക് ആശ്വാസകരമാകുമെന്ന് ബോദ്ധ്യമായതിനാലും, ഈരാറ്റുപേട്ടയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രം താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന വിഷയം ബഹു.കേരള സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ആരോഗ്യ–കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

### 3.1.14 ആലപ്പുഴ ജില്ലയിലെ എടത്വ കേന്ദ്രീകരിച്ച് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സൗജന്യ മത്സരപ്പരീക്ഷാ പരിശീലന കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച്

66 ശതമാനം വരുന്ന ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ആലപ്പുഴ ജില്ലയിൽ പുന്നപ്ര കേന്ദ്രീകരിച്ചുള്ള ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ പരീക്ഷാ പരിശീലന കേന്ദ്രം അപര്യാപ്തമാണെന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ളവർ വളരെ ദൂരം സഞ്ചരിച്ചാണ് ടി കേന്ദ്രത്തിലെത്തുന്നതെന്നും ജില്ലയിലുള്ള ക്രിസ്ത്യൻ മതവിശ്വാസികളിൽ ഭൂരിഭാഗവും സീറോ മലബാർ അംഗങ്ങളാണെന്നും അവരുടെ സമുദായ ആസ്ഥാനം ചങ്ങനാശ്ശേരി ആയതിനാൽ എടത്വ കേന്ദ്രീകരിച്ച് ന്യൂനപക്ഷങ്ങൾക്കായുള്ള ഒരു സൗജന്യ മത്സരപരീക്ഷ പരിശീലന കേന്ദ്രം അനുവദിക്കണമെന്നുമുള്ള ഹർജിക്കാരന്റെ പരാതി(എം.സി.ഒ.പി.നമ്പർ: 202/2017) പരിഗണിച്ച കമ്മീഷൻ, പുന്നപ്രയിലുള്ള സൗജന്യ മത്സരപ്പരീക്ഷാ പരിശീലന കേന്ദ്രത്തിൽ 80 ശതമാനം സീറ്റുകൾ മുസ്ലീം വിഭാഗത്തിനും 20 ശതമാനം സീറ്റുകൾ മറ്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുമാകയാൽ, ക്രൈസ്തവ ന്യൂനപക്ഷ വിഭാഗം കൂടുതലായുള്ള ആലപ്പുഴ ജില്ലയിലെ യുവജനങ്ങൾക്ക് ടി 20 ശതമാനം സീറ്റുകൾ പര്യാപ്തമല്ലെന്ന് ബോദ്ധ്യമായതിനാൽ ആലപ്പുഴ ജില്ലയിൽ എടത്വ കേന്ദ്രീകരിച്ച് ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള ഒരു സൗജന്യ മത്സരപരീക്ഷ പരിശീലന കേന്ദ്രം അനുവദിക്കുന്നതിനാവശ്യമായ നടപടി ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.15 പരീക്ഷാഹാളിൽ പെൺകുട്ടികൾക്ക് ശിരോവസ്ത്രം അനുവദിക്കുന്നത് സംബന്ധിച്ച്

ശിരോവസ്ത്രം ധരിച്ചതിന്റെ പേരിൽ സി.ബി.എസ്.ഇ. ആൾ ഇന്ത്യ പ്രീ മെഡിക്കൽ ഡെന്റൽ എൻട്രൻസ് പരീക്ഷാഹാളിൽ പുറത്താക്കപ്പെട്ട കുമാരി ആലിയ ഫർസാന പി.എ. കമ്മീ

ഷൻ മുമ്പാകെ ബോധിപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.നമ്പർ: 470/2015), നഷ്ടപരിഹാരവും പർദ്ദ ധരിച്ച് പരീക്ഷയെഴുതാൻ എല്ലാ വിശ്വാസികളായ പെൺകുട്ടികൾക്ക് അനുവാദവും പരീക്ഷ എഴുതിക്കാതെ പുറത്താക്കിയ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടിയും ആവശ്യപ്പെട്ടിരുന്നു.

എതൃകക്ഷികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിന്മേൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ബോധിപ്പിക്കാനും, പരീക്ഷാ ഹാളിലെ ഡ്രസ്കോഡ് നിബന്ധനകൾക്കെതിരെ സ്റ്റുഡന്റ്സ് ഇസ്ലാമിക് മൂവ്മെന്റ് സമർപ്പിച്ച ഡബ്ല്യു.പി.(സി)486/15 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ. കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും അനിഷ്ടകരമായ സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ടി ബഹു. ഹൈക്കോടതിവിധിയിൽ പറഞ്ഞിരിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യക്തവും സുതാര്യവുമായ നിർദ്ദേശങ്ങൾ ഭാവിയിൽ പാലിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും നൽകുന്നതിനും നിർദ്ദേശിച്ചു.

### 3.1.16 ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഐ.എ.വൈ വീടുകൾ നൽകുന്നത് സംബന്ധിച്ച്

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ വീടുകൾ നൽകുന്നതിൽ 60 ശതമാനം എസ്.സി./എസ്.റ്റി വിഭാഗങ്ങൾക്കും 25 ശതമാനം ജനറൽ വിഭാഗങ്ങൾക്കും ബാക്കി 15 ശതമാനം മാത്രമാണ് മൈനോറിറ്റി വിഭാഗങ്ങൾക്ക് നൽകുന്നതെന്നും എസ്.സി/എസ്.റ്റി. വിഭാഗങ്ങൾ പരിമിതമായ ബ്ലോക്ക് പഞ്ചായത്തിൽ അവർ ആവശ്യപ്പെട്ട വീടുകൾ നൽകി കഴിഞ്ഞുവെന്നും ടി ബ്ലാക്ക് പഞ്ചായത്തിൽ ഭൂരിപക്ഷവും മൈനോരിറ്റി വിഭാഗത്തിൽപ്പെട്ട ആളുകൾ ആകയാൽ മൈനോറിറ്റി വിഭാഗങ്ങൾക്ക് മൊത്തം വീടുകളുടെ 45 ശതമാനം നൽകാൻ കമ്മീഷൻ നടപടി സ്വീകരിക്കണെന്ന് പറഞ്ഞാണ് ഹർജിക്കാരനായ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കമ്മീഷൻ മുമ്പാകെ ഹർജി (എം.സി.ഒ.പി.നമ്പർ: 219/2014)ബോധിപ്പിച്ചത്.

ദാരിദ്ര ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഐ.എ.വൈ, പി.എം. എ.വൈ (ഗ്രാമീൺ പദ്ധതിയിൽ) ന്യൂനപക്ഷ വിഭാഗങ്ങൾക്കും എസ്. സി.എസ്.റ്റി വിഭാഗങ്ങൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകുന്നത് കേന്ദ്ര സർക്കാർ ആണെന്നും ആയതിൽ ഒരു മാറ്റം വരുത്തുന്നതിന് തങ്ങൾക്ക് സാധ്യമല്ലെന്നും ഗവൺമെന്റ് അത്തരം ഒരു ഉത്തരവ് നൽകുന്ന പക്ഷം മാത്രമേ ടാർജറ്റുകളിൽ വ്യതിയാനം വരുത്തി ന്യൂനപക്ഷ വിഭാഗങ്ങൾക്കു കൂടുതൽ വീടുകൾ നൽകുവാൻ കഴിയുകയുള്ളൂ എന്നും റിപ്പോർട്ടു ചെയ്തു. തുടർന്ന് ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണർ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ ഐ.എ.വൈ/ പി.എം. എ. വൈ (ഗ്രാമീൺ) പദ്ധതിയിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കും എസ്.സി. എസ്.റ്റി വിഭാഗങ്ങൾക്കുമുള്ള ടാർജറ്റുകൾ നിശ്ചയിച്ചു നൽകുന്നത് കേന്ദ്ര സർക്കാരാണ് എന്നും ആയത് മാറ്റുന്നതിനോ അപേക്ഷയിൽ ആവശ്യപ്പെട്ടതുപോലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ടാർജറ്റ് ഉയർത്തുന്നതിനോ സാധിക്കാത്ത അവസ്ഥയാണ് എന്നും കേന്ദ്ര ഗവൺമെന്റ് അതിൻപ്രകാരം ഉത്തരവ് ലഭ്യമാക്കുന്ന പക്ഷം മാത്രമേ ടാർജറ്റുകളിൽ വ്യതിയാനം വരുത്തി ന്യൂനപക്ഷ വിഭാഗത്തിന് കൂടുതൽ വീടുകൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്നും പ്രസ്താവിച്ചിരുന്നു.

എന്നാൽ മേൽ റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, ഐ.എ.വൈ പദ്ധതിയിൽ ടാർജറ്റുകൾ നിശ്ചയിട്ടു നൽകുന്നത് കേന്ദ്ര സർക്കാരാണെന്നും ആയതിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതാണെന്നും എന്നാൽ ഓരോ സംസ്ഥാനത്തെയും പ്രത്യേക സ്ഥിതി വിശേഷം അനുസരിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കും എസ്.സി/ എസ്.റ്റി വിഭാഗങ്ങൾക്കും ഉള്ള ടാർജറ്റുകളിൽ മാറ്റം വരുത്തുന്നതിന് ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നതാണെന്നും ആയതിനാൽ കേരളത്തിന്റെ പ്രത്യേക സ്ഥിതി വിശേഷം അനുസരിച്ച് കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ വർദ്ധിച്ച ശതമാന കണക്ക് അനുസരിച്ച് കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഐ.എ വൈ പദ്ധതിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള 15% എന്നത് വർദ്ധിപ്പിച്ച് കേരളത്തിലെ മൊത്തം ജനസംഖ്യയിൽ ഏകദേശം 45 ശതമാനത്തോളം വരുന്ന ജനങ്ങളും ന്യൂനപക്ഷ വിഭാഗക്കാരാകയാൽ കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് ഐ.എ. വൈ പദ്ധതി വിഹിതം 45 ശതമാനമായി ഉയർത്തി ടാർജറ്റ് നൽകുവാൻ കേന്ദ്ര സർക്കാറിനോട് അപേക്ഷിക്കണമെന്നും ഇക്കാര്യത്തിൽ വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും ഗ്രാമ വികസന സെക്രട്ടറിയോട് കമ്മീഷൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.17 നിരാലംബയായ ഹർജിക്കാരിക്ക് വീട് അനുവദിക്കുന്നത് സംബന്ധിച്ച്

കാലപഴക്കം കാരണം വീട് പൊളിഞ്ഞു പോയതിനാൽ ഒരു കുടിൽ കെട്ടി അതിലാണ് ഏകയായി താമസമെന്നും പ്രായാധിക്യം കൊണ്ടും അസുഖം മൂലവും അവിടെ താമസിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട് എന്നും ആയതിനാൽ ഒരു വീടിനുവേണ്ട ധനസഹായം ബന്ധപ്പെട്ടവരിൽ നിന്ന് ലഭ്യമാക്കണമെന്നും അപേക്ഷിച്ച് ഹർജിക്കാരി കണ്ണൂർ ജില്ലയിലെ ശ്രീമതി ബീവി കമ്മീഷൻ മുമ്പാകെ പരാതി(എം.സി.ഒ.പി.നമ്പർ: 282/2017) സമർപ്പിക്കുകയുണ്ടായി. ഹർജിക്കാരിയുടെ മേൽ വിവരിച്ച ദൈന്യതയാർന്ന ജീവിത കഥയുടെ പശ്ചാത്തലത്തിലും വിധവയും ഏകാകിയുമായ അപേക്ഷകയ്ക്ക് സുരക്ഷിതമായ ഒരു വീടില്ല എന്ന യാഥാർത്യം കണക്കിലെടുത്തും എതൃക

ക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ പരിഗണിച്ചും ഹർജിക്കാരിയുടെ അപേക്ഷ ഒരു പ്രത്യേ ക കേസായി പരിഗണിച്ച് ഹർജിക്കാരിയെ ലൈഫ് പദ്ധതിയിലോ മറ്റെതെങ്കിലും പദ്ധതിയിലോ അനുകമ്പാ പൂർണമായ പരിഗണന (കംമ്പാഷണേറ്റ്) നൽകി ഭവന നിർമ്മാണത്തിനുള്ള സഹായ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കമ്മീഷൻ ജില്ലാ കളക്ടറോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ശുപാർശ ചെയ്യുകയും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ ഒരു അനുകൂല തീരുമാനം എടുക്കണമെന്നും കാണിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.18 പി.എസ്.സി. റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്നത് സംബന്ധിച്ച്

കാസർഗോഡ് ജില്ലയിൽ കാറ്റഗറി നമ്പർ 387/2014 എൽ.പി.എസ്.എ. മലയാളം മീഡിയം പി.എസ്.സി. പരീക്ഷ എഴുതിയ ഹർജിക്കാരൻ (സി.എ.അബ്ദുൾ റഷീദ്, പള്ളംകോട്, അടൂർ പി.ഒ., കാസർഗോഡ് ജില്ല) ഈ തസ്തികയിലേക്കുള്ള പരീക്ഷ കഴിഞ്ഞ് വർഷങ്ങൾക്കുശേഷം പി.എസ്.സി. മെയിൻലിസ്റ്റിൽ 299 വിദ്യാർത്ഥികളും സപ്ലിമെന്ററി ലിസ്റ്റിൽ ആകെ 421 ഉദ്യോഗാർത്ഥികളും ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും 2019, 2020, 2021, 2022 വർഷങ്ങളിൽക്കൂടി വരാനുള്ള ഒഴിവുകൾ കൂടി കണക്കാക്കുമ്പോൾ ഈ ലിസ്റ്റ് വളരെ ചെറുതാണെന്നും മെയിൻ ലിസ്റ്റ് തീർന്നാൽ തനിയെ സപ്ലിമെന്ററി ലിസ്റ്റും കാലഹരണപ്പെട്ട് പോകുന്നതിനാൽ ലിസ്റ്റിൽപ്പെട്ട പലർക്കും ജോലി ലഭിക്കാൻ സാധ്യതയില്ലെന്നും വലിയൊരു ഉദ്യോഗാർത്ഥികൾ ഇനിയൊരു പരീക്ഷയെഴുതാൻ കഴിയാത്ത വിധം പ്രായമായവരാണെന്നും കാസർഗോഡ് ജില്ലയിൽ ഇപ്പോൾത്തന്നെ ഏകദേശം 400-ന് മുകളിൽ തസ്തിക ഒഴിവുകളുള്ളതായി വിവരാവകാശ പ്രകാരം അറിവ് ലഭിച്ചിട്ടുണ്ടെന്നും വരുംവർഷങ്ങളിലെ റിട്ടയർമെന്റ് ഒഴിവുകൾ കൂടി കണക്കാക്കുമ്പോൾ ഏകദേശം 1000-ത്തിലധികം തസ്തികകൾ ഒഴിവ് വരുമെന്നാണ് കണക്കാക്കുന്നതെന്നും ആയതിനാൽ ഇപ്പോഴത്തെ ലിസ്റ്റ് വളരെ പെട്ടെന്നുതന്നെ കാലഹരണപ്പെട്ട് പോകുമെന്നതിനാൽ വലിയൊരു വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കാതെ പോകുന്ന അവസ്ഥ സംജാതമാകുമെന്നും കേരള സർക്കാരിന്റെ ഇപ്പോഴത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വളരെയധികം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന അവസ്ഥയുള്ളതിനാൽ അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ വളരെയധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാസർഗോഡ് പോലുള്ള പിന്നോക്ക ജില്ലയിലെ വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെ ദോഷകരമായി ബാധിക്കുമെന്നും പി.എസ്.സിയുടെ ഇപ്പോഴത്തെ നിയമം അനുസരിച്ച് കാലാവധിക്കുള്ളിൽ വരുന്ന വർഷങ്ങളിലെ ഒഴിവുകൾ കണക്കാക്കി അവയുടെ അഞ്ചിരട്ടി അംഗസംഖ്യ ഉൾക്കൊള്ളുന്ന ലിസ്റ്റാണ് പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നതെന്നും അപേക്ഷകരുടെ കാര്യത്തിൽ അത്തരത്തിൽ ഒരു ലിസ്റ്റ് വിപുലീകരിക്കുക വഴി വളരെയേറെ ഉദ്യോഗാർത്ഥികൾക്ക് ഗുണഫലം ലഭിക്കുമെന്നും കമ്മീഷൻ മുമ്പാകെ ഹർജി (എം.സി.ഒ.പി.നമ്പർ: 381/2018 & 385/2018) ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷന് കാസർഗോഡ് ജില്ല കാറ്റഗറി നമ്പർ 387/2014 എൽ.പി.എസ്.എ. മലയാളം മീഡിയം റാങ്ക് ലിസ്റ്റ് വിപുലീകരിക്കേണ്ടത് നീതിന്യായപൂർത്തിക്ക് അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടതിനാൽ, ടി ലിസ്റ്റ് യുക്തമായ രീതിയിൽ വിപുലീകരിക്കണമെന്ന് പി.എസ്.സിയോടും അതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് വിദ്യാഭ്യാസ സെക്രട്ടറിയോടും ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.19 കെട്ടിടനമ്പർ പുനഃസ്ഥാപിച്ചു കിട്ടുന്നത് സംബന്ധിച്ച്

അഭിഭാഷകനായ ഹർജിക്കാരൻ തന്റെ ഉടമസ്ഥതയിലുള്ള ചേർപ്പ് പഞ്ചായത്ത് 20-ാം വാർഡിൽ 600-ാം നമ്പറായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ പേരുവിവരങ്ങൾ ഓക്കുപെൻസി രജിസ്റ്ററിൽ നിന്നും തനിക്ക് യാതൊരു നോട്ടീസോ അറിവോ നൽകാതെയും തന്റെ വാദം കേൾക്കാതെയും നീക്കം ചെയ്തുവെന്നും ടി നടപടി നിയമവിരുദ്ധവും നിലവിലുള്ള ചട്ടങ്ങളുടെ ലംഘനവും ആകയാൽ കമ്മീഷൻ ഇടപെട്ട് ചേർപ്പ് പഞ്ചായത്ത് സെക്രട്ടറിയുടെ നിയമവിരുദ്ധമായ ഉത്തരവ് റദ്ദ് ചെയ്യണമെന്നും തന്റെ പഴയ കെട്ടിടനമ്പർ പുനഃസ്ഥാപിച്ചു കിട്ടണമെന്നുമാണ് ഹർജിയിൽ (എം.സി.ഒ.പി.നമ്പർ: 442/2018) ആവശ്യപ്പെട്ടിരിക്കുന്നത്. കമ്മീഷൻ ഹർജിക്കാരന്റേയും എതൃകക്ഷിയായ പഞ്ചായത്ത് സെക്രട്ടറിയുടേയും വാദങ്ങൾ വിശദമായി കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖകൾ പ്രകാരം 20/600 നമ്പർ കെട്ടിടം ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ളതാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ബോദ്ധ്യപ്പെട്ടതിനാൽ പഞ്ചായത്ത് സെക്രട്ടറി ഹർജിക്കാരന് നിയമപ്രകാരമുള്ള നോട്ടീസ് നൽകി ടിയാനെ കേട്ടതിനുശേഷം പുതിയ ഉത്തരവ് മേൽപറഞ്ഞ പരാതിയിൽ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

## 2019–2020

### 3.1.1 ഫോർട്ട് കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശം അതിശക്തമായ കടൽ ക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതു സംബന്ധിച്ച്

എറണാകുളം ജില്ലയിലെ തീരപ്രദേശമായ ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള വിവിധ ഇടവകകളിൽ നിന്നുമുള്ള ജനങ്ങളുടെ പ്രതിനിധികളായി വൈദികരും ഹർജിക്കാരൻ (ശ്രീ.ഇമ്മാനുവൽ എം.ജെ., കെ.സി.വൈ.എം. പ്രസിഡന്റ്, ഓൾഡ് സെമിനാരി ക്യാമ്പസ്, ആലപ്പുഴ – 688001) ഉൾപ്പെടെയുള്ള സംഘടനാ ഭാരവാഹികളും ഒപ്പിട്ട് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ(എം.സി.ഒ.പി.നമ്പർ 236/2019) ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശം അതിശക്തമായ കടൽക്ഷോഭം നേരിടുന്നു എന്നും ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ടി പ്രദേശത്തിന്റെ സംരക്ഷണത്തിനായി ആവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിനായി കമ്മീഷന്റെ ഇടപെടൽ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടിരുന്നു.

കമ്മീഷന് ലഭിച്ച മേൽ പരാതിയെ തുടർന്ന് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 16.07.2019 തിയതി മേൽപറഞ്ഞ തീരപ്രദേശങ്ങളിൽ പരാതിവിഷയത്തെപ്പറ്റി നേരിട്ട് അറിയുന്നതിന് സ്ഥലസന്ദർശനം നടത്തുകയുണ്ടായി.

ഹർജിയിലെ പ്രസ്താവനകളും ജലസേചനവകുപ്പ് സെക്രട്ടറിക്ക് വേണ്ടി എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ച കമ്മീഷൻ, ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശത്ത് അതിശക്തമായ കടൽക്ഷോഭം മൂലം ടി പ്രദേശത്ത് താമസിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതിനാൽ കടലാക്രമണത്തെ ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ നിർദ്ദേശിച്ച് നടപ്പിലാക്കുന്നതിനായി വിദഗ്ധ പഠനം നടത്തുന്നതിന് ഒരു വിദഗ്ധസമിതി രൂപീകരിക്കുന്നതിനും, ചെല്ലാനം ഭാഗത്തുള്ള തീരപ്രദേശങ്ങളിൽ തിരമാല അടിച്ച് കരയിലേക്ക് കയറുന്ന കടൽവെള്ളം വീടുകളിലേക്ക് കയറാതെ ഒഴുകിപ്പോകുന്നതിന് ടി പ്രദേശങ്ങളിലുള്ള തോടുകളിൽ നിന്നും ചെളി മുതലായ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ജലസേചന വകുപ്പ് സെക്രട്ടറി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.2 നമസ്കാര പള്ളിയും മദ്രസയും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

കുന്നത്തുനാട് താലൂക്ക് പട്ടിമറ്റം വില്ലേജിൽ ചൂരക്കോട് പ്രദേശത്തുള്ള അഞ്ചുസെന്റ് സ്ഥലത്ത് നമസ്കാര പള്ളിയും (തൈക്കാവ്) മദ്രസയും നിർമ്മിക്കാൻ അനുവാദം ലഭിക്കുന്നതിനുവേണ്ടി ഹർജിക്കാരൻ (ശ്രീ.ബാബു സെയ്താലി, പ്രസിഡന്റ്, റഹ്മാനിയ മസ്ജിദ് നിർമ്മാണ കമ്മിറ്റി, ചൂരക്കോട്, പട്ടിമറ്റം പി.ഒ., എറണാകുളം ജില്ല – 683562) എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ജില്ലാ കളക്ടർ ടി അപേക്ഷ നിരസിച്ചുവെന്നും ആയതിനാൽ വെള്ളിയാഴ്ചകളിലെ ജുമാ നമസ്കാരമോ പെരുന്നാൾ നമസ്കാരങ്ങളോ ഖബർസ്ഥാനോ ഇല്ലാത്ത നമസ്കാര പള്ളിയും മദ്രസയും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെട്ട് എം.സി.ഒ.പി. 28/2019–ാം നമ്പറായി കമ്മീഷൻ മുമ്പാകെ ഹർജി ബോധിപ്പിച്ചിരുന്നു.

മേൽ നമ്പർ ഹർജിയുടെ അടിസ്ഥാനത്തിൽ, 01.08.2019 തിയതി പകൽ 10.30 മണിക്ക് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തൈക്കാവും മദ്രസയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ചൂരക്കോട് പ്രദേശം സന്ദർശിക്കുകയും സ്ഥലസന്ദർശന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുകയുണ്ടായി.

എതൃകക്ഷിയായ എറണാകുളം ജില്ലാ കളക്ടർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും, ജുമാ നമസ്കാരവും പെരുന്നാൾ നമസ്കാരങ്ങളും ഖബർസ്ഥാനും പുതിയതായി പണിയാൻ ഉദ്ദേശിക്കുന്ന പള്ളിയിൽ ആവശ്യമില്ലെന്ന് കാണിച്ച് ഹർജിക്കാരൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ച സത്യവാങ്മൂലവും, ഹർജിക്കാരൻ സമർപ്പിച്ച പാർക്കിംഗ് അവകാശക്കരാറും വിശദമായി പരിശോധിച്ച കമ്മീഷൻ, മേൽ പ്രസ്താവിച്ച സത്യവാങ്മൂലവും പാർക്കിംഗ് അവകാശ കരാറും പരിഗണിച്ച് അടിയന്തിരമായി തീരുമാനമെടുക്കുന്നതിനുവേണ്ട നടപടി എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.3 ന്യൂനപക്ഷ മതവിഭാഗക്കാരായ ജനങ്ങളെ കുടിയിറക്ക് ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സംബന്ധിച്ച്

എറണാകുളം ചേരാനല്ലൂർ ബട്ടർഫ്‌ളൈ ഫ്‌ളൈഓവർ കുടിയിറക്കൽവിരുദ്ധ സമിതി കൺവീനർ ശ്രീ.അബ്ദുൾ സലാം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച എം.സി.ഒ.പി. 38/2019 നമ്പർ പരാതിയിൽ, ബട്ടർഫ്‌ളൈ ഫ്‌ളൈഓവർ കുടിയിറക്കൽവിരുദ്ധ സമിതി അംഗങ്ങൾ എൻ.എച്ച്.66, എൻ.എച്ച്.966എ എന്നിവ കടന്നുപോകുന്ന എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ജംഗ്ഷൻ നിവാസികളും ന്യൂനപക്ഷ സമുദായാംഗങ്ങളുമാണെന്നും 21.12.2018 തിയതി ദേശീയപാതാ അതോറിട്ടി ചുമതലപ്പെടുത്തിയത് അനുസരിച്ച് കോംപീറ്റന്റ് അതോറിട്ടി പ്രസിദ്ധപ്പെടുത്തിയ 1956–ലെ ദേശീയപാത നിയമം 3എ അനുസരിച്ചുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറത്തിറക്കുകയുണ്ടായെന്നും ദേശീയപാത 66 വികസനം ഫേസ് 3–ന്റെ ഭാഗമായി കുറ്റിപ്പുറം–ഇടപ്പള്ളി റീച്ചിന്റെ മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് റോഡ് 45 മീ. വീതി കൂട്ടുന്നതിന് വേണ്ടിയുള്ളതാണ് നിർദ്ദിഷ്ട സ്ഥലമെടുപ്പെന്നും എന്നാൽ ചേരാനല്ലൂർ പഞ്ചായത്തിലെ ദേശീയപാത 66 ഉം 966എ–ഉം സംഗമിക്കുന്ന ജംഗ്ഷന്റെ വികസനത്തിന് എന്ന പേരിൽ നിലവിൽ 45 മീറ്ററായി റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നത് കൂടാതെ ഏതാണ്ട് 40 ഏക്കറിലധികം സ്ഥലമെടുത്തുകൊണ്ട് ഇന്ത്യയിൽ മറ്റെവിടെയും ഇല്ലാത്ത വിധത്തിലുള്ള ബട്ടർഫ്‌ളൈ/ക്ലോവർ ലീഫ് ഡിസൈനിൽ ഒരു റൗണ്ട്എബൗട്ട് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണെന്നും ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണിതെന്നും ദേശീയപാതകളുടെ വികസനത്തിനായി ഒന്നിൽക്കൂടുതൽ പ്രാവശ്യം സ്വന്തം കിടപ്പാടവും ഭൂമിയും വിട്ടൊഴിഞ്ഞു നൽകിയവരാണ് അവരെന്നും  അശാസ്ത്രീയമായ ജംഗ്ഷൻ വികസന പദ്ധതിയിയുടെ പേരിൽ വീണ്ടും അവരെ കുടിയിറക്കാനാണ് വിജ്ഞാപനം ചെയ്തിട്ടുള്ളതെന്നും ഏതാണ്ട് 182 കുടുംബങ്ങളും 40ൽപരം വ്യാപാരസ്ഥാപനങ്ങളും 3 ആരാധാനാലയങ്ങളും ജനങ്ങൾ ആശ്രയിക്കുന്ന സർക്കാരാശുപത്രിയും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഉൾപ്പെടുന്നുണ്ടെന്നും ഈ പദ്ധതിയുടെ അപ്രായോഗികതയും അശാസ്ത്രീയതയും മുൻനിർത്തി ന്യൂനപക്ഷ മതവിഭാഗക്കാരായ ജനങ്ങളെ കുടിയിറക്ക് ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

മേൽപറഞ്ഞ ഹർജിയുടെ(എം.സി.ഒ.പി.38/2019) അടിസ്ഥാനത്തിൽ കമ്മീഷൻ 01.08.2019–ന് പകൽ 02.30 മണിക്ക് എറണാകുളം ജില്ലയിലെ ചേരാനല്ലൂരിൽ സ്ഥലസന്ദർശനം നടത്തി സ്ഥലസന്ദർശന റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

മേൽപറഞ്ഞ ഹർജിയിൽ എതൃകക്ഷികളായ പ്രോജക്ട് ഡയറക്ടർ (നാഷണൽ ഹൈവേസ് അതോറിട്ടി ഓഫ് ഇന്ത്യ), എറണാകുളം ജില്ലാ കളക്ടർ എന്നിവർ ബോധിപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം കമ്മീഷൻ താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി. ''ക്ലോവർലീഫ് ഇന്റർചേഞ്ച് സംവിധാനത്തോടുകൂടി ചേരാനല്ലൂർ വില്ലേജിൽ ചേരാനല്ലൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് കുറഞ്ഞ ഭൂമി മാത്രം ഏറ്റെടുത്തുകൊണ്ട് പദ്ധതി നടപ്പാക്കാൻ സാദ്ധ്യമാണോയെന്ന് ഒരു വിദഗ്ധസമിതിയെ കൊണ്ട് സാദ്ധ്യതാപഠനം നടത്തുന്നതിനായി റിക്വസിഷനിംഗ് അതോറിട്ടിയായ നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യയോട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം സംസ്ഥാന ചീഫ് സെക്രട്ടറി അടിയന്തിരമായി നൽകേണ്ടതാണ്.''

### 3.1.4 പഴയ ആലുവ– മൂന്നാർ റോഡ്, ആലുവ–മൂന്നാർ എൻ.എച്ച്–ന്റെ സമാന്തരപാതയായി ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ദിവസവും ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ദേശീയപാതയാണ് ചഒ 85 ആലുവ–മൂന്നാർ നാഷണൽ ഹൈവേ എന്നും എല്ലാ വർഷവും ടി റോഡ് ഇടിഞ്ഞുപോകുന്നതിനാൽ ദിവസങ്ങളോളം വാഹനഗതാഗതം തടസ്സപ്പെടുന്നത് പതിവാണെന്നും ടി റോഡിന് ഒരു സമാന്തരപാത ഇല്ലാത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ആളുകൾക്ക് ആശുപത്രിയിൽ എത്താൻ

പോലും കഴിയാത്ത ദുരവസ്ഥയുണ്ടെന്നും ആയതിനാൽ പഴയ ആലുവ– മൂന്നാർ റോഡ് ആലുവ– മൂന്നാർ എൻ.എച്ച്–ന്റെ സമാന്തരപാതയായി ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരൻ (ശ്രീ.പ്രദീപ്കുമാർ എ.സി., പ്രസിഡന്റ്, ജനസംരക്ഷണ സമിതി, പൂയം കുട്ടി, എറണാകുളം ജില്ല – 686681) എം.സി.ഒ.പി. 468/2018–ാം നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ വിശദമായി പരിശോധി ച്ച്, പഴയ ആലുവ – മൂന്നാർ രാജപാതയുടെ വികസനത്തിനും, അതിനാവശ്യമായ കേന്ദ്ര വനസംര ക്ഷണ നിയമപ്രകാരമുള്ള അനുമതി ലഭിക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ കേരള പൊ തുമരാമത്ത് വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്ത് കമ്മീഷൻ ഉത്ത രവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.5 കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വിസാ ലോൺ ലഭിക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വിസാ ലോൺ ലഭിക്കുന്നതിനായി കോർപ്പറേഷന്റെ എറണാകുളം പത്തടിപ്പാലത്തുള്ള ഓഫീസിൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആവശ്യപ്പെട്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ അനുകൂലമായ വിവരം ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന് (ശ്രീ. മുഹമ്മദ് വി.എം., വലിയപറമ്പിൽ വീട്, നീറിക്കോട് പി.ഒ., എറണാകുളം ജില്ല – 683511) അനുകൂലമായ തീരു മാനമുണ്ടാകാൻ വേണ്ട നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് എം.സി.ഒ.പി. 510/2018–ാം നമ്പ റായി കമ്മീഷൻ മുമ്പാകെ ഹർജി സമർപ്പിച്ചു.

എതൃകക്ഷിക്ക് (മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് – 5) വേണ്ടി കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരന്റെ വസ്തുവിനെ സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ ഹാജ രാക്കുകയും ആയത് കോർപ്പറേഷന്റെ നിയമോപദേഷ്ടാവ് പരിശോധിച്ച് ശരിവെയ്ക്കുകയും ചെയ് താൽ ഹർജിക്കാരന് വായ്പ നൽകുന്നതിൽ യാതൊരു തടസ്സവുമില്ലെന്ന് പ്രസ്താവിച്ചതിന്റെ അടി സ്ഥാനത്തിൽ, വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിലേക്കായി ഹർജിക്കാരൻ ജാമ്യമായി ഹാജരാ ക്കിയ വസ്തുവിന്റെ അസൽ ആധാരവും മുൻ ആധാരവും, ജാമ്യമായി ഹാജരാക്കിയ വസ്തുവിന് നിലവിൽ ബാദ്ധ്യകൾ ഒന്നുമില്ലെന്ന് കാണിക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുമ്പാകെ ഹർജിക്കാരൻ ഹാജരാക്കുകയാണെങ്കിൽ ടിയാന് കോർപ്പറേഷൻ നൽകാമെന്ന് സമ്മതിച്ച വായ്പ എത്രയും വേഗം നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.6 മാലിന്യം പുറന്തള്ളുന്നതിനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരന്റെ(ശ്രീ.മൈതീൻ എ.എ., s/ീ അന്ത്രു, ആട്ടായം, ഇരമല്ലൂർ പി.ഒ., കുറ്റിലഞ്ഞി, കോതമംഗലം, എറണാകുളം ജില്ല) വീടിന്റെ ഏകദേശം 50 മീ. അകലത്തിൽ കഴിഞ്ഞ അഞ്ചുവർഷ മായി എയ്ഞ്ചൽ എന്ന പേരിൽ പ്ലൈവുഡ് കമ്പനിയും മറ്റ് തടി ഉത്പന്നങ്ങളുടെ വ്യവസായവും ന ടക്കുന്നുണ്ടെന്നും കോതമംഗലം താലൂക്കിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ജനവാസകേന്ദ്ര ത്തിൽ കമ്പനി പ്രവർത്തിച്ചാൽ വലിയ മലിനീകരണപ്രശ്നം നാട്ടുകാർക്ക് ഉണ്ടാകുമെന്ന് പറഞ്ഞ് നാട്ടുകാർ ഒന്നടങ്കം പഞ്ചായത്തിന് പരാതി നൽകിയിരുന്നുവെന്നും മാലിന്യപ്രശ്നമൊന്നും ഉണ്ടാ കില്ലെന്ന് പഞ്ചായത്ത് അധികാരികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നാട്ടുകാരിൽ ഭൂരിഭാഗവും ടി പരാതിയിൽ നിന്ന് പിന്മാറിയെന്നും കമ്പനിയിൽ താമസിച്ചുവരുന്ന ഇതരസംസ്ഥാന തൊഴിലാളി കളുടെ വേസ്റ്റും കുളിക്കുന്ന വെള്ളവും ഹർജിക്കാരന്റെ അടുത്ത സ്ഥലത്ത് വീഴുന്നത് ടിയാന്റെ കിണറ്റിലേക്ക് വരികയാണെന്നും ഹൈലെവൽ കനാലിലേക്കും വേസ്റ്റ് വെള്ളം കൂടിച്ചേരു ന്നുവെന്നും തലയിണ, പായ എന്നീ വേസ്റ്റുകൾ കനാലിലേക്കാണ് ഇടുന്നതെന്നും ഈ കാര്യങ്ങൾ കാണിച്ച് പഞ്ചായത്ത് മെമ്പർക്കും സെക്രട്ടറിക്കും ചെറുവെട്ടൂർ ഹെൽത്ത് ഇൻസ്പെക്ടർക്കും പരാ തി നൽകിയെങ്കിലും അതിൽ ഒരു നടപടിയുമുണ്ടായിട്ടില്ലെന്നും ആയതിനാൽ മേൽപറഞ്ഞ കാര്യ ത്തിൽ ഒരു പരിഹാര നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് എം.സി.ഒ.പി.97/2019 നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷിയായ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച കമ്മീഷൻ, ഹർജിയിൽ പറയുന്ന മലിനീകരണ പ്രശ്നങ്ങളെ സംബന്ധിച്ച് മുഖ്യ പരിസ്ഥിതി എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എറണാകുളം അടിയന്തിരമായി നേരിട്ട് അന്വേഷണം നടത്തി ഉചിതമായ പരിഹാര നടപടി നിർദ്ദേശിക്കേണ്ടതാണെന്നും മുഖ്യ പരിസ്ഥിതി എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ട് തുടർനടപടികൾക്കായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മുഖ്യ പരിസ്ഥിതി എഞ്ചിനീയർ നൽകേണ്ടതാണെന്നും ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.7 മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരിയുടെ(ശ്രീമതി. നൂർജഹാൻ മജീദ്, അസി.പ്രൊഫസർ, ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ്, ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി പി.ഒ., തൃശൂർ ജില്ല.) പരാതിയിൽ(എം.സി.ഒ.പി. നമ്പർ 117/2019) പ്രധാനമായി പറയുന്നത് ഹർജിക്കാരിയെ ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിലെ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിലെ എച്ച്.ഒ.ഡി.യായ ഡോ.ജ്യോതിർമണി വടക്കയിൽ കഴിഞ്ഞ 7 വർഷമായി നിരന്തരമായി മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതിനാൽ ഹർജിക്കാരി ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണെന്നും അതിനാൽ ഹർജിക്കാരി അനുഭവിക്കുന്ന പീഡനത്തിനും അധിക്ഷേപത്തിനും അടിയന്തിര പരിഹാരം ഉണ്ടാകണമെന്നുമാണ്.

സെക്രട്ടറി, എൻ.എസ്.എസ്. കോളേജ് സെൻട്രൽ കമ്മിറ്റി, ചങ്ങനാശ്ശേരി, കോട്ടയം ജില്ല – 686102 കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച കമ്മീഷൻ, ഡോ.ജ്യോതിർമണി വടക്കയിൽ ഹർജിക്കാരിയെ കഴിഞ്ഞ 7 വർഷമായി നിരന്തരമായി മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതായി ഉന്നയിച്ച ആരോപണങ്ങളെപ്പറ്റി ഡോ.ജ്യോതിർമണി വടക്കയിലിന് മുൻകൂർ നോട്ടീസ് നൽകി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അടിയന്തിരമായി അന്വേഷണം നടത്തി പരാതിവിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണെന്ന് ശിപാർശ ചെയ്തു.

### 3.1.8 വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്

എരുമേലി എം.ഇ.എസ് കോളേജിൽ രണ്ടാംവർഷ ബി.ബി.എ വിദ്യാർത്ഥിനിയും +2 പരീക്ഷയിൽ 70% മാർക്ക് വാങ്ങിയതുമായ ഹർജിക്കാരന്റെ(കെ.മുഹമ്മദ് ബഷീർ, കടുമരുതി കിഴക്കേതിൽ, ആലപ്ര പി.ഒ., കോട്ടയം – 686544) മകൾ ജസ്ന ബഷീർ 2017–ൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന് അപേക്ഷിച്ചുവെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ടി സ്കോളർഷിപ്പ് ലഭിക്കുവാൻ വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ (എം.സി.ഒ.പി.325/2018), എതൃകക്ഷിയായ എം.ഇ.എസ്. കോളേജ് പ്രിൻസിപ്പലിന്റെ ആക്ഷേപവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച കമ്മീഷൻ, ഒരു ന്യൂനപക്ഷ സ്ഥാപനമായ എം.ഇ.എസ്. കോളേജ് തങ്ങളുടെ നിരുത്തരവാദപരമായ പ്രവർത്തനം വഴി, അർഹതയുള്ള ജസ്ന ബഷീർ എന്ന ന്യൂനപക്ഷ വിദ്യാർത്ഥിനിക്ക് ബി.ബി.എ. കോഴ്സിന്റെ എല്ലാ പഠനവർഷങ്ങളിലും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുവാനുള്ള അവസരം ഇല്ലാതാക്കിയെന്നത് ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനമാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാൽ ടി കോളേജിന്റെ നിരുത്തരവാദപരമായ പ്രവർത്തനം മൂലം ഹർജിക്കാരന്റെ മകൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കാതെ വന്ന സാഹചര്യത്തെക്കുറിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വേണ്ട അന്വേഷണം നടത്തി, ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.9 കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഹജ്ജിനുള്ള വാക്സിനേഷൻ നൽകുന്നത് സംബന്ധിച്ച്

കോട്ടയം ജില്ലയിൽ നിന്നും ഹജ്ജിനു പോകുന്നവർക്ക് വാക്സിൻ എടുക്കുന്നത് വർഷങ്ങളായി കോട്ടയം ജില്ലാ ആശുപത്രിയിലാണെന്നും എന്നാൽ കോട്ടയം ജില്ലയിൽ നിന്ന് ഹജ്ജിനു പോകുന്നവരിൽ ഭൂരിഭാഗവും കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, പൊൻകുന്നം, എരുമേലി, മുണ്ടക്കയം, കൂട്ടിക്കൽ, ചേനപ്പാടി, മണങ്ങല്ലൂർ, പാറത്തോട്, ഇടക്കുന്നം, ചാത്തൻതറ, മുട്ടപ്പള്ളി, പട്ടിമറ്റം,

മണിമല, കങ്ങഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള തീർത്ഥാടകരാണെന്നും ആയതിനാൽ കോട്ടയത്ത് പോയി വാക്സിൻ എടുക്കുക എന്നുള്ളത് വളരെയേറെ ക്ലേശകരമാണെന്നും കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പരിശുദ്ധ ഹജ്ജിന് പോകുന്നവർക്ക് ഒരു വാക്സിനേഷൻ സെന്റർ തുടങ്ങണമെന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് അധികൃതർക്ക് നിവേദനം നൽകിയിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ ഈ പ്രദേശങ്ങളിലെ ഹജ്ജ്കർമ്മത്തിന് പോകുന്നവർക്കായി കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒരു പുതിയ വാക്സിനേഷൻ സെന്റർ തുടങ്ങുവാൻ ആരോഗ്യവകുപ്പധികൃതർക്ക് നിർദ്ദേശം നൽകണമെന്നുമുള്ള ഹർജിക്കാരന്റെ (ശ്രീ.എച്ച്. അബ്ദുൾ അസ്സീസ്, ജില്ലാ ജനറൽ സെക്രട്ടറി, പി.യു.സി.എൽ, പനിച്ചയിൽ വീട്, മണങ്ങല്ലൂർ, കുറുവാമൂഴി പി.ഒ., കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല) ആവശ്യത്തിൽ(എം.സി.ഒ.പി.303/2019), ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, പരാതിക്കാരന്റെ ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമായതിനാൽ 2020-ലെ ഹജ്ജിനുള്ള വാക്സിനേഷൻ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നൽകുന്നതിനുവേണ്ട നടപടികൾ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.10 ആലപ്പുഴ ജില്ലയ്ക്ക് പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് കേസ് അന്വേഷിപ്പിക്കുന്നത് സംബന്ധിച്ച്

14/06/2017 തീയതി, 16 വയസ്സുള്ള ഹർജിക്കാരനെ(അംജദ് സമദ്, ഫാത്തിമ മൻസിൽ, സ്റ്റേറ്റ് വെയർഹൗസിന് സമീപം, മേടമുക്ക്, കായംകുളം പി.ഒ.) കായംകുളം എം.എസ്.എം സ്കൂളിനു സമീപംവച്ച് ഒന്നാം എതൃകക്ഷി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറായിരുന്ന മഞ്ജുദാസും രണ്ടാം എതൃകക്ഷി പ്രൊബേഷനറി എസ്.ഐ സുധീഷും ചേർന്ന് ക്രൂരമായി മർദ്ദിച്ച് പരിക്കേൽ പിച്ച സംഭവത്തെപ്പറ്റി അന്വേഷണം നടത്തി ടി ഒന്നും രണ്ടും എതൃകക്ഷികൾക്കെതിരെ നടപടി എടുക്കണമെന്നും നഷ്ടപരിഹാരം ഈടാക്കിത്തരണമെന്നുമാണ് ഹർജിയിൽ (എം.സി.ഒ.പി.171/2017) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷികളുടെ ആക്ഷേപങ്ങളും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടും പരിശോധിച്ച കമ്മീഷന്, ഹർജിക്കാരനായ അംജദ് സമദിന്, ഒന്നും രണ്ടും എതൃകക്ഷികളുടെ ഭാഗത്തു നിന്നു ക്രൂരവും മനുഷ്യത്വരഹിതവുമായ പോലീസ് മർദ്ദനം ഏൽക്കേണ്ടി വന്ന സംഭവത്തിൽ, ഹർജിക്കാരന്റെ പിതാവ് എം.എ.സമദ്, ഹർജിക്കാരനെ ചികിത്സിച്ച ഡോ.ബീഗം ഷഫീക്കാ, മറ്റ് സ്വതന്ത്ര സാക്ഷികൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തി വിശദമായ ഒരു അന്വേഷണം പോലീസ് നടത്തിയിട്ടില്ല എന്നു വ്യക്തമായതിനാലും ഹർജിയിലെ ആരോപണം ഗൗരവമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിലെ ആരോപണങ്ങളെപറ്റി ആലപ്പുഴ ജില്ലയ്ക്ക് പുറത്തുള്ള എസ്.പി. റാങ്കിലുള്ള ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തി മൂന്നു മാസത്തിനുള്ളിൽ വിശദമായ അന്വേഷണ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി അടിയന്തിര നടപടി എടുക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.11 കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ക്യാന്റീൻകെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

ദിവസേന നൂറുകണക്കിന് രോഗികൾ ചികിത്സയ്ക്കായി എത്തുകയും ഐ.പി വിഭാഗത്തിൽ നൂറ്റമ്പതോളം രോഗികൾ കിടന്നുചികിത്സ നേടുകയും ചെയ്യുന്ന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ക്യാന്റീൻ കെട്ടിട നിർമ്മാണത്തിനായി, ടി നിർമ്മാണ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റി തടസ്സരഹിതമായി ടി നിർമ്മാണസ്ഥലം ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ(എച്ച്. അബ്ദുൾ അസീസ്, ജനറൽ സെക്രട്ടറി, പി.യു.സി.എൽ, പനിച്ചയിൽ, മണങ്ങല്ലൂർ, കുറുവാമൂഴി പി.ഒ, കാഞ്ഞിരപ്പള്ളി-686 509) ഹർജിയിൽ(എം.സി.ഒ.പി. നമ്പർ -81/2019) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷികളായ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം(ദക്ഷിണമേഖല) സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോട്ടയം ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി സൂപ്രണ്ട് എന്നിവരുടെ റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, പ്രതിദിനം നൂറുകണക്കിന് രോഗികൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയോടനുബന്ധിച്ച് ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ക്യാന്റീൻ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാലും ക്യാന്റീൻ നിർമ്മിക്കുന്ന സ്ഥലത്തു നിൽക്കുന്ന മരങ്ങളുടെ ലേലം എത്രയും വേഗം നടത്തി, സ്ഥലം കരാറു

കാരന് കൈമാറി നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ എതൃകക്ഷികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്തു കമ്മീഷൻ ഉത്തരവായി.

### 3.1.12 ഇടുക്കി ജില്ലയിൽ 'മന്നാൻ' വിഭാഗത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത അർഹരായവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്

ഇടുക്കി ജില്ലയിൽ മാത്രം ഉള്ളതും ഉദ്ദേശം പതിനയ്യായിരം ജനസംഖ്യയുള്ളതുമായ എസ്.ടി മന്നാൻ വിഭാഗത്തിൽ ആയിരത്തോളം പേർ വിവിധ പെന്തക്കോസ്ത് സഭകളിൽ ചേർന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതിനാൽ റവന്യൂ അധികാരികൾ അവർക്ക് സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനെതിരെയും, ടിയാളുകൾക്ക് പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെതിരെയും നടപടി സ്വീകരിക്കണമെന്ന ഹർജിക്കാരന്റെ(ശ്രീ.ജി.എൻ.കണ്ണൻ, ട്രൈബൽ മിഷൻ, കൊരങ്ങാട്ടി, ട്രൈബൽ സെറ്റിൽമെന്റ്, അടിമാലി) പരാതിയിലെ(എം.സി.ഒ.പി.308/2019) ആവശ്യത്തിൽ, തൊടുപുഴ തഹസീൽദാർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ, നിലവിലുള്ള ഉത്തരവുകൾ പ്രകാരം പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളെ പട്ടികവർഗ്ഗമായി തന്നെ പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും അപ്രകാരം സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നുണ്ടെന്നും ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നിഷേധിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി അർഹതപ്പെട്ടതാണെങ്കിൽ സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമെന്നും പ്രസ്താവിച്ചിരുന്നു. എന്നാൽ അർഹതപ്പെട്ട പലർക്കും സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകണമെന്ന് കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ബോധിപ്പിക്കുകയുണ്ടായി. ഹർജിക്കാരന്റെ പരാതിയും തഹസീൽദാറുടെ റിപ്പോർട്ടും പരിഗണിച്ച കമ്മീഷൻ, മന്നാൻ വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തു എന്ന കാരണത്താൽ ഹർജിക്കാരന്റെ സമൂഹത്തിലുള്ളവർക്ക് സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതും തന്മൂലം അവർക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതും നീതി നിഷേധമാണെന്ന് കാണുകയും അർഹതപ്പെട്ട ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നിഷേധിച്ചിട്ടുണ്ടെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി കൃത്യമായ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി എതൃകക്ഷി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായി.

### 3.1.13 1872–ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണമെന്ന ഹർജിയെ സംബന്ധിച്ച്

അഡ്വ. സോളമൻ വർഗ്ഗീസ്(ട/ീ കെ.കെ.വർഗ്ഗീസ്, കല്ലേലി ഹൗസ്, മുരിയാട് പി.ഒ., തൃശൂർ ജില്ല – 680683) ബോധിപ്പിച്ച പരാതിയിൽ (എം.സി.ഒ.പി.94/2017) 1872–ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കമ്മീഷൻ എതൃകക്ഷികളായ നിയമവകുപ്പ് സെക്രട്ടറിയോടും നികുതി വകുപ്പ് സെക്രട്ടറിയോടും രജിസ്ട്രേഷൻ ഐ.ജി.യോടും റിപ്പോർട്ട് തേടുകയുണ്ടായി. കമ്മീഷൻ ഹർജിക്കാരന്റേയും എതൃകക്ഷികളുടേയും വാദങ്ങൾ വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയുമുണ്ടായി. ഹർജിവിഷയത്തിൽ ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ചതിൽ 1872–ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് പഴയ കൊച്ചി, തിരുവിതാംകൂർ ഭൂപ്രദേശങ്ങളിൽ കൂടി ബാധകമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ കരുതുന്നു. 1872–ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് ഒരു കേന്ദ്ര നിയമമായതിനാൽ ടി നിയമം ഇന്ത്യ മുഴുവനും ബാധകമായിരിക്കുന്നതിനാലും തമിഴ്നാട് സർക്കാർ 1956–ലെ സംസ്ഥാന പുനഃനിർണയ പ്രകാരം തമിഴ്നാട് സർക്കാരിന് കൈമാറിക്കിട്ടിയ പഴയ തിരുവിതാംകൂർ പ്രദേശങ്ങളായ കന്യാകുമാജി ജില്ലയിലും ചെങ്കോട്ട താലൂക്കിലും 1872–ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് ബാധമാക്കുന്നതിനുവേണ്ടി നടത്തിയ 1995–ലെ 27–ാം നമ്പർ തമിഴ്നാട് നിയമസഭ പാസാക്കിയ നിയമത്തിന്റെ മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്തുന്നതാവും നിയമപരമായി അഭികാമ്യമെന്നും കമ്മീഷൻ നിരീക്ഷിച്ചതിനാൽ 1872––ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് പഴയ കൊച്ചി, തിരുവിതാംകൂർ ഭൂപ്രദേശങ്ങളിൽ കൂടി ബാധകമാക്കുന്നതിനുവേണ്ട നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികളെടുക്കുന്നതിന് ബഹു. കേരള സർക്കാരിനോടും നിയമവകുപ്പിനോടും കമ്മീഷൻ ശിപാർശ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.14 ആളുമാറി പ്രതിചേർത്ത് റിമാന്റ് ചെയ്യിച്ച പോലീസ് നടപടിക്കെതിരായ പരാതി സംബന്ധിച്ച്

ഹർജിക്കാരിയുടെ(ശ്രീമതി.നസ്രീന വി.കെ, ണ/ീ താജുദ്ദീൻ, താജ്നാസ്, കതിരൂർ പി.ഒ, കണ്ണൂർ) ഭർത്താവിനെ മാലമോഷണക്കേസിൽ ആളുമാറി പ്രതിചേർത്ത് റിമാന്റ് ചെയ്യിച്ച ചക്കരക്കൽ പോലീസിന്റെ നടപടിക്കെതിരെയും കേസിൽ നിരപരാധിയായ തന്റെ ഭർത്താവിനെ രക്ഷിക്കാനും വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.336/2018) എതൃകക്ഷികൾ(കണ്ണൂർ ജില്ലാ പോലീസ് മേധാവി, കണ്ണൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്റ്റേഷൻ ഹൗസ് ഓഫീസർ, ചക്കരക്കൽ പോലീസ് സ്റ്റേഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, എസ്.ഐയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച അക്ഷന്തവ്യമാണെന്നും ഒരു നിരപരാധിയെ കേസിൽ ഉൾപ്പെടുത്തുക വഴിയുണ്ടാകുന്ന മാനഹാനിയും സമൂഹമദ്ധ്യത്തിലുണ്ടാകുന്ന അപമാനവും ദുഷ്പേരും എസ്.ഐയും അന്വേഷണ ഉദ്യോഗസ്ഥരും മനസ്സിലാക്കാൻ ബാദ്ധ്യസ്ഥരാണെന്നും ആയതിനാൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ഇക്കാര്യത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ഇപ്രകാരം മേലിൽ സംഭവിക്കാതിരിക്കാൻ വേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.15 വാസഗൃഹം നിർമ്മിക്കുന്നതിനുവേണ്ട അനുമതി കിട്ടുന്നത് സംബന്ധിച്ച്

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ മുഗ്രാൽ വില്ലേജിൽ താമസക്കാരനായ ഹർജിക്കാരൻ (ശ്രീ. മഹമ്മദ് ബി.എ, ട/ീ അബ്ദുള്ള ഹാജി, പേരാൽ ബസ് സ്റ്റേപ്പിനു സമീപം, മോഗ്രാൽ പി.ഒ, കാസർഗോഡ് – 671 321) 38 വർഷമായി പേരാൽ ബസ് സ്റ്റോപ്പിനടുത്ത് താമസമാണെന്നും തനിക്ക് അവകാശപ്പെട്ട മൂന്നേമുക്കാൽ സെന്റ് സ്ഥലത്ത് 13 വർഷമായി വീടുവച്ച് ഭൂനികുതിയും കെട്ടിടനികുതിയും അടച്ചുവരുന്നിരുന്നുവെന്നും വീട് ജീർണാവസ്ഥയിലായിരുന്നതിനാൽ ഏതാനും മാസങ്ങൾക്ക് മുമ്പ് കുമ്പള ഗ്രാമപഞ്ചായത്ത് മുമ്പാകെ 725 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ഒരു വീട് വയ്ക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ വീടിന്റെ കുറച്ചുഭാഗം പഞ്ചായത്തുപുറമ്പോക്കിൽ പെട്ടതാണെന്ന പഞ്ചായത്ത് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറെ ബന്ധപ്പെട്ടുവെന്നും കളക്ടർ ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കാനായി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയെന്നും അതിൻപ്രകാരം വില്ലേജ് ഓഫീസർ സ്ഥലം അളന്ന് സ്കെച്ചുണ്ടാക്കി എഞ്ചിനീയറുടെ പ്ലാൻ അടക്കം ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചുവെന്നും എന്നാൽ അപേക്ഷ തിരിച്ചയച്ചുവെന്ന് ഓവർസിയർ അനുകൂലമല്ലാത്ത സമീപനമാണ് കൈക്കൊള്ളുന്നതെന്നും എത്രയും പെട്ടെന്ന് ഭാര്യയും കുഞ്ഞുങ്ങളുമടക്കമുള്ള തനിക്ക് താമസിക്കുന്നതിന് ഒരു വാസഗൃഹം നിർമ്മിക്കുന്നതിനുവേണ്ട അനുമതി കിട്ടുന്നതിനുവേണ്ടി കമ്മീഷൻ ഇടപെടണമെന്നുമുള്ള ഹർജിക്കാരന്റെ ആവശ്യത്തിൽ(എം.സി.ഒ.പി.337/2018), കാസർഗോഡ് ജില്ലാ കളക്ടർ, കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മാനുഷികപരിഗണന വച്ച് കുമ്പള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശം കാസർഗോഡ് ജില്ലാ കളക്ടർ പരിഗണിക്കണമെന്നും അനുകമ്പാർഹമായ (ഈീുമശൈീമലേ ഏ്യീൗിറ) പരിഗണന നൽകി ഭവനരഹിതനായ ഹർജിക്കാരന് ഒരു ഭവനം നിർമ്മിക്കുന്നതിനുവേണ്ടി രണ്ടുസെന്റ് പഞ്ചായത്തുപുറമ്പോക്ക് ഭൂമി വിട്ടുനൽകാമെന്ന പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി രണ്ടുസെന്റ് പഞ്ചായത്ത്പുറമ്പോക്ക് ഭൂമി ഹർജിക്കാരന് പതിച്ചുനൽകുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഉത്തരവായി.

### 3.1.16 ഹർജിക്കാരനെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തി പോലീസ് ന്യൂനപക്ഷപീഡനം നടത്തുന്നതിനെതിരെയുള്ള പരാതി പരിഹരിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരൻ (ശ്രീ.നവാസ് പി.എ, ട/ീ അബൂബക്കർ, പോക്കാക്കില്ലത്ത് ഹൗസ്, ചുളിങ്ങാട് പി.ഒ, കൈപ്പമംഗലം വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്) മതിലകം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 220/96 നമ്പർ കേസിലെ രണ്ടാം പ്രതിയായിരുന്നുവെന്നും ടി കേസ് എസ്.സി.124/99 നമ്പറായി തൃശൂർ അതിവേഗ കോടതി വിചാരണ ചെയ്ത് മുഴുവൻ പ്രതികളേയും കുറ്റക്കാരല്ല എന്നുകണ്ട് വെറുതെ വിട്ടിട്ടുള്ളതാണെന്നും ആയതിനുശേഷമോ അതിനു മുമ്പോ ഒരു പെറ്റിക്കേസിൽ പോലും ഹർജിക്കാരൻ പ്രതിയായിട്ടില്ലെന്നും കോടതി കുറ്റക്കാരനല്ല എന്ന് കണ്ട് വെറുതെ വിട്ടതിന് ശേഷവും എതൃകക്ഷികളായ മതിലകം സബ് ഇൻസ്പെക്ടറും കൊടുങ്ങല്ലൂർ സബ് ഇൻസ്പെക്ടറും മാറിമാറി സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയും ഫോട്ടോകൾ എടുക്കുകയും വോട്ടർ ഐഡന്റിറ്റി കാർഡും ഡ്രൈവിംഗ് ലൈസൻസും പാസ്പോർട്ടും മറ്റും വാങ്ങി പരിശോധിക്കുകയും നമ്പർ എഴുതിയെടുക്കുകയും സ്റ്റേഷനിൽ ഒപ്പിടുവിക്കുകയും വെള്ളിയാഴ്ചത്തെ പോലീസ് പരേഡിൽ മുഴുവൻ പോലീസുകാരുടേയും മുന്നിൽ വെച്ച് കേസിന്റെ വിശദാംശങ്ങൾ ഹർജിക്കാരനെക്കൊണ്ട് പറ

യിപ്പിക്കുകയും ചെയ്തുവരികയാണെന്നും പലപ്പോഴും തലേന്ന് രാത്രി വിളിച്ച് പിറ്റേന്ന് രാവിലെ 6 മണിക്കും 7 മണിക്കും എത്താനാണ് സ്റ്റേഷനിൽ നിന്നും വിളിച്ചു ആവശ്യപ്പെടുന്നതെന്നും അന്യ സംസ്ഥാനത്ത് ജോലി ചെയ്യുന്ന തനിക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകൾ പറഞ്ഞാൽ സമയത്തി ന് വന്നില്ലെങ്കിൽ വിവിധ വകുപ്പുകൾ പ്രകാരം പ്രതിയാക്കി കേസ്സെടുക്കുമെന്ന് ഭീഷണിപ്പെടുത്തുക യാണെന്നും ഒന്നിലേറെ കൊലപാതകക്കേസുകളിലും മറ്റും പ്രതിയാക്കപ്പെട്ടവരും ശിക്ഷിക്കപ്പെട്ടവ രുമായ അനേകം പേർ ഈ സ്റ്റേഷൻ അതിർത്തിയിൽ സ്വൈര്യവിഹാരം നടത്തുമ്പോഴാണ് തന്നെ നിരന്തരം സ്റ്റേഷനിൽ വിളിപ്പിച്ച് പോലീസുകാരുടേയും നാട്ടുകാരുടേയും മറ്റും മുന്നിൽ വെച്ച് പീ ഡിപ്പിക്കുന്നതെന്നും ന്യൂനപക്ഷ സമുദായാംഗമായ തന്നെ ആ ഒരു കാരണത്താൽ മാത്രമാണ് ഇപ്ര കാരം പീഡിപ്പിക്കുന്നതെന്നും മാത്രമല്ല തന്നെ ഗുണ്ടാലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയു ന്നുവെന്നും ഇക്കാര്യത്തിൽ തന്നോട് അനുകമ്പാപൂർവ്വമായ സമീപനം കൈക്കൊണ്ട് കമ്മീഷൻ ആ വശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബോധിപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.16/2018) കമ്മീഷൻ ജില്ലാ പോലീസ് മേധാവി (റൂറൽ), തൃശ്ശൂർ-ന് നോട്ടീസ് അയയ്ക്കുകയും കമ്മീഷന്റെ നോട്ടീസ് ശ്രദ്ധയിൽപെട്ട ജില്ലാ പോലീസ് മേധാവി സത്വര നടപടികളെടുത്ത് ഹർജിക്കാരനെതിരെ നിയമവിരുദ്ധമായി നടന്നുവന്നിരുന്ന നടപടികൾ അവസാനിപ്പിക്കുകയുമുണ്ടായി.

### 3.1.17 ഖബർസ്ഥാന്റെ മുകളിലൂടെ എലിവേറ്റഡ് ഹൈവേ സമ്പ്രദായം പരിഗണിക്കുന്നത് സംബന്ധിച്ച്

ശരീഅത്തുൽ ഇസ്ലാം ജമാഅത്ത് പള്ളിവക ആദിനാട് വില്ലേജിൽ സർവ്വേ നമ്പർ 171/2 ലെ 642 ച. മീറ്റർ സ്ഥലം ഹൈവേയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ മാർക്ക് ചെയ്ത് കല്ലിട്ടിരിക്കുകയാണെ ന്നും പ്രസ്തുത സ്ഥലത്ത് ധാരാളം ഖബറുകൾ ഉള്ളതിനാൽ അത് നശിപ്പിക്കുന്നത് ജമാഅത്ത് അം ഗങ്ങൾക്കും മരണപ്പെട്ടവരുടെ ബന്ധുക്കൾക്കും വളരെയധികം വേദനയും, വികാരവും ഉണ്ടാക്കു ന്ന കാര്യമാണെന്നും ആയതിനാൽ ഇപ്പോഴത്തെ അലൈന്റ്മെന്റിൽ ആവശ്യമായ മാറ്റം വരുത്തി ഖ ബർസ്ഥാൻ ഒഴിവാക്കിത്തരാൻ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ലാന്റ് അക്വസിഷൻ എൻ.എച്ച് 47 (പുതിയ 66) – എൽ. എ, എൻ. എച്ച്. എ. ഐ. കൊല്ലം എന്നിവരുമായി ബന്ധപ്പെട്ട് വേണ്ട നടപടി കൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ(അഡ്വ.കെ.പി.മുഹമ്മദ്, പ്രസിഡന്റ്, ശരിഅത്തുൽ ഇസ്ലാം ജമാഅത്ത് പുത്തൻതെരുവ്, കരുനാഗപ്പള്ളി, കെ.എസ്.പുരം പി.ഒ., കൊല്ലം– 690544) സമർപ്പിച്ച പരാതിയിലെ(എം.സി.ഒ.പി.265/2019) ആവശ്യത്തിന്മേൽ കമ്മീഷൻ അംഗം അഡ്വ.മുഹ മ്മദ് ഫൈസൽ സ്ഥലപരിശോധന നടത്തുകയും എതൃകക്ഷികളുടെ റിപ്പോർട്ടുകളും ഹർജിക്കാ രന്റെ പരാതിയും വിശദമായി പരിശോധിക്കുകയും ചെയ്തതിൽ, 25 മീറ്റർ നീളത്തിലും ഏകദേശം 7㎜ മീറ്റർ വീതിയിലുമുള്ള ഖബർസ്ഥാൻ സ്ഥിതി ചെയ്യുന്ന പുത്തൻതെരുവ് ശരിഅത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റിയുടെ വക ഖബർസ്ഥാനിന്റെ മുകളിലൂടെ ഭൂതലത്തിൽ നിന്നും ഏതാനും അടി ഉയരത്തിൽ ഒരു എലിവേറ്റഡ് ഹൈവേ സമ്പ്രദായത്തിൽ സർവീസ് റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ദേശീയപാത അധികൃതരോടും, ബഹുമാനപ്പെട്ട സർക്കാരിനോടും, ബ ന്ധപ്പെട്ട അധികൃതരോടും കമ്മീഷൻ ശുപാർശ ചെയ്തുകൊണ്ട് ഉത്തരവായി.

## 2020–2021

### 3.1.1 വൃക്ക-പ്രമേഹരോഗിയായ വ്യക്തിക്ക് ഡയാലിസിസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

പ്രമേഹരോഗിയും വൃക്ക രോഗിയുമായ ഹർജിക്കാരിക്ക് (ശ്രീമതി. എ. അസീസാബീവി, ഹാഷിം മൻസിൽ, മുടപുരം പി.ഒ, ചിറയിൻകീഴ്) കെ.ടി.സി.ടി ആശുപത്രിയിൽ മാസത്തിൽ 8 ഡയാലിസിസ് ചെയ്യേണ്ടതായിട്ടുണ്ടെന്നും ഒരു ഡയാലിസിസിന് 1,300/– രൂപ ചെലവ് വരുന്നു എന്നും പലരുടെയും സഹായം കൊണ്ട് കഴിയുന്ന ഹർജിക്കാരി സാമ്പത്തികമായി വളരെ പ്രയാസത്തിലാണെന്നും ആയതിനാൽ കമ്മീഷന്റെ ഭാഗത്തുനിന്നും ഹർജിക്കാരിക്ക് ചികിത്സാ സഹായത്തിന് വേണ്ട ഇടപെടലുകൾ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എം.സി.ഒ.പി. 23/2021 നമ്പരായി ഒരു പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷയിന്മേൽ ചിറയിൻകീഴ് തഹസിൽദാർ മുഖാന്തിരം അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് കമ്മീഷൻ താഴെപ്പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി.

''കിഡ്നി സംബന്ധമായ അസുഖത്തിന് ഡയാലിസിസ് ചെയ്തുവരുന്ന ഹർജിക്കാരിക്ക് ചികിത്സയ്ക്കുള്ള ധനസഹായം ലഭിക്കുന്നതിനായി ഹർജിക്കാരി ജില്ലാ കളക്ടർക്ക് അടിയന്തിരമായി അപേക്ഷ സമർപ്പിക്കേണ്ടതും ടി അപേക്ഷ ലഭിച്ചാൽ ഉടൻ ഹർജിക്കാരിയുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കു ന്നതിന് ആവശ്യമായ തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.''

### 3.1.2 ന്യൂനപക്ഷ വിഭാഗത്തിൽപെട്ട നിർദ്ധനരായ കുട്ടികൾക്ക് പഠനാവശ്യങ്ങൾക്കായി ഐ.ടി. ഉപകരണങ്ങൾ നൽകുവാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

നിർദ്ധനനും വൃദ്ധരായ മാതാപിതാക്കളുമുള്ള ഹർജിക്കാരന്റെ (മുജീബ് റഹ്മാൻ ടി.പി, നൂർമ ഹൽ, ആയിരം കൊല്ലി, അമ്പലവയൽ പോസ്റ്റ്, വയനാട്– 673 593) രണ്ട് പെൺമക്കൾക്ക് ഉപരിപഠന സൗകര്യത്തിനുള്ള ലാപ്പ്ടോപ്പുകൾ ലഭ്യമാക്കാനുള്ള നടപടി ആവശ്യപ്പെട്ട് കമ്മീഷൻ മുമ്പാകെ പരാതി (എം.സി.ഒ.പി.നം.106/2020) സമർപ്പിക്കുകയുണ്ടായി.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി ലാപ്പ്ടോപ്പുകൾ വാങ്ങി നൽകാനുള്ള പദ്ധതികൾ ഒന്നും നില വിലില്ലാത്തതിനാൽ ഹർജിക്കാരന്റെ ആവശ്യത്തിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി തുടർ നടപ ടി സ്വീകരിക്കുവാൻ സാധിക്കില്ലെന്നാണ് ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ കമ്മീഷൻ മുമ്പാകെ ബോ ധിപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട നിർദ്ധന കുടുംബങ്ങളിലെ കുട്ടികളുടെ പഠനത്തിനാവശ്യമാ യ ലാപ്പ്ടോപ്പ്, സ്മാർട്ട് ഫോൺ മുതലായവ അവർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കേണ്ടത് ന്യൂനപക്ഷ സമുദായങ്ങളിലെ സാമ്പത്തി കമായി പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക വിക സനത്തിനും ക്ഷേമത്തിനും ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ ചുവടെ പറയുന്ന പരി ഹാരനടപടികൾ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി.

‘‘കേരളത്തിലെ ന്യൂനപക്ഷ വിഭാഗങ്ങളിൽപെട്ട നിർദ്ധന കുടുംബങ്ങളിലെ വിദ്യാർത്ഥികളു ടെ പഠനത്തിന് ആവശ്യമായ ലാപ്പ്ടോപ്പ്, സ്മാർട്ട് ഫോൺ മുതലായവ അവർക്ക് ലഭിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് അടിയന്തിരമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നതിനാൽ ടി ആവശ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാറിനോട് കമ്മീഷൻ ശിപാർശ ചെയ്യുന്നു. ടി ശിപാർശ ബഹു. കേരള സർ ക്കാരിന്റെ സജീവപരിഗണനയ്ക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.’’

### 3.1.3 വസ്തുനികത്തി വീടുവെയ്ക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ ത ള്ളിയ റവന്യൂവകുപ്പ് നടപടി പുനഃപരിശോധിക്കണം എന്നത് സംബന്ധിച്ച്

വിധവയും ഹൃദ്രോഗിയുമായ ഹർജിക്കാരിയും(ശ്രീമതി. സുലൈഖ ഇ.എസ്, ണ/ീ സുലൈ മാൻ (ഘമലേ), പുളിയപ്പിള്ളി ഹൗസ്, കല്ലുങ്ങൽ ലെയ്ൻ, ആലുവ, പിൻ. 683 101) ടിയാരിയുടെ മക നും കൂടി കീഴുമാട് പഞ്ചായത്തിൽ 1/355–ാം നമ്പർ വീട്ടിൽ വാടകയ്ക്ക് താമസിക്കുകയാണെ ന്നും പലരുടെയും സഹായം കൊണ്ട് കീഴുമാട് വില്ലേജിൽ സർവ്വേ നമ്പർ 212/5–2–3 ൽപെട്ട 1.62 ആർ സ്ഥലം ഹർജിക്കാരിക്ക് വീട് വെയ്ക്കുന്നതിനായി വാങ്ങിയിട്ടുള്ളതാണെന്നും ഈ സ്ഥലത്ത് വീട് വെയ്ക്കുന്നതിനുവേണ്ടി ആർ.ഡി.ഒ.യ്ക്ക് അപേക്ഷ കൊടുത്തിരുന്നു എന്നും ഈ സ്ഥലം ത ണ്ണീർത്തടത്തിൽ പെട്ടതാണെന്ന് പറഞ്ഞാണ് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാത്തതെന്നും ടി സ്ഥലത്തിന് തൊട്ടടുത്ത് വലിയ വീടും റോഡും ഉണ്ടെന്നും മേൽപറഞ്ഞ വസ്തു വിൽക്കാനോ മറ്റൊന്ന് വാങ്ങാനോ സാധിക്കുന്നില്ലെന്നും ആയതിനാൽ കമ്മീഷന്റെ ഭാഗത്തുനിന്നും വേണ്ട ഇട പെടലുകൾ ഉണ്ടാകണമെന്നുമായിരുന്നു ഹർജിയിലെ(എം.സി.ഒ.പി.നം.40/2020) ആവശ്യം.

ഈ വിഷയത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി, എറണാകുളം ജില്ലാ കള ക്ടർ എന്നിവരുടെ വിശദമായ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ലഭ്യമാക്കി. ടി റിപ്പോർട്ട് കമ്മീഷൻ വി ശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുംവിധം പരിഹാരനടപടികൾ നിർദ്ദേശിക്കുകയുണ്ടായി. ആലുവ താലൂക്ക് കീഴുമാട് വില്ലേജ് റീസർവ്വേ ബ്ലോക്ക് നമ്പർ. 33, റീസർവ്വേ നമ്പർ. 212/5–2 ൽപെട്ട് 1.62 ആർ വസ്തു നികത്തി വീട് വെയ്ക്കുന്നതിനുള്ള അനുവാദ ത്തിനായി ഹർജിക്കാരി എറണാകുളം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകിയ അപേക്ഷ നിര സിച്ച ഉത്തരവിന്മേൽ ഹർജിക്കാരി കൊടുത്ത അപ്പീൽ ജില്ലാ കളക്ടർ മെറിറ്റിൽ പരിഗണിക്കാതിരു ന്നതിനാൽ, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ ടി എതൃകക്ഷികളുടെ ഉത്തരവുകൾ പുന:പരി ശോധിച്ച് ഹർജിക്കാരിയുടെ വസ്തു നികത്തി വീട് വെയ് ക്കുന്നതിനുള്ള അനുവാദത്തിനായുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സംസ്ഥാന റവ ന്യൂ സെക്രട്ടറി സ്വീകരിച്ച് റിപ്പോർട്ട് കമ്മീഷന് നൽകേണ്ടതാണ്.

**3.1.4 കുടിവെള്ള പദ്ധതിയുടെ പണി വേഗത്തിൽ പൂർത്തിയാക്കി പ്രദേശവാസികൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്**

എറണാകുളം ജില്ലയിൽ വേങ്ങൂർ പഞ്ചായത്തിലെ മൂന്നാം വാർഡ് ന്യൂനപക്ഷങ്ങൾ കൂടുതൽ താമസിക്കുന്ന പ്രദേശമാണെന്നും ഇവിടെ താമസിക്കുന്ന നൂറോളം കുടുംബങ്ങൾ കുടിവെള്ളം ഇല്ലാതെ വലയുകയാണെന്നും 2013–ൽ ഇവിടെ പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമപദ്ധതിയിൽപെടുത്തി ഏതാണ്ട് 25ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാനായി 12 ലക്ഷം രൂപ മുടക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിരുന്നുവെന്നും എന്നാൽ ഈ പദ്ധതിയുടെ പേരിൽ വൻ അഴിമതിയാണ് നടന്നിട്ടുള്ളതെന്നും ഏതാനും ദിവസം മാത്രം കുടിവെള്ളം ലഭിച്ചതല്ലാതെ യാതൊരു ഉപകാരവും ഈ പദ്ധതികൊണ്ട് നാട്ടുകാർക്ക് ലഭിച്ചിട്ടില്ലെന്നും മോശമായ പൈപ്പും മറ്റും ഉപയോഗിച്ചതിനാൽ തുരുമ്പുകലർന്ന വെള്ളം വരാൻ തുടങ്ങിയതോടെ കുടിവെള്ളം ഉപയോഗശൂന്യമായി എന്നും ഭൂരിഭാഗം വീടുകളിലും കിണറുകൾ ഇല്ലാത്തതിനാൽ കൊച്ചുപുരയ്ക്കൽകടവിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണെന്നും ഈ ഭാഗത്തുണ്ടായിരുന്ന പൊതുടാപ്പുകൾ വേങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം നിർത്തലാക്കിയിരിക്കുകയാണെന്നും ഇതോടെ നാട്ടുകാർ കുടിവെള്ളമില്ലാതെ വലയുകയാണെന്നും വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 79–ാം നമ്പർ അംഗൻവാടിയിലെ പൊതുടാപ്പ് നിർത്തലാക്കിയതോടെ കുട്ടികൾ കുടിവെള്ളമില്ലാതെ കഷ്ടപ്പെടുന്നുവെന്നും ആയതിനാൽ ന്യൂനപക്ഷങ്ങൾ ഏറെയുള്ള ഈ പ്രദേശത്ത് എത്രയും പെട്ടെന്ന് കുടിവെള്ളം എത്തിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നുമാണ് ഹർജിക്കാരൻ(ശ്രീ. തോമസ് കെ. ജോർജ്ജ്, കണ്ടത്തിൽ വീട്, കൊച്ചുപുരയ്ക്കൽകടവ്, പാണിയേലി പി.ഒ, എറണാകുളം ജില്ല – 683 546) സമർപ്പിച്ച പരാതിയിൽ (എം.സി.ഒ.പി. നം. 92/2020) ആവശ്യപ്പെട്ടിരുന്നത്. ടി പരാതിയിന്മേൽ എതൃകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ലഭ്യമായിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമാണ് കൊച്ചുപുരയ്ക്കൽകടവ് പ്രദേശം എന്ന് എതൃകക്ഷിയുടെ റിപ്പോർട്ടിൽ സമ്മതിച്ചിട്ടുണ്ട്. ഹർജിയിലെ പ്രസ്താവനകളും എതൃകക്ഷിയുടെ റിപ്പോർട്ടും പരിശോധിച്ച കമ്മീഷന്, ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ ധാരാളം കുടുംബങ്ങൾ ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കാതെ വലയുകയാണെന്നും ടി കുടിവെള്ള പദ്ധതിയുടെ പ്രയോജനം പ്രദേശവാസികൾക്ക് എത്രയും വേഗം ലഭിക്കുന്നതിന് ഈ വിഷയം സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണെന്നും ബോദ്ധ്യമായതിനാൽ താഴെപ്പറയുന്ന പരിഹാരനടപടി നിർദ്ദേശിക്കുകയുണ്ടായി.

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ കൊച്ചുപുരയ്ക്കൽകടവ് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്ഥാപിതമായതും കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിരുന്നതുമായ പാണിയേലി കുടിവെള്ള പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് ഇപ്പോൾ വേങ്ങൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതുമായ പ്രസ്തുത പദ്ധതി ന്യൂനത ഇല്ലാതെ നല്ലനിലയിൽ വേഗത്തിൽ പൂർത്തിയാകുന്നതുകൊണ്ട് പ്രദേശവാസികൾക്ക് രൂക്ഷമായ കുടിവെള്ളക്ഷാമത്തിൽ നിന്നും മോചനം ലഭിക്കുമെന്നതിനാൽ ടി പദ്ധതിയുടെ തുടർന്നുള്ള പ്രവൃത്തികളിൽ ന്യൂനതയും കാലതാമസവും ഉണ്ടാകാതെ ടി പദ്ധതിയുടെ പണി എത്രയും വേഗം പൂർത്തിയാക്കി പ്രദേശവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**3.1.5 മദ്രസ്സാദ്ധ്യാപകരെ ഒരു പ്രത്യേക വർഗ്ഗമായി കണക്കാക്കി പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്**

ജീവിതകാലം മുഴുവൻ മദ്രസ്സാദ്ധ്യാപനം കൊണ്ട് ജീവിച്ച മദ്രസ്സാദ്ധ്യാപകരുടെ മദ്രസ്സാ ക്ഷേമനിധി 40 വയസ്സിനു മുമ്പ് നിലവിൽ വരാത്തതിനാൽ ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും മുടങ്ങാതെ അംശാദായം അടച്ചിട്ടുണ്ടെങ്കിൽ അവർ വിരമിക്കുമ്പോൾ പരമാവധി പെൻഷൻ തുക ലഭിക്കാനുള്ള ഉത്തരവിനായി സർക്കാരിൽ കമ്മീഷൻ സമ്മർദ്ദം ചെലുത്തണമെന്നാണ് 60 വയസ്സ് പൂർത്തിയായി ജോലിയിൽ നിന്നും വിരമിക്കുന്ന മദ്രസ്സയിലെ പ്രധാനാദ്ധ്യാപകനായ ശ്രീ. ഹസ്സൻ കോയ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി. നം.95/2020) ആവശ്യപ്പെട്ടിരുന്നത്. നിലവിലെ ഉത്തരവുകൾ പ്രകാരം 20 വർഷം അംശാദായം അടച്ചിട്ടുള്ള മദ്രസ്സാ അദ്ധ്യാപകർക്ക് മാത്രമേ പെൻഷൻ ഇനത്തിലെ പരമാവധി തുകയായ 5219/– രൂപയ്ക്ക് അർഹതയുള്ളൂ. ഹർജിക്കാരനെ പോലെയുള്ളവർക്ക് മിനിമം പ്രതിമാസ പെൻഷൻ തുകയായ 1500/– രൂപ മാത്രം ലഭിക്കാനാണ് അർഹത. നിലവിൽ ക്ഷേമപെൻഷനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ പെൻഷൻ 1600/– രൂ

പയിൽ നിന്നും 1700/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുക്കുമ്പോൾ ഹർജിക്കാരനെ പോലെയുള്ള മദ്രസ്സാദ്ധ്യാപകരുടെ പ്രതിമാസ പെൻഷൻ തുക തീരെ കുറവായതിനാൽ ഹർജിക്കാരനെ പോലയുള്ള മദ്രസ്സാദ്ധ്യാപകരെ ഒരു പ്രത്യേക വർഗ്ഗമായി കണക്കാക്കി അവരുടെ പ്രതിമാസ പെൻഷൻ തുക വർദ്ധിപ്പിക്കണമെന്ന ഹർജിക്കാരന്റെ അപേക്ഷയിൽ തീരുമാനം ഉണ്ടാകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് കമ്മീഷൻ ശിപാർശ ചെയ്തു.

### 3.1.6 പാലാ രൂപത കെയർ ഹോംസ് ഓർഫനേജിനു ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

പാലാ രൂപത കെയർ ഹോംസ് ഓർഫനേജിനുവേണ്ടി ടി സ്ഥാപനത്തിന്റെ ഡയറക്ടർ(ഫാ.സ്കറിയ വാകത്താനം, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ പി.ഒ., കോട്ടയം ജില്ല - 686575) കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിലെ(എം.സി.ഒ.പി.നം. 298/2019) ആവശ്യങ്ങൾ താഴെ പറയും പ്രകാരമാണ്:- കുട്ടികളെ സ്വീകരിക്കുന്നതിന് ജില്ലാ പരിധി ഇല്ലാതാക്കുക, നിലവിലുള്ള ഗ്രാന്റ് തുക 1100 രൂപ എന്നത് 3000 രൂപയായി വർദ്ധിപ്പിക്കുക, ഗവൺമെന്റ് ഗ്രാന്റ് കൃത്യസമയത്ത് ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക. പല സ്ഥാപനങ്ങൾക്കും കഴിഞ്ഞവർഷത്തെ 50 ശതമാനം പോലും ഗ്രാന്റ് ലഭിച്ചിട്ടില്ല, ശമ്പളം കുക്കിനും വാർഡനും ഹെൽപ്പറിനും അനുവദിക്കുക, ബോർഡിംഗ് ചാർജ്ജ് 1500 രൂപ എന്നത് 6000 രൂപയിലേക്ക് ഉയർത്തുക, ഗവൺമെന്റ് ഡോക്ടറിന്റെ സേവനം മാസത്തിൽ ഒന്നു വെച്ച് ലഭ്യമാക്കുന്ന ക്രമീകരണം നടത്തുക, റേഷൻ ലഭിക്കുന്നത് അതാതു മാസത്തേത് റേഷൻ കട വഴിയാക്കുക, സ്ഥാപനത്തിന്റെ കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ പെർമിനന്റ് ആക്കുക. ഇപ്പോൾ നാലുവർഷത്തേക്കാണ് അനുവദിച്ചിരിക്കുന്നത്, വർഷം രണ്ട് ജോഡി വസ്ത്രങ്ങൾ അനുവദിക്കുക, മെയിന്റനന്റ്സ് ഫോർ ബിൽഡിംഗ് ഫണ്ട് അനുവദിക്കുക. എതൃകക്ഷികളായ സാമൂഹ്യനീതി(ഇ) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, അഡീ. ചീഫ് സെക്രട്ടറി, ധനകാര്യ(നോഡൽ സെന്റർ-ബി) വകുപ്പ്, ഭക്ഷ്യ പൊതുവിതരണ(ബി) വകുപ്പ് സെക്രട്ടറി, കൺട്രോളർ ഓഫ് റേഷനിംഗ്, ആരോഗ്യവകുപ്പ് ഡയറക്ടർ, കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) എന്നിവരിൽ നിന്ന് കമ്മീഷൻ റിപ്പോർട്ടുകൾ തേടുകയുണ്ടായി. ഹർജിയിലേയും റിപ്പോർട്ടുകളിലേയും പ്രസ്താവനകൾ വിശദമായി പരിശോധിച്ച കമ്മീഷന്, ക്ഷേമസ്ഥാപനങ്ങൾക്കുള്ള റേഷൻ സാധനങ്ങൾ റേഷൻകട വഴി വിതരണം ചെയ്യണമെന്ന ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമായതിനാൽ ടി കാര്യം ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി ഭക്ഷ്യ പൊതു വിതരണ (ബി) വകുപ്പ് സെക്രട്ടറി അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്നും ബോർഡിംഗ് ചാർജ്ജ് 1500 രൂപ എന്നത് 6000 രൂപയായി ഉയർത്തുക എന്ന ഹർജിക്കാരന്റെ ആവശ്യവും ന്യായമാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാൽ ടി ആവശ്യം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ടി ശിപാർശ ബഹു. കേരള സർക്കാരിന്റെ സജീവ പരിഗണനയ്ക്കായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അടിയന്തിരമായി സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവായി.

### 3.1.7 ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും ഒരേ സമയം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

കുറുപ്പുംതറ സെന്റ് സേവ്യേഴ്സ് ഹൈസ്കൂളിൽ പഠിക്കുന്ന ഹർജിക്കാരന്റെ(എം.ഡി.തോമസ്, ചെയർമാൻ, കേരള ദളിത് ക്രിസ്ത്യൻ ജനാധിപത്യ അവകാശ സമിതി, മാളേയ്ക്കപ്പറമ്പിൽ, മേമുറി പി.ഒ., കോട്ടയം - 686611) സഹോദരീപുത്രന്, പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ കൊടുക്കാൻ സ്കൂളിൽ ചെന്നപ്പോൾ, ലംപ്സം ഗ്രാന്റ് വാങ്ങുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയില്ലായെന്നും ആയതിനാൽ അപേക്ഷ കൊടുക്കാൻ കഴിയില്ലെന്നും ടി വിഷയത്തിൽ വ്യക്തത നൽകുവാൻ കമ്മീഷൻ ഇടപെടണമെന്നാണ് ഹർജിയിൽ(എം.സി.ഒ.പി. നം. 299/2019) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും ഹർജിയും വിശദമായി പരിശോധിച്ച കമ്മീഷൻ, പഠനമികവിന്റെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന പ്രീമെട്രിക് സ്കോളർഷിപ്പും, സാമൂഹ്യ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന ലംപ്സം ഗ്രാന്റും തമ്മിൽ താരതമ്യപ്പെടുത്താനാവില്ല എന്ന കാരണത്താൽ ലംപ്സം ഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെങ്കിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും ഒരേ

സമയം നൽകുന്നതിനുവേണ്ട നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

### 3.1.8 ഹർജിക്കാരിക്ക് ഹയർ ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്തത് സംബന്ധിച്ച്

1960–ൽ ട്രേസറായി ജോലിയിൽ പ്രവേശിക്കുകയും 1962–ൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനാകുകയും 1980–ൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനാവുകയും 28.02.1993–ൽ വിരമിക്കുകയും ചെയ്ത ഹർജിക്കാരിക്ക്
(ശ്രീമതി. എ.വി.എലിസബത്ത്, ബേബി കോട്ടേജ്, സീ വ്യൂ വാർഡ്, ബസാർ പി.ഒ., ആലപ്പുഴ – 12.) സമയബന്ധിത ഹയർ ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ, ആയത് ലഭിക്കുന്നതിനുവേണ്ട നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്നാണ് ഹർജിയിൽ(എം.സി.ഒ.പി. നം. 27/2021) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷിയായ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ദക്ഷിണമേഖലാ ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും ഹർജിയിലെ പ്രസ്താവനകളും വിശദമായി പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരിയുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ എതൃകക്ഷി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.9 ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് കേസ് അന്വേഷിപ്പിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരിയുടെ(ശ്രീമതി. സിനി സാബു, പാലയ്ക്കൽ വീട്, പാമ്പുപാറ പി.ഒ., സുൽത്താൻകട, ഇടുക്കി ജില്ല – 685551.) വസ്തുവിലൂടെ എതൃകക്ഷികൾ വഴി നടക്കാൻ ശ്രമിക്കുന്നത് തടഞ്ഞ ടിയാൾക്കും ടിയാളുടെ കുടുംബത്തിനുമെതിരെ അപവാദപ്രചരണം നടത്തിയും കൃഷി നശിപ്പിച്ചും അസഭ്യം പറഞ്ഞും മദ്യക്കുപ്പികൾ, കീടനാശിനി, ഭക്ഷണം എന്നിവയുടെ വേസ്റ്റുകൾ ഇട്ടും ഭീഷണിപ്പെടുത്തിയും 1 മുതൽ 5 വരെയുള്ള എതൃകക്ഷികൾ ഉപദ്രവിക്കുന്നുവെന്നും ഹർജിക്കാരിയുടെ കുടുംബാംഗങ്ങളെ വധിക്കാൻ ശ്രമിക്കുന്നുവെന്നും ടി വിഷയം സംബന്ധിച്ച് പോലീസിൽ നൽകിയ പരാതികളിലെല്ലാം എതൃകക്ഷികൾക്ക് അനുകൂലമായ നിലപാടാണ് പോലീസ് സ്വീകരിച്ചതെന്നും പരാതി പരിഹരിക്കുവാൻ നടപടികളൊന്നും എടുത്തില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് പ്രശ്നപരിഹാരം നേടിത്തരണമെന്നുമാണ് ഹർജിയിൽ(എം.സി.ഒ.പി.നം.72/2020) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷികളുടെ ആക്ഷേപങ്ങളും ഇടുക്കി ജില്ലാ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിലെ ആരോപണങ്ങളെപ്പറ്റി ഇടുക്കി ജില്ലയ്ക്ക് പുറത്തുള്ള എസ്.പി. റാങ്കിലുള്ള ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തി മൂന്നുമാസത്തിനുള്ളിൽ വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സംസ്ഥാന പോലീസ് മേധാവി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

### 3.1.10 ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുന്നത് സംബന്ധിച്ച്

റേഷൻ കാർഡ് ക്യാൻസൽ ചെയ്തതിനാൽ സർക്കാർ നൽകിയ റേഷൻ കിറ്റ് ലഭിച്ചില്ലായെന്നും ആയതിനാൽ അടിയന്തിരമായി ഹർജിക്കാരന്റെ(ശ്രീ.കെ.എം.ജോർജ്, കമ്പകത്തുങ്കൽ വീട്, കുളമാവ് പി.ഒ., ഇടുക്കി ജില്ല) റേഷൻ കാർഡ് പുനഃസ്ഥാപിച്ചു നൽകണമെന്നും സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ചതിനും 15 ദിവസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുക്കണമെന്നുള്ള നിയമം ലംഘിച്ചതിനും കളവായി റിപ്പോർട്ട് തയ്യാറാക്കിയതിനും അപ്രകാരം ഹർജിക്കാരന്റെ അവകാശങ്ങൾ മനഃപൂർവ്വം നഷ്ടപ്പെടുവാൻ ഉത്തരവാദികളായ അറക്കുളം പഞ്ചായത്ത് സെക്രട്ടറിക്കും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും എതിരെ നടപടി എടുക്കണമെന്നതുമാണ് ഹർജിയിലെ(എം.സി.ഒ.പി. നം. 73/2020) ആവശ്യം. ഹർജിക്കാരൻ പരാതിയിൽ പരാമർശിച്ചിരിക്കുന്ന എതൃകക്ഷികളായ അറക്കുളം പഞ്ചായത്ത് സെക്രട്ടറിക്കും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും ടി പരാതിയിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങളെ സംബന്ധിച്ച് ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നോട്ടീസ് അയച്ചിരുന്നുവെങ്കിലും നോട്ടീസിനോട് പ്രതികരിക്കേണ്ടതില്ല എന്ന ടി എതൃകക്ഷികളുടെ തീരുമാനം തന്നെ

എതൃകക്ഷികൾക്കെതിരെ പരാതിക്കാരൻ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വെളിവാക്കുന്നതാണെന്ന് നിരീക്ഷിച്ച കമ്മീഷൻ, ഹർജിക്കാരൻ പരാതിയിൽ ആരോപിക്കുംപ്രകാരം ടി ഉദ്യോഗസ്ഥരുടെ ഭാഗത്ത് കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് അന്വേഷിച്ച് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവായി.

### 3.1.11 ഹർജിക്കാരിക്ക് പി.എസ്.സി. നിയമനം നൽകുന്നത് സംബന്ധിച്ച്

റാങ്ക്ലിസ്റ്റ് നിയമനസംവരണ ക്രമമനുസരിച്ച് അടുത്തതായി നിയമനം ലഭിക്കേണ്ടത് ഹർജിക്കാരിക്കാണെന്നും(ഡോ. ഷൽമിയ കെ.ഐ, കറുകപ്പാടത്ത് ഹൗസ്, പുത്തോൾ പി.ഒ, തൃശ്ശൂർ – 680 004) എന്നാൽ പ്രസ്തുത ഒഴിവ് അംഗപരിമിതർ ആരും തന്നെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ലെന്നും ആരോഗ്യവകുപ്പിൽ ഇത്തരം അവശ്യമായ തസ്തികകൾ അനിശ്ചിത കാലത്തേക്കു മാറ്റിവയ്ക്കേണ്ടതില്ലെന്നും ജനറൽ കാറ്റഗറിയിൽ നിന്നും ആ ഒഴിവിലേക്ക് പരിഗണിക്കണമെന്നും ആരോഗ്യവകുപ്പിൽ നിന്നും പി.എസ്.സിയിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും അനുകൂല വിധി ലഭിച്ച് രണ്ട് മാസം കഴിഞ്ഞിട്ടും ഈ വിഷയത്തിൽ ഒരു തീർപ്പ് ഉണ്ടായിട്ടില്ലെന്നും അംഗപരിമിതർ ആരും ലിസ്റ്റിൽ ഇല്ലാത്തതിനാൽ ഹർജിക്കാരിയെ പ്രസ്തുത ഒഴിവിലേക്ക് പരിഗണിച്ച് നിയമനം ലഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ പി.എസ്.സി യോടും ഗവൺമെന്റിനോടും നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി (എം.സി.ഒ.പി. നം.45/2020 & 103/2020) ബോധിപ്പിച്ചിട്ടുള്ളത്. എതൃകക്ഷികൾ സമർപ്പിച്ച റിപ്പോർട്ടുകളും ഹർജിയും വിശദമായി പരിശോധിച്ച കമ്മീഷൻ, കേരള സർക്കാർ സാമൂഹ്യനീതി (ഡി) വകുപ്പ് സ.ഉ (സാധാ)നം.367/2020/സാ.നീ.വ തീയതി, തിരുവനന്തപുരം 07/08/2020 ലെ സംഗ്രഹം അനുസരിച്ച് പി.എസ്.സി യുടെ റാങ്ക് ലിസ്റ്റ് നമ്പർ 946/17/ടടകഡ അസിസ്റ്റന്റ് പ്രൊഫസർ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗം തസ്തികിയിലേക്ക് ഹർജിക്കാരിക്ക് നിയമനം നൽകുന്നതിനുവേണ്ട നടപടികൾ എത്രയുംവേഗം എടുക്കണമെന്ന് പി.എസ്.സിയോട് ശുപാർശ ചെയ്ത് ഉത്തരവായി.

### 3.1.12 ഹർജിക്കാരിക്ക് ലൈഫ്മിഷനിൽ നിന്ന് സ്വന്തമായി വീടും സ്ഥലവും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

വിവാഹമോചിതയായ, ഓട്ടിസം ബാധിച്ച പത്തുവയസ്സുള്ള ഒരുകുഞ്ഞിന്റെ അമ്മയായ സബിത പി.എസ് (ഉ/ീ സെയ്തു മുഹമ്മദ് പൊന്തേലവളപ്പിൽ വീട് പി.ഒ കാറളം, തൃശൂർ– 680 711) സമർപ്പിച്ച ഹർജിയിന്മേൽ, ബി.പി.എൽ. കുടുംബമായ ടിയാരിക്ക് സ്വന്തമായി വീടോ സ്ഥലമോ വരുമാനമാർഗ്ഗമോ ഇല്ലെന്നും ഓട്ടിസം ബാധിച്ച മകനെ തനിച്ചാക്കി ജോലിക്ക് പോകാൻ സാധിക്കുന്നില്ലെന്നും മകനെ നോക്കുന്നതിനോ സംരക്ഷിക്കുന്നതിനോ ആരുമില്ലെന്നും പ്രായമായ പിതാവിന്റെ കൂടെയാണ് ഇപ്പോൾ ഹർജിക്കാരി താമസിക്കുന്നതെന്നും നിരാലംബയായ ഭവനരഹിതയായ ഹർജിക്കാരിക്ക് സ്വന്തമായി ഒരു സ്ഥലവും വീടും ലഭിക്കുന്നതിനുള്ള സഹായം തേടിയാണ് കമ്മീഷൻ മുമ്പാകെ ഹർജി(എം.സി.ഒ.പി. നം.250/2019) സമർപ്പിച്ചത്. ഹർജിയിന്മേൽ എതൃകക്ഷികളായ തൃശൂർ ജില്ലാ കളക്ടർ, ലൈഫ് മിഷൻ ജില്ലാ കോ ഓർഡിനേറ്റർ, കാറളം വില്ലേജ് ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരിയുടെ സവിശേഷമായ ദയനീയമായ അവസ്ഥ കണക്കിലെടുത്ത് അനുകമ്പാപൂർവ്വമായ സമീപനം കൈക്കൊണ്ട് ഹർജിക്കാരിയെ എത്രയും വേഗം ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

### 3.1.13 ഹർജിക്കാരന്റെ മകൾക്ക് ക്രിസ്ത്യൻ ലാറ്റിൻ കാത്തലിക് എന്ന സമുദായത്തിലെ അംഗമാണെന്ന ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നത് സംബന്ധിച്ച്

പുനലൂർ താലൂക്കിൽ പുനലൂർ മുനിസിപ്പാലിറ്റി കലങ്ങുംമുകൾ വാർഡിൽ അനിൽഭവനിൽ താമസിക്കുന്ന കെ.ആർ.റാഫേലിന്റെയും ലീലാമ്മ റാഫേലിന്റെയും മകൻ ജാക്സൺ സമർപ്പിച്ച ഹർജിയിന്മേൽ, ടിയാനെ സ്കൂളിൽ ചേർക്കുന്ന സമയത്ത് അബദ്ധവശാൽ ജാതികോളത്തിൽ റോമൻ കാത്തലിക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ മകളുടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ലാറ്റിൻ കാത്തലിക് എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരന്റെ മകൾക്ക് ജോലിസംബന്ധമായ സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വില്ലേജ് ഓഫീസിൽ സമീപിച്ചപ്പോൾ 2017–ൽ ലാറ്റിൻ സമുദായം എന്ന ജാതിസർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ ജാതിസർട്ടിഫിക്കറ്റിന് വില്ലേജ് ഓഫീസറെ സമീപിച്ചപ്പോൾ ഹർജിക്കാരന്റെ എസ്.എസ്.

എൽ.സി. ബുക്കിൽ റോമൻ കത്തോലിക്ക എന്ന് രേഖപ്പെടുത്തിയതു കാരണം മകൾകൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചുവെന്നും അതുമൂലം മകൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ജോലിയും നിഷേധിച്ചുവെന്നും ആയതിനാൽ കമ്മീഷൻ പ്രശ്നത്തിലിടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള ഹർജിക്കാരന്റെ അപേക്ഷയിന്മേൽ (എം.സി.ഒ.പി. നം.283/2020) എതൃകക്ഷികളുടെ റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരന്റെ മകൾക്ക് ക്രിസ്ത്യൻ ലാറ്റിൻ കാത്തലിക് എന്ന സമുദായത്തിലെ അംഗമാണെന്ന ജാതി സർട്ടിഫിക്കറ്റ് 15 ദിവസത്തിനകം നൽകണമെന്ന് നിർദ്ദേശിച്ചു ഉത്തരവായി.

### 3.1.14 മഹല്ല് കമ്മിറ്റിക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

കണ്ണൂർ ജില്ല എടയന്നൂർ ജംഇയ്യത്തുൽ ഇസ്ലാം സഭ എന്ന പേരിൽ രജിസ്റ്റർ ചെയ്ത എടയന്നൂർ മഹല്ല് കമ്മിറ്റി നിവാസികളായ അബ്ദുൾ ജബ്ബാർ തുടങ്ങി 19 പേർ സമർപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.നം.61/2019), ഹർജിക്കാരൻ അംഗമായ എടയന്നൂർ മഹല്ല് കമ്മിറ്റിക്ക് ഒരു ബൈലോ നിലവിലുള്ളതും അതിൻപ്രകാരമാണ് പള്ളിയും അതിനുകീഴിലുള്ള മദ്രസയും സ്കൂളും മറ്റ് സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നതെന്നും എന്നാൽ മഹല്ല് കമ്മിറ്റി നിയമപ്രകാരം ഇതുവരേയും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും കാലാവധി കഴിഞ്ഞിട്ടും മഹല്ല് കമ്മിറ്റി നിയമവിരുദ്ധമായി തുടരുന്നുവെന്നും മഹല്ലിന്റെ വസ്തുവകകളും സംവിധാനങ്ങളും ദുരുപയോഗം ചെയ്യുന്നുവെന്നും ആയതിനാൽ കാലാവധി കഴിഞ്ഞ ഭരണസമിതി പിരിച്ചുവിട്ട് പുതിയ ഭരണസമിതിയെ ബൈലോ പ്രകാരം തെരഞ്ഞെടുക്കണമെന്നും വരവുചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകണമെന്നും മഹല്ല് സംവിധാനത്തെ ദുരുപയോഗം ചെയ്യുന്നതിൽ നിന്നും വിലക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. വഖഫ് ബോർഡ് കണ്ണൂർ ജില്ലാ ഇൻസ്പെക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കമ്മീഷൻ, വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എത്രയും വേഗം വഖഫ് ബോർഡ് നിയമങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന എടയന്നൂർ മഹല്ല് ജമാഅത്ത് കമ്മിറ്റിക്കെതിരെ നടപടി എടുക്കണമെന്നും പ്രസ്തുത സ്ഥാപനം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനും ഇതുവരെ വരവുചെലവ് കണക്കുകൾ ബോധിപ്പിക്കാതിരുന്നതിനും ബൈലോയ്ക്ക് വിരുദ്ധമായി മഹല്ല് കമ്മിറ്റി പ്രവർത്തിക്കുന്ന കാര്യത്തിലും ആവശ്യമായ നിയമനടപടികൾ എടുക്കണമെന്ന് വഖഫ് ബോർഡ് സെക്രട്ടറിയോടും ശിപാർശ ചെയ്ത് ഉത്തരവായി.

### 3.1.15 കാസർഗോഡ് ജില്ലയ്ക്ക് പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് സംബന്ധിച്ച്

അബ്ദുള്ള കുഞ്ഞി @ റസ്സാക്ക്, s/o ബഡുവൻ കുഞ്ഞി, ബജവീട്, വിദ്യാഗിരി, പെരഡാല പോസ്റ്റ്, കാസർഗോഡ്– 671 551 സമർപ്പിച്ച ഹർജിയിൽ (എം.സി.ഒ.പി. നം. 229/2019), ടിയാനെ അകാരണമായി ബദിയടുക്ക എസ്.ഐ. ബിജിത്ത് ക്രൂരമായി മർദ്ദിച്ചെന്നും ടി പോലീസ് ഇൻസ്പെക്ടർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

എതൃകക്ഷിയായ ജില്ലാ പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരന്റെ പരാതിയെക്കുറിച്ച് ഉത്തരമേഖലാ ഐ.ജി. കാസർഗോഡ് ജില്ലയ്ക്ക് പുറത്തുള്ള ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായി അന്വേഷിപ്പിച്ച് രണ്ടുമാസത്തിനുള്ളിൽ കമ്മീഷൻ മുമ്പാകെ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായി.